REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

15th Makarom 1110

# ചിത്രവാരിക

28th January 1935




അറേബ്യായിലെ ഒരു ഷേയ്ക്ക് (പ്രട്ട)

VOL. VII. NO. 21

Price As. 2. വില ൨ ണ

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആറുകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂൎണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാൎജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| ദോഷനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീൎത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീൎത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനൎജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമൎശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരിക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദൎയ്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവൎണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | 0 |
| 111-ആട്ടക്കഥകൾ സാധാരണ ബയന്റ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭൎത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജൂഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കൎണ്ണഭൂഷണം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവൎണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ മകരം ൧൭-ാംനു- തിങ്കളാഴ്ച. | ലക്കം ൨൧.


## ലൂപ് വേലെസ്



ആദ്യകാലത്തു മെക്സിക്കോയിലെ ഒരു വ്യാപാരസ്ഥലത്തു പരിചാരികയായി ജോലിചെയ്തുവന്ന ഗൗഡാലൂപ് വേലെസു സിനിമാനടിയായി രംഗപ്രവേശം ചെയ്തു പടിപടിയായി ഒരു താരപദവിയിലേക്കുയൎന്നിരിക്കുന്നു.

# ഗീതയിലെ കൊല.

പി. ദാമോദരൻപിള്ള ബി. എ.

പ്രിയതരവും, എന്നാൽ സാദ്ധ്യതാപരിധിക്കതീതവുംആയ ഒരു വിഷയത്തിലേക്കാണ് ഞാൻ ഇപ്പോൾ പ്രവേശിക്കുന്നതെന്ന് ആദ്യംതന്നെ പറയാതെ നിവൃത്തിയില്ല. ഗീതയിലെ ഓരോ അക്ഷരത്തെപ്പററിയും എത്രയോ മഹാന്മാർ പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. എന്നിട്ടും വെറും അല്പജ്ഞനായ ഞാൻ അതിൽ കൈവയ്ക്കാൻ ഭാവിക്കുന്നതിനു ഒരു സമാധാനമില്ലാതില്ല. ഗീതയുടെ മഹത്വം അത്രമാത്രം അപരിമേയമാണ്. ആക്കും കുറെയൊക്കെ പറയാനുള്ള കരുക്കൾ അതിൽനിന്നു കിട്ടാതിരിക്കയില്ല. അവരവരുടെ പാത്രത്തിൽ കൊള്ളുന്നിടത്തോളം ആ ദുഗ്ധപാരാവാരത്തിൽനിന്നും എല്ലാവർക്കും കിട്ടുന്നതാണ്. എന്നാലും അതിനു ഒരു കുറവും വരുന്നതുമല്ല. ആ സ്ഥിതിക്കു ഗീതയെപ്പററി ആരുതന്നെ പറഞ്ഞാലും ഒരു തകരാറും വരാനില്ല എന്നുള്ളതാണ് എന്റെ സമാധാനം.

ബുദ്ധൻ, ക്രിസ്തു, മഹമ്മദ് എന്നിവർ അഹിംസയും, സമാധാനവുംമററുമാണ് പഠിപ്പിച്ചതു്. അവരെല്ലാവരും ദയാശീലന്മാരായിരുന്നു മഹാത്മജിയും അഹിംസയെ അതിന്റെ ഏററവും വ്യാപകമായ അത്ഥത്തിൽ ഉപദേശിക്കുന്നു ഈ അവസ്ഥയിൽ ഗീതയിൽ അവതാരപുരുഷനെന്നു വിശ്വസിക്കപ്പെടുന്ന കൃഷ്ണൻ എന്തിനു് യുദ്ധം ഉപദേശിച്ചു എന്നൊരുചോദ്യം പലരുടേയും മനസ്സിൽ ഉദിച്ചിട്ടുള്ളതാണ്. ദൈവം കലഹത്തിനുവേണ്ടി ഉപദേശിക്കുന്നതു് നീതിയോ? അഥവാ ഒരു കായികസമരമല്ല ഗീതയിൽ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽതന്നെയും, ആ സമരത്തെ എന്തിനു് ഉദാഹരണമായി ഗീതാകത്താവു് സ്വീകരിച്ചു? മനുഷ്യന്റെ ധമ്മകമ്മക്ഷേത്രമായ ശരീരത്തിൽതന്നെ അവന്റെ സദ്വാസനകളും, ദുർവ്വാസനകളുംതമ്മിൽ നടത്തുന്ന ഒരു യുദ്ധത്തെ വണ്ണിക്കാൻ ഒരു കായികസമരത്തോടു അതിനെ ഉപമിക്കേണ്ടതുണ്ടോ? ഇങ്ങനെയൊരു സംശയം പ്രകടിപ്പിച്ചു മഹാൻ മഹാത്മാഗാന്ധിതന്നെയാണെന്നുള്ളതിനാൽ അതിന്റെ ഗൗരവം ബഹുഗുണം വദ്ധിക്കുന്നു. ഗീതയുടെ ഫലമായുണ്ടായ കൊലയാണ് ഈ സംശയങ്ങൾക്കെല്ലാം കാരണം. മതസ്ഥാപകന്മാരാരും കൊലയെ അനുകൂലിക്കുന്നില്ലെന്നുള്ളതു് ഗീതയും അതു് ഉപദേശിച്ചയാളിനും ഭ്രഷ്ട്കല്പിക്കാനിടം നൽകുകയും ചെയ്തു.

മഹാത്മജിയുടെ സംശയത്തിനു ഒരു മറുചോദ്യംകൊണ്ടു് എളുപ്പം സമാധാനം പറയാം. അഹിംസയെ ബുദ്ധമതക്കാർ ഏറെക്കുറെ പരിമിതമാക്കിയാണ് വ്യാഖ്യാനിക്കുന്നതു് ഒരുവൻ ബലഹീനനായ മറെറാരുവനെ ഉപദ്രവിക്കുന്നതുകണ്ടുകൊണ്ടു നിൽക്കാൻ ബുദ്ധമതത്തിലെ അഹിംസ ആജ്ഞാപിക്കുന്നില്ല. അവരുടെ വ്യാഖ്യാനപ്രകാരം ദുർബലനെ ശക്തനിൽനിന്നു് രക്ഷിക്കാതിരിക്കുന്നതാണ് ഹിംസ. തന്നിമിത്തം ശക്തന്റെ ഉപദ്രവത്തെ തടയേണ്ടതു് കണ്ടുനിൽക്കുന്ന അഹിംസാവ്രതക്കാരന്റെ ധർമ്മമാണെന്നു നിർദ്ധേശിക്കുന്നു. എന്നാൽ മഹാത്മജയുടെ അഹിംസ അതിലേറെ കക്കശമാണെന്നു തോന്നുന്നു. ഒരു പശുക്കുട്ടിയെ കൊല്ലാൻ അദ്ദേഹം കാരുണ്യാതിരേകത്താൽ ധൈര്യപ്പെട്ടു എന്നുള്ള കാര്യം ഞാൻ ഇവിടെ വിസ്തരിക്കുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ഓരോവാക്കും അത്യന്തം വ്യാപകമായ അഹിംസയെ എപ്പോഴും പിൻതാങ്ങുന്നതായി തോന്നാതിരിക്കുന്നില്ല. എന്നിട്ടും കാൺഗ്രസ്സിന്റെ സത്യാഗ്രഹത്തെ ഒരു സമരമായിട്ടും, അവരുടെ കാര്യാലോചനാസഭകളെ യുദ്ധകാര്യസംഘങ്ങളായിട്ടും രൂപണം ചെയ്തുകാണുണ്ടായതു്. സത്യാഗ്രഹത്തെ ഗവർമ്മെണ്ടിനോടുള്ള യുദ്ധമായിട്ടാണ് എല്ലാവരുംവണ്ണിക്കുന്നതു്. അതിനെ മഹാത്മജി തടഞ്ഞിട്ടുമില്ല. ആ സ്ഥിതിക്കു ഗീതയിലെ ആത്മീയസമരത്തെ കായികസമരത്തോടു് ഉപമിച്ചതിൽ എന്താണ് തരക്കേട്‌?

ഗീതയിൽ ഉപദേശിക്കുന്നതു് യുദ്ധമോ, കൊലയൊ, അല്ലെന്നും, അജ്ജുനൻ കത്തവ്യം അനുഷ്ഠിക്കണമെന്നുള്ളതാണ് അതിന്റെ ഉദ്ദേശമെന്നും കാണ്മാനുണ്ടു്. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ, അജ്ജുനന്റെ കത്തവ്യം യുദ്ധമല്ലായിരുന്നു എങ്കിൽ, ശ്രീകൃഷ്ണൻ നിശ്ചയമായും യുദ്ധംചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയില്ലായിരുന്നു. ക്ഷത്രിയനായ അർജ്ജുനന്റെ കത്തവ്യം യുദ്ധമായിപ്പോയതുകൊണ്ടു ശ്രീകൃഷ്ണൻ അതുതന്നെ ഉപദേശിച്ചു യുദ്ധത്തിനുപകരം സംഗീതമായിരുന്നു കത്തവ്യമെങ്കിൽ, പാടാനായിരിക്കും ഭഗവാൻ ഉപദേശിക്കുന്നതു്. ഈ അവസ്ഥയിൽ യുദ്ധമോ പാട്ടോ, കൃത്തോ, എന്നുള്ളതല്ല ചോദ്യം; നേരേമറിച്ചു കത്തവ്യമനുഷ്ഠിക്കുന്നോ ഇല്ലയോ എന്നുള്ളതുമാത്രമാണെന്നു സ്പഷ്ടമാകുന്നു. ഭടനാണെങ്കിൽ അവന്റെ കത്തവ്യം ശത്രുവിനെ വെട്ടുക എന്നുള്ളതാണ്". വൈദ്യനാണെങ്കിൽ ശത്രുവെന്നോ, മിത്രമെന്നോ നോക്കാതെ വെട്ടേററവനെ ശുശ്രൂഷിക്കുക എന്നുള്ളതുമാണ്. ലോകത്തിൽ മനുഷ്യൻ കത്തവ്യമല്ലാതെ മറെറാന്നും ചെയ്യേണ്ടതായിട്ടില്ല. ആരാച്ചാർ കൊല്ലണം, വൈദ്യൻ ശുശ്രൂഷിക്കണം, ന്യായാധിപൻ തൂക്കാൻ വിധിക്കണം. ന്യായാധിപൻ അവന്റെ കത്തവ്യാനുഷ്ഠാനത്തിനിടയിൽ തന്റെ ബന്ധുവാണോ തൂങ്ങാൻപോകുന്നതു് എന്നു് ആലോചിച്ചുകൂടാത്തതാകുന്നു. കൊലപാതകിയാണ് അച്ഛനെങ്കിൽ ന്യായാധിപനായ പുത്രൻ ആ പിതാവിനെ തൂക്കാൻ വിധിക്കുകതന്നെവേണം. ഇതാണ് ഗീതോപദേശം. ബന്ധുമിത്രാദികളാണെന്നുവച്ചു് കൊല്ലാൻ മടിക്കരുതെന്നാണ് അജ്ജുനനോടെന്നപോലെ ന്യായാധിപനോടും ഗീത ഉൽബോധിപ്പിക്കുന്നതു്. ഈ കൊല അന്യായമോ? അഥവാ, അതു് കൊലയോ, കത്തവ്യാനുഷ്ഠാനമോ? ഉത്തരം സ്വതഃസ്പഷ്ടമാണല്ലോ.

ദയയെന്നുള്ളതിനെ മതസ്ഥാപകന്മാരെല്ലാം (ശ്രീകൃഷ്ണൻ ഒരു മതസ്ഥാപകനല്ല) ഒരു വലിയ ഗുണമായി കരുതുന്നു. കത്തവ്യത്തെ വിഗണിച്ചും ദയാശീലന്മാരായിരിക്കാൻ അവർ ഉപദേശിക്കുന്നു. പക്ഷെ ദയ, ശോകം, ഭീതി മുതലായ വികാരങ്ങൾ അസ്ഥാനത്തുണ്ടാകുന്നതു് സവ്വസാധാരണമാണ്. നാം ഒരു നോവൽ വായിക്കുന്നു എന്നിരിക്കട്ടെ. അതിൽ നായിക അനേകം അപകടങ്ങളിലകപ്പെട്ടു് ഒടുവിൽ മരിക്കുന്നു എന്നും വിചാരിക്കുക. ഒരു നല്ല നോവലാണെങ്കിൽ, വായനക്കാർ പലരും കരഞ്ഞുപോയെന്നുവരാം. വാസ്തവത്തിൽ അങ്ങനെ സങ്കടപ്പെടുന്നതിനു ആസ്പദമായ ഒരു ജീവിപോലും അവിടെങ്ങുമില്ലതാനും ഉണ്ടെങ്കിൽതന്നെയും നായികയായ ലക്ഷ്മിയോ, പാറുവോ ഒന്നും വായനക്കാരിൽ ആരുടെയും സ്വന്തവുമല്ല. ഇതാണ് ദയാദിവികാരങ്ങളുടെയെല്ലാം അവസ്ഥ എന്തിനു സങ്കടപ്പെടണം? ആക്കുവേണ്ടി സങ്കടപ്പെടണം എന്നൊന്നും ആരുംതന്നെ ആലോചിക്കുന്നില്ല. ചുമ്മാ സങ്കടപ്പെടുന്നു എന്നുമാത്രം. ഇതുകാണുമ്പോൾ സങ്കടപ്പെടുക എന്നതു് ഒരു കത്തവ്യമാണെന്നു തോന്നിപ്പോകും. അറിവില്ലാത്ത കുട്ടികൾ വണ്ടിയുടെപുറകെ ബദ്ധപ്പെട്ടു് ഓടിക്കിതച്ചു നാടകനോട്ടീസുവാങ്ങുന്നതു പലരും കണ്ടിരിക്കും. നാടകനോട്ടീസിന്റെ പരമമായ ഉദ്ദേശത്തെപ്പററി അവർക്കാക്കും ഒരുഗന്ധവുമില്ല. നോട്ടീസുവാങ്ങുക എന്നുള്ളതിൽ കൂടുതലായൊന്നും അവർ സാധിക്കുന്നുമില്ല. അതുപോലെയാണ് നാം സങ്കടപ്പെടുന്നതു എന്നാണു ഗീതപറയുന്നതു്. കത്തവ്യാനുഷ്ഠാനത്തിൽ സങ്കടപ്പെട്ടുകൂടെന്നും, അതുകൊണ്ടു് ഫലമില്ലെന്നും, കത്തവ്യം അറിയാത്ത പാമരന്മാരാണ് നാടകനോട്ടീസുവാങ്ങി ആഹ്ലാദിക്കുന്ന കുട്ടികളെപ്പോലെ ലോകജീവിതത്തിൽ വെറുതെ ദയാദിവികാരങ്ങൾക്കധീനരാകുന്നതെന്നും ഗീത പഠിപ്പിക്കുന്നു. പക്ഷെ മതസ്ഥാപകന്മാക്ക് ഈ പാഠം മനസ്സിലായിട്ടില്ല. ശ്രീകൃഷ്ണനും അവരുംതമ്മിലുള്ള വ്യത്യാസവും അതുതന്നെയാണു.

മതസ്ഥാപകന്മാർ പലരും ഇത്രയേറെ വാഴ്ത്തുന്ന ദയ പലപ്പോഴും മനുഷ്യനെ വഴിപിഴപ്പിക്കുന്നുണ്ടെന്നു മഹാത്മജിയുടെ സാന്നിദ്ധ്യത്തിൽപോലും പറയേണ്ടിയിരിക്കുന്നു. ലോകം എന്നുപറയുന്നതു് മഹാത്മജിയുടെതന്നെഭാഷയിൽ പറയുകയാണെങ്കിൽ ഒരു നിയമമാകുന്നു. മററുമഹാന്മാർ അതിനെ ഒരു വ്യവസ്ഥയെന്നു പറയും. ഗവർമ്മെൻറു ഒരു വ്യവസ്ഥയാണല്ലോ. അതിൽ കൊലയ്ക്കും, ശിക്ഷയ്ക്കും സ്ഥാനമില്ലാതില്ല എന്നു് ആരോടും പ്രത്യേ-

കിച്ചു പറയേണ്ടതായിട്ടില്ല. ലോകം, അഥവാ, പ്രപഞ്ചം എന്നു പറയപ്പെടുന്ന മഹാവ്യവസ്ഥയിൽ കൊലയും, ശിക്ഷകളും വമ്പിച്ചതോതിൽ നടക്കുന്നു. ഈവകദോഷങ്ങൾ പ്രപഞ്ചവ്യവസ്ഥയിലോ, അതിൻെറ നിയമത്തിലോ ഉൾപ്പെട്ടതല്ലെന്നു മഹാത്മജിപോലുംപറയുകയില്ല. മനുഷ്യനും, പ്രപഞ്ചത്തിലും തദ്വാരാ അതിൻെറ വ്യവസ്ഥയിലും ഉൾപ്പെട്ടവനാകുന്നു. കാററും വെയിലും, വെള്ളവും, ജീവജാലങ്ങളെ നിഷ്കരുണം നിഹനിക്കുന്നു. ജീവികളും ആ നിയമത്തെ പ്രത്യക്ഷരം പരിപാലിക്കുന്നു. പിന്നെങ്ങനെയാണു് മനുഷ്യൻ കൊലയിൽനിന്നൊഴിഞ്ഞുനിൽക്കുന്നതെന്നുഎത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. മനുഷ്യനു കൊല്ലാൻഅധികാരമില്ലെന്നു ഒരു യുക്തിയുണ്ടു്. അങ്ങനെയാണെങ്കിൽ, അവനു് ആതുരശുശ്രൂഷണത്തിനോ, വിജ്ഞാനവിതരണത്തിനോ അധികാരമുണ്ടെന്നു് എങ്ങനെ പറയും? ഇപ്രകാരം നോക്കുമ്പോൾ ആതുരശുശ്രൂഷണത്തിനെന്നപോലെതന്നെ കൊലയ്ക്കും മനുഷ്യൻ അധികാരിയാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. പ്രകൃതിയിലുൾപ്പെട്ട മററുജീവികളെപ്പോലെതന്നെ മനുഷ്യനും പ്രപഞ്ചവ്യവസ്ഥ പരിപാലിക്കാൻ നിർബന്ധിതനാകുന്നു. ആ വ്യവസ്ഥയിൽ മനുഷ്യനു ഒരു സ്ഥാനമുണ്ടു്. ആ സ്ഥാനത്തിനനുസരിച്ചു കർത്തവ്യങ്ങളുമുണ്ടു്. അവയിലൊന്നത്രെ കൊല! പ്രപഞ്ചവ്യവസ്ഥയ്ക്കെതിരായി ശ്രീകൃഷ്ണൻ യാതൊന്നും ഉപദേശിച്ചില്ലെന്നു തന്നെയല്ല, ദയഎന്നമിഥ്യയാൽ വഞ്ചിതനാകാതെ ആ വ്യവസ്ഥാപരിപാലനത്തിനായി "എഴുന്നേൽക്കുക" എന്നു അദ്ദേഹം ഉപദേശിക്കയും ചെയ്യുന്നു. പ്രപഞ്ചവ്യവസ്ഥയാകുന്ന നാടകത്തിൽ ഏതുവേഷംകെട്ടിയൊ, ആ വേഷത്തിനൊത്തു് നടിക്കണമെന്നാണു് ഗീതയുടെ രത്നച്ചുരുക്കം.

എത്രയൊക്കെപറഞ്ഞാലും കൊലയെന്നുകേൾക്കുമ്പോൾ മതസ്ഥാപകന്മാരിൽ പലരും ഞെട്ടിപ്പോകും. നന്മയെന്നും തിന്മയെന്നും, പുണ്യമെന്നും പാപമെന്നും, സുഖമെന്നും ദുഃഖമെന്നും, മററുമുള്ള ദ്വന്ദ്വങ്ങളിൽ ഒരുപക്ഷത്തെമാത്രമെ അവർ സ്വീകരിക്കുന്നുള്ളു കൊല എന്നുള്ളത തിന്മയൊ, പാപമോ ദുഃഖമോആണെന്നു അവരെല്ലാം സമ്മതിക്കും. പക്ഷെ അതുപോലെതന്നെ അതു നന്മയോ, പുണ്യമോ, സുഖമോകൂടിയാണെന്നു പറയുമ്പോൾ അവർ വിരളുകയാണു് ചെയ്യുന്നതു്. ഈ ഭാവവ്യത്യാസത്തിൽ യാതൊരർത്ഥവുമില്ലെന്നു അല്പമാലോചിച്ചാൽ അറിയാം. "ഇടതുവശം പോകണം" എന്നു റോഡിൽ ചിലസ്ഥലത്തൊക്കെ എഴുതിവച്ചിരിക്കുന്നതു കാണാം- അങ്ങനെയൊരുനിയമമിരിക്കനിടത്തു വലതുവശംപോയാൽ കൂട്ടിമുട്ടി അപകടമുണ്ടാകാൻ എളുപ്പമുണ്ടു്. അതിനാൽ അവിടെ വലതുവശംപോകുന്നതു പാപവും, ഇടതുവശംപോകുന്നതു് പുണ്യവും എന്നു വിചാരിക്കാവുന്നതാണു്. മുനിസിപ്പൽഅതിർത്തിയിൽനിന്നു വെളിയിലിറങ്ങിയാൽ ഇടതുവശവും വലതുവശവും എല്ലാം തുല്യംതന്നെ. അവിടെ അങ്ങനെയൊരു ഭേദമേയില്ല. മനുഷ്യൻ ഒരു സമുദായജീവിയായിരിക്കുമ്പോൾ, സത്യമെന്നും അസത്യമെന്നും പുണ്യമെന്നും, പാപമെന്നും ധർമ്മമെന്നും, അധർമ്മമെന്നുംമററും പറയാതെ ഗത്യന്തരമില്ല- സമുദായത്തെ അതിലംഘിക്കാൻ സാധിക്കുന്ന മനുഷ്യനു ഇത്യാദി ദ്വന്ദ്വങ്ങളുടെ അർത്ഥഹീനത മനസ്സിലാകും. സമുദായത്തെ മുകളിൽപറഞ്ഞ മുനിസിപ്പാലിററിയായി സങ്കല്പിച്ചാൽ സത്യാസത്യങ്ങളുടെയും, ധർമ്മാധർമ്മങ്ങളുടേയും പുണ്യപാപങ്ങളുടെയും മററും നിരർത്ഥകത വ്യക്തമാകുന്നതാണു്.

മഹാത്മജിയുടെ സംശയം ഒരു ആത്മീയസമരത്തെ വർണ്ണിക്കാൻ ഒരു പാനിപ്പട്ടുയുദ്ധത്തെ എന്തിനു് നിമിത്തമാക്കി എന്നുള്ളതാണെങ്കിൽ, മുകളിൽപറഞ്ഞതിനെ ഒന്നുകൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു മനുഷ്യൻെറ സമുദായസ്ഥിതികൾതന്നെ പലതും പലതായിരിക്കവെ അവയ്ക്കെല്ലാംകൂടി ഒരു നിയമം ഉണ്ടെന്നു പറയാനില്ല. ഒരേസമുദായസ്ഥിതിയിൽതന്നെ ചിലപ്പോൾ കൊല സാധുവാണെന്നുതന്നെയല്ല പുണ്യവുംകൂടിയാണെന്നു് മഹാത്മജിയുടെ വത്സവധം നല്ലവണ്ണം വ്യക്തമാക്കുന്നുണ്ടു്. പാപപുണ്യാദികളായ ദ്വന്ദ്വങ്ങളും കൊലയും എല്ലാം വെറും ആപേക്ഷികങ്ങളാണെന്നു ശ്രീകൃഷ്ണൻഅറിഞ്ഞിരുന്നെങ്കിലും മഹാത്മജി അറിഞ്ഞിട്ടില്ല എന്നാണു് മുൻചൊന്ന സംശയംകൊണ്ടു ഊഹിക്കേണ്ടതു്. മനുഷ്യൻെറ മനഃസാക്ഷിപോലും ഭിന്നദേശങ്ങളിലും ഭിന്നപരിതസ്ഥിതികളിലും അത്യന്തം ഭിന്നമായിരിക്കുന്നു ആ സ്ഥിതിക്കു കൊല എന്നുള്ളതു് എന്നേക്കും എല്ലാവർക്കും ഒന്നുപോലെ വർജ്ജ്യമാണെന്നു് വിധിക്കുന്ന മതസ്ഥാപകന്മാർ ലോകത്തെ മുഴുവൻ ഒന്നാകെ കാണാതെയാണു് അങ്ങനെ ചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. കൊന്നാലും ജീവിച്ചാലും, തിന്നാലും, മരിച്ചാലും, എന്നല്ല, എന്തുതന്നെയായാലും ഒരു മഹാപ്രപഞ്ചവ്യവസ്ഥ പരിപാലിക്കാനുണ്ടെന്നും, ആ ഉദ്ദേശസിദ്ധിക്കായി പിപീലികമുതൽ ബ്രഹ്മാവുവരെയുള്ള സകല ജീവജാലങ്ങളും ജനിപ്പിക്കയും, മരിപ്പിക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണെന്നുമാണു് പാനിപ്പട്ടുയുദ്ധംപോലുള്ള കുരുക്ഷേത്രയുദ്ധത്തിൽ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നതു്, എന്നു എന്തുകൊണ്ടു വിചാരിച്ചുകൂട? കൊലയെന്നുപറയുന്ന സൃഷ്ട്യാരംഭത്തിനു്, അഥവാ സംഹാരമെന്നുപറയുന്ന സൃഷ്ട്യാരംഭത്തിനു, പ്രകൃതിശക്തികളേയും ഹിംസ്രമൃഗങ്ങളേയും ഉപകരണങ്ങളാക്കുന്ന ആ സർവ്വനിയാമകമായ പ്രപഞ്ചസ്വരൂപത്തിനു, അഥവാ വിശ്വരൂപത്തിനു മനുഷ്യനെ എന്തുകൊണ്ടു ഉപകരണമാക്കിക്കൂടാ? ഗീതാവസാനത്തിലെ വിശ്വരൂപദർശനം എന്തിനെയാണു് കാണിക്കുന്നതു്? ഒരുവശത്തുകൂടി സർവ്വജീവജാലങ്ങളും വെളിയിൽവരുമ്പോൾ, മറുവശത്തുകൂടി അവയെല്ലാം ആ വിശ്വവക്ത്രഗഹ്വരത്തിലെ കരാളദംഷ്ട്രകൾക്കിടയിൽപെട്ടു ഞെരിഞ്ഞു നശിക്കുന്നതായി തോന്നുന്ന ആ സംഹാരത്തിനു "അർജ്ജുനാ, നീയൊരു നിമിത്തമായേക്കുക", എന്നുമാത്രമെ ശ്രീകൃഷ്ണൻ പറയുന്നുള്ളു. ഇത്രമാത്രം സ്ഫടികസ്ഫുടമായ ഒരു സംഗതിയെപ്പററി ആർ എന്തിനുസംശയിക്കുന്നു? കൊലയെന്നുപറയുന്നതു് യഥാർത്ഥത്തിൽ കൊലയല്ലെന്നും, അതൊരു വെറും പാഞ്ചഭൗതികമായ വിഘടനയാണെന്നും മനസ്സിലാക്കിയാൽ, അതേപ്പററി ആരുംതന്നെ ഇത്രവളരെ ക്ലേശിക്കുകയില്ലായിരുന്നു.

മതസ്ഥാപകന്മാർ പ്രായേണ അവർജീവിക്കുന്ന മനുഷ്യസമുദായത്തിൻെറ ഒരംശത്തെമാത്രമാണുകാണുന്നതു്. അതുകൊണ്ടാണു കൊലയെന്നുകേൾക്കുമ്പോൾ അവർ വിറണ്ടുതുടങ്ങുന്നതു്. ലോകത്തെയോ പ്രപഞ്ചത്തെയൊ ആകെക്കൂടി ഒന്നായികാണുവാനുള്ള ക്രാന്തദർശനം അവർക്കില്ലാതെപോയതാണത്രേ ഗീതാകർത്താവിൻെറകുററം അവരുടെ അനുയായികൾ ഓരോരുത്തരും സ്വമതസ്ഥാപകൻെറ അജ്ഞതയെ മാനദണ്ഡമാക്കിക്കൊണ്ടു, സത്യാസത്യങ്ങൾക്കും, പുണ്യപാപങ്ങൾക്കും, ധർമ്മാധർമ്മങ്ങൾക്കും, അതീതനായിരുന്ന ശ്രീകൃഷ്ണനെ അളക്കാൻഭാവിക്കുന്നു! കള്ളംപറയരുതു് ദ്രോഹിക്കരുതു്, വ്യഭിചരിക്കരുതു എന്നൊക്കെയുള്ള സന്മാർഗ്ഗപാഠങ്ങൾ പഠിപ്പിക്കാൻ സമുദായജീവിതംതന്നെഉണ്ടെങ്കിലും, മതസ്ഥാപകന്മാർക്കു അവയെ ഉരുവിടാൻമാത്രമെ അറിവുണ്ടായിരുന്നുള്ളു. കള്ളം പറയുക, ദ്രോഹിക്കുക മുതലായവ പാടില്ലെന്നു തടയാൻ ഗവർമ്മെണ്ടുകളും, കുട്ടികളുടെകാപ്പിപ്പുസ്തകങ്ങളും ഹിതോപദേശകഥകളും ധാരാളമുള്ളപ്പോൾ അവയ്ക്കു ഉരുക്കഴിക്കുന്ന മതസ്ഥാപകന്മാരുടെ ആവശ്യകത എന്തെന്നറിയുന്നില്ല. ഈ വാസ്തവം മനസ്സിലാക്കിയിരുന്ന ഭാരതത്തിനു ബുദ്ധനെപ്പോലെ ഒരു മതസ്ഥാപകൻെറ ആവശ്യമില്ലായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിൻെറമതം ഇന്ത്യയിൽനിന്നു നിഷ്കാസിതമായി. പക്ഷെ ലോകത്തിനു ബുദ്ധനെപ്പോലെ ഒരാളിനെ ദാനംചെയ്യാൻ ഇന്ത്യക്കുമാത്രമേ കഴിവുണ്ടായിരുന്നുള്ളു. അതുകൊണ്ടു അദ്ദേഹം ഇന്ത്യയിൽ ജനിച്ചു എന്നുമാത്രം. ഇന്ത്യയിൽനിന്നു ആ മതം ലോകത്തിൽ പടർന്നുപിടിച്ചുകഴിഞ്ഞപ്പോൾ ഇവിടെ അതിൻെറ ജന്മസാഫല്യം വരുകയും അതോടെ അതു നശിക്കയുംചെയ്തു. ബുദ്ധമതത്തിൻെറ ജീവിതചരിത്രത്തിൽനിന്നു ഇതാണു് ഒരുവൻ ന്യായമായി മനസ്സിലാക്കാനുള്ളതു്.

ഗീത ഉപദേശിച്ചതു ശ്രീകൃഷ്ണൻതന്നെയോ, അതു പ്രക്ഷിപ്തമാണോ, എന്നൊന്നും ഞാൻ ഇവിടെ ആലോചിക്കുന്നില്ല. എങ്കിലും ഒരു ശ്രീകൃഷ്ണനു മാത്രമെ ഗീത ഉപദേശിക്കാൻ സാധിക്കയുള്ളു എന്നുള്ളതിൽ സംശയമൊന്നുമില്ലെന്നു് പറയേണ്ടിയിരിക്കുന്നു. തൻെറ വമ്പിച്ച പടയെ നിർദ്ദയമായി അരിഞ്ഞുവീഴ്ത്തുന്നതിനുവേണ്ടി അർജ്ജുനൻെറ തേർ തെളിക്കാനാകട്ടെ, സകല ഭാജനങ്ങളും മരിക്കുമ്പോഴും നിർവികാരനായി നിൽക്കാനാകട്ടെ, മൂന്നുപന്തിരാണ്ടു ചെല്ലുമ്പോൾ തൻെറ വംശം മുഴുവൻ നശിക്കുമെന്നുള്ള ശാപം കേൾക്കുമ്പോഴും മന്ദഹസിക്കാനാകട്ടെ, മടിയില്ലാത്ത ഒരു നിർലേപനു മാത്രമെ ഗീത ഉപദേശിക്കാൻ അധികാരവും, ത്രാണിയും ഉള്ളു. കൊലയെന്നു കേൾക്കുമ്പോൾ ഞെട്ടുന്നവരും, ദയയെന്നു കേൾക്കുമ്പോൾ അലിയുന്നവരും ഗീത പഠിക്കാൻ പിന്നെയും പല ജന്മങ്ങൾ കഴി

യേണ്ടിയിരിക്കുന്നു. എന്നിട്ടും ചില ആദ്ധ്യസ്ഥവിദ്യരായ ചിന്തകന്മാർ പോലും ശ്രീകൃഷ്ണനേക്കാൾ മാഹാത്മ്യമേറിയവനാണ് ഗാന്ധിജിയെന്നു പറയുന്നു. ഇതു കേൾക്കുമ്പോൾ മററുള്ളവർ ചിരിച്ചുപോകുന്നെങ്കിൽ അവരോടു പരിഭവിക്കാനൊന്നുമില്ല. ഒരുപക്ഷെ മോട്ടിലാൽ മുതലായ മഹാരഥന്മാരുടെ ചരമത്തെ വികാരരഹിതനായി കണ്ട മഹാത്മജി ഗീതാതത്വം പഠിക്കാൻ പരമയോഗ്യനാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ അതിൽ കൂടുതലായൊരു മാഹാത്മ്യം അദ്ദേഹത്തിനുണ്ടെന്നു വിചാരിക്കുന്നതു അനുഭവവിരുദ്ധമായിരിക്കും. യാതൊരു സ്വാർത്ഥലാഭവും ഉദ്ദേശിക്കാതെ അദ്ദേഹം കർമ്മം ചെയ്യുന്നു എന്നുള്ളതു ഗീതാതത്വമനുസരിച്ചായിരിക്കാം. അങ്ങനെയാണെങ്കിൽ കൊലയെപ്പററി അദ്ദേഹത്തിനു ഏറക്കുറെ പ്രാതികൂല്യമാണുള്ളതെങ്കിലും, ഗീതയെ മാർഗ്ഗദർശിയായി കരുതുന്നതിൽ യാതൊരസാംഗത്യവുമില്ല. എല്ലാവരും എല്ലായ്പോഴും കൊലചെയ്യണമെന്നു ഗീത പറയുന്നില്ലതാനും. ചുരുക്കത്തിൽ സ്വധർമ്മം കൊലയാണെങ്കിൽ ബന്ധുമിത്രാദികളെപ്പോലും വിഗണിച്ചു ആ ധർമ്മം നിർവ്വഹിക്കണമെന്നു മാത്രമെ ഗീത വിവക്ഷിക്കുന്നുള്ളു. ആ നിലയിൽ അതു ഏററവും ശാസ്ത്രീയവും പ്രകൃതനുകൂലവും ആയ കൊലയാണെന്നുള്ളതു തക്കമററസംഗതിയുമാണ്.

---


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡ് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണ്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണ്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ട്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.


---


## അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


# സൌന്ദര്യബോധം.

(പുത്തൂർ അച്യുതമേനോൻ)

അന്നൊരാവിലെ ചെന്നിരുന്നുഞാൻ
സുന്ദരസൂനവാടിയിൽ,

പാതിയോളംവിരിഞ്ഞതാമര-
ത്താരിതൾമിഴിക്കോണിനാൽ,

സാമോദമെന്നെസ്വാഗതംചെയ്തു
തുമചേന്നിട്ടു പൊയ്കകൾ.

മമ്മരസ്വരംപാടിയുംപൂ-
മഞ്ജരികളെചുംബിച്ചും

മന്ദമാരുതപോതംക്രീഡിച്ചു
മന്ദാരത്തോപ്പിലേകനായ്

വാരൊളിക്കുളിർപ്പുഞ്ചിരിതൂകി
ചാരേചാഞ്ചാടുംനന്മലർ,

നുള്ളിയെൻകരപല്ലവപുടം
തന്നിൽവെച്ചുഞാൻപ്രീതനായ്

... ... ...

ചന്തംചേരുമത്താരിനെൻകയ്യാ-
ലന്തംവന്നുഭവിക്കയായ;

ഞെട്ടിലൊന്നിൽലസിച്ചകൂട്ടുകാർ
പുഷ്പസൌരഭ്യംവീശുന്നു.

... ... ...

കാററിൽപാറിപ്പറന്നീടുന്നപൂ-
മ്പാററപോലുമിപൂക്കളെ,

എത്രസ്നേഹിച്ചുചുംബിപ്പൂതളിർ-
മെത്തമേലവചായവ,

മണ്ടിമണ്ടിത്തേനുണ്ടുംമന്ദംമു-
രണ്ടുംപായുന്നവണ്ടുകൾ,

കൊച്ചലർചാർത്തുതൻകുളിർമേനി
എത്രസൂക്ഷിച്ചുപുൽകുന്നു;

മഞ്ഞിൻതൂമണിമാല്യസൂനത്തിൻ
മഞ്ജുളാംഗത്തിൽചാർത്തിച്ചു.

മന്ദഹാസരുചിയിലാറാടി
നിന്നിടുന്നുപുലരിയും

അമ്മലർതോപ്പിലെങ്ങുംസൌന്ദര്യ-
മേന്മതാനല്ലികാൺമുഞാൻ

... ... ...


എത്രപുത്തനലരുകളെയി-
മത്തർനിർദ്ദയംമർദ്ദിപ്പൂ;

എത്രവല്ലിക്കരുന്നുകളവർ
നിത്യംനുള്ളിനശിപ്പിപ്പൂ;

ആസ്വദിച്ചുരസിക്കുവാനീശ-
നാശിപ്പൂനാംനശിപ്പിപ്പൂ;

ശ്രേഷ്ഠസൌന്ദര്യബോധംതെല്ലുമീ-
നിഷ്ഠുരക്കേതുമില്ലെന്നോ?

---

# മിസ്റ്റിസിസം.

പന്തളം കെ. പി. രാമൻപിള്ള ബി. എ.

വ്യംഗ്യവും മിസ്റ്റിസിസവുംതമ്മിലുള്ള സാമ്യവ്യത്യാസങ്ങളെനിർവചിച്ചുകൊണ്ടു കഴിഞ്ഞ ഒരു ചിത്രവാരികയിൽ ഒരു ലേഖനം പ്രസിദ്ധംചെയ്തിരുന്നല്ലോ. ആധുനികസാഹിത്യത്തിൻെറ ഉത്തമാന്തരാളത്തിൽ വ്യാപരിച്ചു ആനന്ദിക്കുന്ന ഒരു ഹൃദയമാണ് പ്രസ്തുത ലേഖനകർത്താവായ മി. വി. കെ. പണിക്കർക്കുള്ളതെന്ന് ആ ലേഖനത്തിൽ അദ്ദേഹം നല്ലപോലെ വെളിപ്പെടുത്തിയിട്ടുണ്ടു്. അല്ലാതെ ഇന്നുകാണുന്ന ഭൂരിപക്ഷം വിമർശകന്മാരെയുംപോലെ'സൂത്ര'ങ്ങളും സൂക്തികളുംചൊല്ലി പുതുമയെ ശപിക്കുകയല്ല അദ്ദേഹം ചെയ്യുന്നതു്. അതിനാൽ അദ്ദേഹത്തിൻെറ അഭിപ്രായഗതിയെ ആദരിക്കുവാൻ എനിക്കു തെല്ലും ആശങ്കക്കവകാശമില്ല. എങ്കിലും മിസ്റ്റിസിസത്തെപ്പററി അദ്ദേഹം പറയുന്ന നിർവചനത്തിൽ എന്തോ ഒരു അപൂർണ്ണതയുണ്ടെന്നു ആ ലേഖനം ശ്രദ്ധിച്ചുവായിക്കുന്നവർക്കു തോന്നാതിരിക്കയില്ല.

മിസ്റ്റിസിസം എന്ന വാക്കിനു ഒരു പ്രത്യേകതയുണ്ടു്. ഇംഗ്ലീഷിലുള്ള മിസ്റ്റ് (Mist) മിസ്റ്റീരിയസ്സ് (Mysterious) എന്നീ വാക്കുകളുമായി അതിനുള്ള ശബ്ദസാമ്യമാണ് ഇതിനു കാരണം. മിസ്റ്റ് എന്നതിനു മൂടൽമഞ്ഞെന്നും മിസ്റ്റീരിയസ്സ് എന്നതിനു മായാമയം അഥവാ നിഗൂഢം എന്നുമാണല്ലോ അർത്ഥം. ഈ വാക്കുകളുമായുള്ള പരിചയംനിമിത്തം മിസ്റ്റിസിസം എന്നുകേൾക്കുമ്പോൾ മൂടൽമഞ്ഞിൻേറയും നിഗൂഢതയുടേയും പ്രതീതിയാണുണ്ടാകാറുള്ളതു്. മിസ്റ്റിക്കുകവിതകൾ വായിക്കുമ്പോഴും ഒരു മൂടൽമഞ്ഞിൻേറയും നിഗൂഢതയുടേയും ഭാവങ്ങളാണ് ആദ്യം അനുഭവപ്പെടുന്നതും. ഈ പ്രത്യേകതയെ അടിസ്ഥാനമാക്കി ചിലർ മിസ്റ്റിസിസത്തിനു "ഗൂഢാർത്ഥകവിത" എന്നു ഭാഷാന്തരവും കല്പിച്ചു.

എന്നാൽ ഈ പരിഭാഷയിൽ ഒരു പ്രമാദമുണ്ടു്. ആ പ്രമാദം അതിൻെറ അർത്ഥനിർവചനത്തിൽ അനല്പമായ തകരാറിനു ഹേതുവാകയും ചെയ്യുന്നുണ്ടു്. മിസ്റ്റിസിസം എന്നുള്ളതു് കവനകലയെസംബന്ധിച്ചിടത്തോളം ഒരു സാങ്കേതികപദമാണ്. അതിൻെറ അർത്ഥം ഇംഗ്ലീഷിൽ ഏററവും വിശദമായിട്ടുള്ളതുമാണ്. A tendency of religious feeling marked by an effort to attain to direct and immediate communion with God എന്നാണ് ഇതിനു നൽകിയിട്ടുള്ള അധികൃതവും അംഗീകൃതവുമായ നിർവചനം. മലയാളത്തിൽ പറയുന്നപക്ഷം "സായൂജ്യസാധകമായ ആധ്യാത്മികചിന്ത" എന്നു് ഇതിനെ നിർവചിക്കാം ഐഹികവും പാരത്രികവുമായുള്ളബന്ധം, മനുഷ്യനും ഈശ്വരനുമായുള്ള ബന്ധം, ജീവാത്മാവും പരമാത്മാവുമായുള്ള ബന്ധം എന്നിത്യാദിവിഷയങ്ങളെപ്പററി പരാമർശിക്കുന്നിടത്താണ് യഥാർത്ഥമിസ്റ്റിസിസം വന്നുകൂടുന്നതു്. ഇന്ദ്രിയാതീതമായ സാങ്കല്പികതത്വങ്ങളായിരിക്കും മിസ്റ്റിക്കുകവിതയിലെ വർണ്ണ്യവസ്തു. ഭാഷാതിവർത്തിയായ ചിത്രങ്ങളായിരിക്കും മിസ്റ്റിക്കുകവികൾക്കു വായനക്കാരൻെറമുമ്പിൽ വരച്ചുകാണിക്കേണ്ടതു്. തന്നിമിത്തം വസ്തുമാത്രകമായ പദാർത്ഥങ്ങളെ പ്രതിനിധീകരിക്കുന്ന സാധാരണഭാഷയിലെ വാക്കുകളിൽ സാങ്കല്പികമായ ഒരർത്ഥം സന്ദർഭപുഷ്ടിനിമിത്തം സന്നിവേശിപ്പിക്കാൻ മിസ്റ്റിക്കുസാഹിത്യകാരന്മാർ നിർബന്ധിതരാകുന്നു. കവിയുടെ ഈ പ്രയത്നം സഫലമായെങ്കിൽ ആ കവിതയിലെ ഓരോവാക്കിൻേറയും പിന്നിൽ അതു പ്രയോഗപ്പെട്ടിരിക്കുന്ന സന്ദർഭത്തിൻെറ സൂചനനിമിത്തം ഓരോ സാങ്കല്പികചിത്രങ്ങൾ തെളിഞ്ഞുനില്ക്കുന്നതു കാണാൻ കഴിയും. എന്നാൽ ഇതേവാക്കുകൾതന്നെ മിസ്റ്റിക്കുരീതിയിലല്ലാതുള്ള ഒരു കവിതയിൽ പ്രയോഗിക്കുമ്പോൾ അതിനു സാധാരണയുള്ള അർത്ഥംമാത്രമേ ഉണ്ടായിരിക്കയുള്ളു. രവീന്ദ്രനാഥടാഗോർ ഗീതാഞ്ജലിയുടെ ഒരുഭാഗത്തു എഴുതിയിരിക്കുന്നതിൻെറ ഒരു ഏകദേശപരിഭാഷമൂലം ഇതിനെ ഉദാഹരിക്കാം "എൻെറ വീണയിലെ കമ്പികൾ അഴിച്ചും കെട്ടിയും എൻെറ സമയംമുഴുവനും തീർന്നുപോകുന്നു. ഏതൊരു പാട്ടുപാടുവാനായി ഞാൻ ജനിച്ചുവോ ആ പാട്ടുപാടുവാൻ എനിക്കു ഇതുവരെ സമയം ലഭിക്കുന്നില്ല." വീണയും കമ്പികളും പാട്ടുംഎല്ലാം സാധാരണഭാഷയിൽ നമുക്കു പരിചിതങ്ങളാണ്. എന്നാൽ ഗീതാഞ്ജലിയിൽ ഈ പ്രത്യേകസന്ദർഭത്തിൽ അതിൻെറ അർത്ഥം നോക്കുക. വീണ എന്നുള്ളതു് കവിയുടെ ജീവനെ അഥവാ ജീവിതത്തേയും വീണക്കമ്പികൾ അദ്ദേഹത്തിനുലഭിച്ചിട്ടുള്ള കർമ്മശക്തിയേയും പാട്ടു് എന്നുള്ളതു് അദ്ദേഹത്തിൻെറ ജീവിതസന്ദേശത്തേയുമായിരിക്കാം സൂചിപ്പിക്കുന്നതു്.

"വ്യംഗ്യം ക്ലിപ്തലക്ഷ്യമായിരിക്കുന്നു എന്നതുമാത്രമാണ് മിസ്റ്റിസിസത്തിൽനിന്നു അതിനെ വേർതിരിച്ചു കാണിക്കുന്ന പ്രധാനസംഗതി. ഇതു് വ്യംഗ്യത്തെസംബന്ധിച്ചിടത്തോളം ഒരനിഷേധ്യനിയമമാണോ എന്ന അഭിശങ്ക സഹൃദയരിൽ പലർക്കുമുണ്ടു്. അതിൻെറ സമാധാനം ഇതു നിർബന്ധവിഷയമല്ലെങ്കിൽ വ്യംഗ്യവും മിസ്റ്റിസിസവും രണ്ടല്ലാതെആയിത്തീരുകയും അങ്ങനെ മിസ്റ്റിസിസത്തിൻെറ പ്രകടമായ ബ്രാഹ്മണ്യം നഷ്ടമായി തീരുകയും ചെയ്യുമെന്നുള്ളതാണ്" എന്നാണ് മി. വി. കെ. പണിക്കരുടെ അഭിപ്രായം. വാച്യാർത്ഥത്തെ അതിക്രമിച്ചു് "ക്ലിപ്ത"മായ ഒരർത്ഥംധ്വനിപ്പിക്കുന്ന സാഹിത്യത്തെ വ്യംഗ്യമെന്നും വ്യംഗ്യത്തിൻെറ "ക്ലിപ്തകേന്ദ്രിലസ്തമിക്കാതെ സഹൃദയന് അവൻെറ ഹൃദയവിശാലതയ്ക്കൊപ്പം ആനന്ദത്തെ പ്രദാനംചെയ്തുകൊണ്ടാത്മതർപ്പണംചെയ്യുന്ന ബഹുമുഖപ്രസാരിയായ ഒരു വൈകാരികപ്രതിതി"യുള്ള സാഹിത്യത്തിനെ മിസ്റ്റിക്കെന്നും ആണ് അദ്ദേഹം വിചാരിച്ചതു്. അതായതു ഏതെങ്കിലും നിശ്ചിതവും ക്ലിപ്തവും എന്നാൽ വാച്യാർത്ഥത്തിൽനിന്നു ഭിന്നവുമായ ഒരു ആശയത്തെ ധ്വനിപ്പിക്കുന്നതു് കേവലം വ്യംഗ്യം അനിശ്ചിതവും ബഹുമുഖവും വായനക്കാരൻെറ ഹൃദയവിശാലതയ്ക്കൊപ്പം വികസിക്കാൻ കഴിയുന്നതും വാച്യാർത്ഥത്തിൽനിന്നുഭിന്നവുമായ ആശയത്തെ ധ്വനിപ്പിക്കുന്നതു മിസ്റ്റിസിസം. അങ്ങനെ മി. പണിക്കരുടെ അഭിപ്രായത്തിൽ ഏതെങ്കിലും കവിതയിലെ 'അന്തർലീന'മായ ആശയം ബഹുമുഖവും വായനക്കാരൻെറ ഹൃദയവിശാലതയ്ക്കൊപ്പം വികാസക്ഷമവുമാണെങ്കിൽ ആ കവിത മിസ്റ്റിക്കുകവിതയായിത്തീരും. അദ്ദേഹത്തിൻെറ ഈ അഭിപ്രായത്തോടാണ് എനിക്കു യോജിക്കുവാൻനിവൃത്തിയില്ലാത്തതു്. ആ കാരണംകൊണ്ടുതന്നെ അദ്ദേഹം മിസ്റ്റിക്കുകവിതയുടെ ഉദാഹരണമായി "വീണപൂവ്"ലെ ഒരു പദ്യം ഉദ്ധരിച്ചിരിക്കുന്നതും അസ്ഥാനത്തിലാണെന്നാണ് എൻെറ എളിയ അഭിപ്രായം. വീണപൂവിൽ മിസ്റ്റിസിസം ഇല്ലെന്നു ഞാൻ പറയുമ്പോൾ അതുമൂലം ഞാൻ ആ മഹാകവിയെ അനാദരിക്കുന്നതായി ആരും ധരിക്കരുതെന്നപേക്ഷ. കവനകലയിൽ പലരീതികളുള്ളതിൽ ഒന്നാണ് മിസ്റ്റിസിസം. കലാപരമായി നോക്കുന്നപക്ഷം അതു മററുള്ളരീതികളിൽനിന്നും മഹത്തായതാണെന്നു എനിക്കഭിപ്രായമില്ല. കുമാരനാശാൻ മിസ്റ്റിസിസം വളരെ ലഘുവായിമാത്രമേ സ്വീകരിച്ചു പ്രയോഗിച്ചിട്ടുള്ളു. അദ്ദേഹത്തിൻെറ അനന്യസാധാരണമായ കലാചാതുരി പ്രത്യക്ഷപ്പെട്ടിട്ടുള്ളതു ആ വിധത്തിലല്ലതാനും. (ആശാൻെറ കവിതാരീതി ഇവിടെ സന്ദർഭാനുസാരമല്ലല്ലോ)

വീണപൂവിൽ ഒരു വ്യംഗ്യമാണുള്ളതു്.

"ലാളിച്ചുപെററലതയമ്പൊടുശൈശവ-
(ത്തിൽ
പാലിച്ചുപല്ലവപുടങ്ങളിൽവച്ചുനിന്നെ
ആലോലവായുചെറുതൊട്ടിലുമാട്ടിതാരാ-
ട്ടാലാപമാർന്നമലരിൻദലമർമ്മരങ്ങൾ"

എന്നിങ്ങനെ തുടങ്ങുന്ന ആ കാവ്യത്തിൽ ഒരു പൂവിൻെറ പിറവിമുതൽ അവസാനംവരെ വർണ്ണിക്കുന്നതിനോടുകൂടി ഒരു പെൺകുഞ്ഞിൻെറ കഥയെക്കൂടി അനുപദം സൂചിപ്പിക്കുകയും ചെയ്യുകമാത്രമേ ചെയ്യുന്നുള്ളു. മി. പണിക്കർ ഉദ്ധരിച്ചിരിക്കുന്ന പദ്യത്തിലും ആ തരത്തിലുള്ള ഒരു സമാസോക്തിയല്ലാതെ ഉണ്ടെന്നു തോന്നുന്നില്ല.

"ഈവർണ്ണമമ്പൊടുവളൎന്നഥനിൻെറയംഗ-
മാവിഷ്കരിച്ചുചിലഭംഗികൾമോഹനങ്ങൾ
ഭാവപ്രകാശകമുദനംകവിൾകാന്തിയാർന്നു
പൂവേ!യതിൽപുതിയപുഞ്ചിരിസഞ്ചരിച്ചു"

ഒരു സുന്ദരിയായ ബാലികയുടെ യൌവ്വനപ്രാപ്തിയുടെ സൂചനയല്ലാതെ ഇതിൽ

മി. പണിക്കരുടെ നിർവ്വചനപ്രകാരമായാൽ തന്നെയും മിസ്റ്റിസിസം വ്യാഖ്യാനിക്കാൻ പ്രയാസമാണു്. എന്തെന്നാൽ ഇതിലെ വ്യംഗം ക്ലിപ്തമാണു്—ഒരൊററ സംഗതിയെ മാത്രമേ സൂചിപ്പിക്കുന്നുള്ളു. പക്ഷെ അദ്ദേഹം പറയുന്നതു് ഈ പദ്യത്തിൽ "കവിയുടെ ആത്മവികാരം വിചാരമായി തിരിയുന്നതിനു മുമ്പു ദിവ്യവൈഖരിയായി പുറപ്പെടുകയും അതിനെ അതേപടി ഭാഷയിൽ പകർത്തുകയും" ചെയ്തിട്ടുള്ളതുകൊണ്ടു ഇതു മിസ്റ്റിക്ക് കവിതയാണെന്നാണു്. ഏതു സാഹിത്യവും കവിതയാകണമെങ്കിൽ "കവിയുടെ ആത്മവികാരം" വെറും വിചാരമായി തണുത്തുപോകുന്നതിനുമുമ്പു അതിനെ ഭാഷയിൽ പകർത്തിയതായിരിക്കണം. ഇതു മിസ്റ്റിസിസത്തിനു മാത്രമുള്ള നിയമമല്ല. അതിനാൽ വീണപൂവിലെ പദ്യം മിസ്റ്റിക്ക് കവിതയായി ഗണിക്കുന്നതിനു മി. പണിക്കരുടെ സമാധാനം മതിയാകാതെവരുന്നു.

മിസ്റ്റിസിസത്തിനെ പലരും ആക്ഷേപിക്കാറുണ്ടു്. അതിന്റെ കാരണം മിസ്റ്റിക്ക് കവിതയ്ക്കു ക്ലിപ്തമായ അർത്ഥം ഇല്ലെന്നുള്ള ഒരു ധാരണയാണു്. അർത്ഥപുഷ്ടിയില്ലാത്തതും പരസ്പരവിരുദ്ധമായ വ്യംഗ്യാർത്ഥങ്ങൾ കൂട്ടിക്കൂട്ടിയ വരികൾ അടങ്ങിയതുമായ കവിതകൾ ധാരാളം വായിക്കാനിടയായതിൽനിന്നും വന്നുകൂടിയ ഒരു തെററിദ്ധാരണയാണിതു്. യഥാർത്ഥമായ മിസ്റ്റിക്ക് കവിതകൾക്കു ക്ലിപ്തവും ഗൂഢവുമായ അർത്ഥം ഉണ്ടായിരിക്കും. പക്ഷെ അതു വായനക്കാരന്റെ ഹൃദയസ്ഥിതി അനുസരിച്ചു വികസിതമോ സങ്കുചിതമോ ആയേക്കാം. പക്ഷെ ആ ഒരു കാരണംകൊണ്ടു ആശയം ക്ലിപ്തമല്ലെന്നു വിധിക്കുന്നതെങ്ങിനെ? അതിനാൽ വ്യംഗ്യവും മിസ്റ്റിസിസവുമായി മി. പണിക്കർ പറയുന്ന വ്യത്യാസം യഥാർത്ഥത്തിൽ സംഭവിക്കുന്നില്ല. മിസ്റ്റിസിസമല്ലാത്ത വെറും വ്യംഗ്യത്തിലും അന്തർലീനമായ ആശയം വായനക്കാരന്റെ ഹൃദയവിശാലത അനുസരിച്ചു വികസിക്കുകയോ ചുരുങ്ങുകയോ ചെയ്യുന്നില്ലേ?

മേൽപറഞ്ഞ സംഗതികളെല്ലാംകൂടി സംഗ്രഹിച്ചാൽ എന്റെ അഭിപ്രായം ഇത്രമാത്രമേയുള്ളു. 'ആദ്ധ്യാത്മികചിന്താപരമായ വ്യംഗ്യ'മാണു മിസ്റ്റിസിസം. അതായതു് മിസ്റ്റിസിസം എന്നുള്ളതു വ്യംഗ്യസാഹിത്യത്തിലുള്ള ഒരു പ്രത്യേക ഉപശാഖമാത്രം. അതിനു ഗൂഢാർത്ഥകവിത എന്നു ഭാഷാന്തരം നൽകുന്നതു ആംഗലഭാഷാനഭിജ്ഞന്മാരെ തെററിദ്ധരിപ്പിക്കുന്നതും തൻമൂലം മലയാളസാഹിത്യത്തിന്റെ ഇന്നത്തെ പരിവർത്തനദശയിൽ ആപൽക്കരവുമാണു്.

ഞാൻ ഇത്രയും എഴുതിയതു മി. പണിക്കരുമായി ഒരു തൂലികാസമരത്തിനുള്ള ആവേശംകൊണ്ടല്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിൽ എനിക്കു വ്യക്തിപരമായ അഭിനിവേശവുമില്ല. പക്ഷെ പല മലയാളസാഹിത്യകാരന്മാരും മിസ്റ്റിസിസം പ്രയോഗിക്കാൻ ശ്രമിക്കുന്ന ഈ അവസരത്തിൽ ആ വാക്കിനെസംബന്ധിക്കുന്ന അഭിപ്രായവൈപരീത്യങ്ങൾ അന്യോന്യം അറിയിച്ചു സന്ധിയാകുന്നതു ആവശ്യമാണു്. മിസ്റ്റിസിസത്തെപ്പററി ഓരോരുത്തരും ഓരോവിധത്തിലാണു ധരിച്ചിട്ടുള്ളതു്. ആ നിലയിൽനിന്നും ഉയർന്നു മലയാളത്തിൽ സർവ്വസമ്മതമായ ഒരു നിർവ്വചനം അതിനു കൂടിയേതീരു. അതിനു മി. പണിക്കരുടെ മാർഗ്ഗദർശിത്വം ഞാൻ വിനീതനായി അനുസരിക്കമാത്രമേ ചെയ്യുള്ളു. ഈയിടെ ചില സാഹിത്യപണ്ഡിതന്മാരുടെയും മഹാകവികളുടെയും വാദപ്രതിവാദങ്ങളിൽ കണ്ടുവരുന്ന മുള്ളുവാക്കുപ്രയോഗമോ പുരുഷപരമായ ശകാരങ്ങളോകൂടാതെ സൌഹാർദ്ദപൂർവ്വം ഈ വിഷയത്തെപ്പററി ഒരു വാദപ്രതിവാദത്തിനു അവസരമുണ്ടാക്കാൻ മി. പണിക്കർ ഉൾപ്പെടെ സഹൃദയന്മാർ സന്നദ്ധരാകുമെങ്കിൽ ഞാൻ കൃതാർത്ഥതയോടുകൂടി എന്റെ ഭാഗവും ആകാംക്ഷയോടെ അഭിനയിച്ചുകൊള്ളാം.

# അന്വേഷണം.

കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.

ഇരവിന്നറുതിയിൽവിണ്ണിലേക്കെൻ
തരളമിഴികളയച്ചനേരം
വെളിയാറായ്നിന്നിതുതാരകൌഘം
പെരിയവിഹായസ്സിൻശൂന്യതയിൽ.

പുലരിപ്പെൺമാണിക്യപ്പൂങ്കവിളിൽ
കലരുമാനിർമ്മലമഞ്ജുരാഗം
മിഴിതുടച്ചാനുഞാൻനോക്കിടുമ്പോൾ
ഝടുതിമറച്ചാൾസിതാംബരത്താൽ.

ഒരുമഞ്ഞിൻതുള്ളിക്കകത്തുഞാനീ-
ഭുവനത്തിൻസൌന്ദര്യംകണ്ടുനില്ക്കെ
ഞൊടിയിടയ്ക്കുള്ളിൽക്കിനാവുപോലെൻ
കനകച്ചെപ്പയ്യോ!മറഞ്ഞുപോയി.

സുരഭിലസൂനംവഹിച്ചുമുല്ല-
യ്ക്കരികിൽഞാനുല്ലാസപൂണ്ടുനില്ക്കെ
അപഹരിച്ചോടിനാൻകൊച്ചുതെന്നൽ
അലരിൻപരിമളമാകമാനം.


സുരഗേഹംഭാസുരമാക്കിടുന്ന
സുരുചിരമായൊരുമാരിവില്ലും
മുഴുവനായ്നിരഭ്രത്തിനമ്മേ-
ലെഴുതുംമുമ്പായതുമാഞ്ഞുകഷ്ടം!

ഇരുളിൻപരപ്പിലക്കാളമേഘ-
നിരകളാംപാറപിളർന്നനേരം
ഒളിചിന്നിക്കാണായതങ്കരേഖ
മറകയായ മാനത്തിൻകോണിലെങ്ങോ.


അമലസൌന്ദര്യമേ!നിൻറപിമ്പേ
അവശൻഞാനോടിയുഴന്നുവല്ലോ
ക്ഷണികമാണവ്വഴിയിൽനിൻവിലാസ-
നടനമെന്നാരുതാനോർത്തിരുന്നു?

കവിയുമൊരാനന്ദവായ്പിനാലെ
കവികൾനിൻഗീതികൾപാടിടുമ്പോൾ
മഹിതമാംതാവകസൂക്ഷ്മതത്വം
മതിയിൽത്തെളിഞ്ഞുഞാൻകണ്ടിടാവൂ!


ഖദറിനു
പററിയതു
തന്നെ.



501
സോപ്പ്




ദി ടാററാ ഓയിൽമിൽസ്
കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറ്

19 എ. വാണിയർസ്റ്റ്റീററ്;

ജി. ടി. മദ്രാസ്.

# അദൃശ്യതാരങ്ങൾ.

എം. എൻ. ഗോവിന്ദൻനായർ ബി. എ ബി. എൽ.

സിനിമയിലെ ഒരു കഥയുടെ വിജയത്തിൽ നാം സാധാരണയായി അഭിനന്ദിക്കാറുള്ളതു് അതിലെ പ്രധാനനടന്മാരെ താരങ്ങളെ – ആണല്ലോ. ഡഗ്ലസ് ഫെയർബാങ്ക്സും, ചാർലിചാപ്ലിനും, ഹരോഡ്ലായിഡും, മാസ്റ്റർ വിത്താളും പലരുടേയും ആരാധനപാത്രങ്ങളായിത്തീർന്നിട്ടുള്ളതു് അവരുടെ അഭിനയവൈശിഷ്ട്യം കൊണ്ടാണു്. എന്നാൽ അവരുടെ അഭിനയത്തിനു വേണ്ട സകല ഒരുക്കങ്ങളും ചെയ്യുന്ന സാങ്കേതികവിദഗ്ദ്ധന്മാരെപ്പററി ആരെങ്കിലും ഓക്കുന്നുണ്ടോ? കഥാഭിനയത്തെ നിയന്ത്രിക്കുന്ന ഡയറക്ടർ, അഭിനയത്തെ ചിത്രീകരിക്കുന്ന ഫോട്ടോഗ്രാഫർ, അതൊരു ടാക്കിയാണെങ്കിൽ, ശബ്ദഗ്രഹണവിദഗ്ദ്ധൻ മുതലായി വളരെപ്പേരുടെ അദ്ധ്വാനത്തിന്റെ പരിണതഫലമാണു് ഒരു ഫിലിം. എന്നാൽ അവരിലാരും ഫിലിമിൽ പ്രത്യക്ഷപ്പെടുന്നില്ല. അവർ ഫിലിമിന്റെ നിമ്മാണത്തിനു ഒഴിച്ചുകൂടാൻവയ്യാത്ത ഘടകങ്ങളും, പ്രേക്ഷകരുമായി യാതൊരുതരത്തിലും പരിചയപ്പെടാൻ നിവൃത്തിയില്ലാത്തവരുമായ അദൃശ്യതാരങ്ങളാകുന്നു.

ടാക്കികളിലാണു് അദൃശ്യതാരങ്ങൾക്കു കൂടുതൽ പ്രാമുഖ്യമുള്ളതു്. ഫോട്ടോഗ്രാഫറന്മാരും ഡയറക്ടറന്മാരും രണ്ടുതരം ഫിലിമിനുമുണ്ടല്ലോ. എന്നാൽ ടാക്കികൾക്കു പ്രത്യേകമുള്ള അദൃശ്യതാരങ്ങളെപ്പററിയാണു ഇനി പ്രസ്താവിക്കുവാൻ പോകുന്നതു്. സ്ത്രീതാരങ്ങൾ ഉറക്കെ നിലവിളിക്കേണ്ട ഘട്ടങ്ങൾ വരുമ്പോൾ വാസ്തവത്തിൽ അവർ നിലവിളിക്കുന്നതു നാം ഫിലിമിൽ കേൾക്കുമെങ്കിലും ആ ശബ്ദം അവരുടേതായിരിക്കയില്ല. ഈ താരങ്ങളെ അനേകായിരം പവൻ കൊടുത്താണു അഭിനയത്തിനു നിയുക്തരാക്കുന്നതു്. ഒരു നിലവിളികാരണം അവരുടെ ശബ്ദം ഇടറിപ്പോയാൽ അന്നത്തേയ്ക്കു പിന്നീടു ചിത്രീകരണം സാദ്ധ്യമല്ലാതെവന്നേക്കും. അതുകൊണ്ടു നിലവിളിക്കേണ്ട ഘട്ടംവരുമ്പോൾ അവർ വെറുതേ വാപൊളിക്കുകയേ ഉള്ളൂ. കിടന്നു കൂവുന്നതു വേറൊരു പെണ്ണായിരിക്കും. അവൾ ക്യാമറായുടെ മുമ്പിൽ വരുകയുമില്ല. ആലിസ്ഡോൾ എന്ന വനിത ഇങ്ങനെ നിലവിളിക്കാൻ വിദഗ്ദ്ധയാണു്. കേയ് ഫ്രാൻസിസ്, കോൺസ്റ്റൻസ് ബെന്നററ് മുതലായ താരങ്ങൾക്കുവേണ്ടി ആലിസ് നിലവിളിക്കാറുണ്ടു്. ഇവൾക്കു നല്ല ശമ്പളവും കിട്ടുന്നുണ്ടു്. ഓരോ താരത്തിന്റെയും പ്രകൃതമനുസരിച്ചു നിലവിളിയുടെ ശബ്ദത്തിലും വേണ്ട ഭേദഗികൾ ചെയ്യാൻ ഇവൾ സമത്ഥയാണു്.

സാലിബെൻകോസ്റ്റ് എന്നവൾ കുഞ്ഞുങ്ങളുടെ കരച്ചിലിനെ അനുകരിക്കാൻ ബഹുസമത്ഥയാണു്. ഇവൾക്കു ആഴ്ചയിൽ ഇരുപതു പവനാണു ശമ്പളം. ബേബിലിറായ് എന്ന ശിശു താരാഫിലിമിൽ കരയുമ്പോൾ നാം കേൾക്കുന്ന ശബ്ദം സാലിയുടേതാണു്. ആവശ്യാനുസരണം മഴപെയ്യിക്കാൻ സമർത്ഥനാണു ഹോറേസ്വൈററ്ലി. ഈ ആവശ്യത്തിനായി എന്നും ക്യാമറായുടെ പുറകിൽ നിൽക്കേണ്ടതായി വരുന്നതുകൊണ്ടു ഒരു നടനായിത്തീരണമെന്നുള്ള അയാളുടെ ആഗ്രഹം ഇതേവരെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല

കൗണ്ടു കൃട്ടെല്ലി, ജന്തുക്കളുടെ ശബ്ദം കേൾപ്പിക്കാൻ ബഹുസമത്ഥനാണു്. മിക്കിമൗസ് എന്ന വിചിത്രജന്തുവിന്റെ ശബ്ദമായി ഫിലിമിൽ കേൾക്കുന്നതെല്ലാം കൃട്ടെല്ലിയുടെ മനോധമ്മത്തിന്റെ ഫലങ്ങളാണു. ചെറുപ്പത്തിൽതന്നെ ജന്തുക്കളുടെ ശബ്ദത്തെ അനുകരിക്കാൻ ശീലിച്ചു്, അതിൽ സിദ്ധിച്ച വൈദഗ്ദ്ധ്യംകൊണ്ടു തന്നത്താൻ ഉപജീവനംകഴിക്കാൻ ഇറങ്ങിത്തിരിച്ച ഒരു പ്രഭുകുമാരനാണു് അദ്ദേഹം. ഒരിക്കൽ * "നോഹയുടെ പെട്ടകത്തിലെ അഞ്ചുമിനിട്ടു്" എന്ന ഒരു മനോധമ്മപ്രകടനം റേഡിയോവഴി അദ്ദേഹം നടത്തി. അന്നുമുതൽ കൃട്ടെല്ലിയുടെ വില സിനിമാക്കമ്പോളത്തിൽ ഉയരുകയും ചെയ്തു. ഇപ്പോൾ അദ്ദേഹത്തിന്റെ ഒരുമണിക്കൂർനേരത്തെ ജോലിക്കുള്ള പ്രതിഫലം പന്ത്രണ്ടര പവനാണു്.

ടാക്കകൾ നിമ്മിക്കുമ്പോൾ സാധാരണയായി ഛായാഗ്രഹണവും ശബ്ദഗ്രഹണവും ഒന്നിച്ചുതന്നെ നടത്തുകയാണു് പതിവു്. എന്നാൽ, കാട്ടുംമലയുംകയറി വന്യമൃഗങ്ങളുടെ ഫോട്ടോയെടുക്കാൻനടക്കുമ്പോൾ ശബ്ദഗ്രഹണത്തിനുള്ള ഉപകരണങ്ങൾകൂടി സൗകര്യമായി കൂടെ കൊണ്ടുപോകാൻ സാധിച്ചു എന്നുവരുന്നതല്ല. അതുകൊണ്ടു് ഫോട്ടോഎടുക്കൽകഴിഞ്ഞിട്ടു് സൗകര്യം

* പ്രളയകാലത്തു് സകലജീവജാലങ്ങളും നശിക്കാൻതുടങ്ങിയപ്പോൾ, ദൈവം നോഹയെവിളിച്ചു് അയാളുടെ കുടുംബവും, ഓരോ ജീവിവഗ്ഗത്തിൽനിന്നു് ഓരാണും ഒരുപെണ്ണുംവീതവുംകൊണ്ടു് ഒരു പെട്ടകത്തിൽകയറി രക്ഷപെടാൻ ആജ്ഞാപിച്ച ബൈബിൾകഥ നോക്കുക.

ഗുൽഹമീദ



ഈസ്റ്റിൽഡ്യാഫിലിമിലെ ഈ പ്രശസ്തനടൻ 'സെലിമാ' എന്ന കഥയിൽ നായകനായി അഭിനയം പൂർത്തിയാക്കിയിരിക്കുന്നു. സുന്ദരിയായ 'മാധവി'യാണു നായിക.

പോലെ സ്റ്റുഡിയോവിൽവെച്ച് അതിൽ ശബ്ദംകൂടി സംയോജിപ്പിക്കയാണ് ചെയ്യുന്നതു്. മൃഗങ്ങളുടെയു മററും ശബ്ദം പ്രകൃതിയിൽ കേൾക്കുന്നതുപോലെതന്നെ റിക്കാർഡുചെയ്യാൻസാങ്കേതികമായി വിഷമമുണ്ട്. ശബ്ദഗ്രാഹിയന്ത്ര(Microphone)ത്തിൻെറ അടുത്തുനിന്നു ഒരു പട്ടികുരച്ചാൽ അതു റിക്കാർഡുചെയ്തുവരുമ്പോൾ വലിയ ഇടിമുഴക്കംപോലെയിരിക്കും. ഈ മാതിരിവൈഷമ്യങ്ങളെ തരണംചെയ്യാനായി ലിയർണാഡ്മിച്ചൽ എന്നയാൾ കൃത്രിമശബ്ദപ്രയോഗം നടപ്പിലാക്കി. കുതിരകൾ ഓടുന്നശബ്ദം പിരട്ടകൾ കമഴ്ത്തി നിലത്തടിച്ചും, ഇടിമുഴക്കം വലിയ ഇരുമ്പുപാളികൾ നിലത്തിട്ടും അയാൾ ശരിയായിഅടുത്തകാലത്തു നിർമ്മിച്ചഒരു ചിത്രത്തിൽ – വനത്തിലെ വിവിധമൃഗങ്ങളുടെ പ്രത്യേകതകൾകാണിക്കുന്നതാണ് പ്രസ്തുതചിത്രം – ശബ്ദഗ്രഹണത്തിനുള്ള ഉപകരണങ്ങളൊന്നും അതിൻെറ രംഗമായ വനത്തിലേയ്ക്കു കൊണ്ടുപോയിരുന്നില്ല. ഫോട്ടോഗ്രഫികഴിഞ്ഞതിൻെറശേഷം അതാതവസരങ്ങളിൽ വേണ്ടശബ്ദംമുഴവൻ മിച്ചൽ നിർമ്മിക്കയാണു ചെയ്തതു്. ആഫ്രിക്കയിലെ കാട്ടുജാതിക്കാർ ഓടുന്നശബ്ദം റബ്ബർപാളികൾ നിലത്തടിച്ചും, മൃഗങ്ങൾ കാട്ടുഞെരിച്ചു നടക്കുന്നശബ്ദം ഒരു മുൽ മൈക്രോഫോണിൻെറ സമീപത്തുവെച്ചു ഞെരിച്ചും, അയാൾ സാധിച്ചു. നനഞ്ഞകണ്ണാടിയിൽ ഒരു പെൻസിൽഇട്ടുരച്ച് കുരങ്ങുകൾ ചിലയ്ക്കുന്നശബ്ദം അയാൾ കേൾപ്പിച്ചു.

മിച്ചലിൻെറവിദ്യ ഏററവും വിജയകരമായിത്തിന്നതു രണ്ടുകടുവകൾതമ്മിലുള്ള യുദ്ധത്തിൻെറ ഭാഗംവന്നപ്പോഴാണ്. ആ ഹിംസ്രമൃഗങ്ങൾ അന്യോന്യംകടിച്ചുകീറുമ്പോൾ പുറപ്പെടുവിക്കുന്നഅലർച്ചകൾ വളരെ ഭയാനകമായവിധത്തിൽ അയാൾ കേൾപ്പിച്ചു. ഒടുവിൽ ഫിലിം മുഴവനായപ്പോഴാണ് താൻ പ്രകൃതിയേയും അതിശയിച്ചുഎന്ന് മിച്ചലിനു മനസ്സിലായതു് കടുവകൾ ഒരിക്കലും അലറാറില്ല എന്ന പ്രകൃതിപാഠതത്വം മിച്ചലിന് അറിഞ്ഞുകൂടായിരുന്നു ഇന്നും ആ ഫിലിമിൽ വ്യാഘ്രഗർജ്ജനം നമുക്കു കേൾക്കാം.

അൽബോസ്ബെർഗ്ഗ്എന്നയാൾ ഹോളിവുഡ്ഡിലെ ഒരു വർത്തകപ്രമാണിയാണ്. അയാളുടെക്രയസാധനം ഫലിതങ്ങളാണ്. ഹാസ്യരസചക്രവർത്തികളായ ഹറോൾഡ് ലായിഡ്, ബസ്റ്റർകീററൺ, ജാക്ക്ഔക്കി, മുതലായവരുടെ ചിത്രങ്ങളിലേക്കു ആവശ്യമുള്ള ഫലിതങ്ങളും തമാശകളും സൃഷ്ടിച്ചു വില്ക്കുകയാണ് അയാളുടെ തൊഴിൽ.

"നീ എൻെറഭാര്യയെ മോഷ്ടിച്ചു ഇല്ലേ? എടാകുതിരകള്ള!"എന്നും, "ലോകംകാണാനായി നാവികസൈന്യത്തിൽചേന്ന അവൻ നാലുകൊല്ലം ഒരു അന്തർവാഹിനിക്കപ്പലിൽ ലോകം ചുററിനടന്നു" എന്നുമുള്ള സുപ്രസിദ്ധഫലിതങ്ങൾ (ഇവ വായനക്കാക്കു വലിയ ഫലിതങ്ങളായി തോന്നുന്നില്ലെങ്കിൽ, ഫലിതം തർജ്ജമചെയ്യുമ്പോൾ അതിലെ ഗ്യാസു പൊയ്പോകുംഎന്നുള്ളതത്വത്തിനു ഒരു ഉദാഹരണമായി ഇതിനെ കണക്കാക്കിക്കൊള്ളുമല്ലോ) ബോസ്ബർഗ്ഗിൻെറ സൃഷ്ടിയാണ്.

കഥകളിൽ അപകടകരമായ രംഗങ്ങൾ വരുമ്പോൾ, ആ രംഗങ്ങൾ അഭിനയിക്കാൻ സക്കസ്സുവേലകൾ പരിചയമുള്ളവരെ പ്രത്യേകം നിയമിക്കാറുണ്ട്. ആ ഭാഗം അഭിനയിക്കേണ്ട താരങ്ങളോട് ആകൃതിസാമ്യമുള്ള അഭ്യാസികളെയാണ് സാധാരണ അതിനായി നിയോഗിക്കാറുള്ളതു്. ഉഗ്രസവാരിചെയ്യുക, വിമാനത്തിൽനിന്നുചാടുക, തിരമാലകൾക്കിടയിൽ നീന്തുക, മുതലായ പ്രയാസമുള്ളഭാഗങ്ങളിൽ കഥാനായകൻെറഭാഗം അഭിനയിക്കുന്നതു് ജീവൻപണയംവെച്ചു ഉപജീവനംകഴിക്കുന്ന വല്ലഅഭ്യാസിയുമായിരിക്കും. അതു് കഥാനായകനായ പ്രശസ്തതാരംതന്നെയാണെന്നേ നമുക്കു തോന്നുകയുള്ളു. അയാളുടെ മുഖംകണ്ടു നാം ആളറിയാതിരിക്കാൻവേണ്ടി ഈ മാതിരിരംഗങ്ങൾ കുറെദൂരെവെച്ചായിരിക്കും നാം കാണുന്നതു്. അവർ ദൃശ്യരാണെങ്കിലും, താരങ്ങളുടെ വ്യക്തിത്വമഹിമയിൽ ഇവർ ലയിച്ചുചേന്നു അപ്രത്യക്ഷരാകുന്നതുകൊണ്ടു ഇവരും അദൃശ്യതാരങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നു.

---

# "രാഗോന്മാദം."

നാലാങ്കൽ കൃഷ്ണപിള്ള ബി. എ. (ആണേഴ്സ്)

"എന്നെമറന്നാലുമോമലേ! ഞാൻ
നിന്നെയെൻമാനസവേദിയിങ്കൽ

എന്നെന്നുംരാഗസുരഭിലമാം
മന്ദാരപ്പൂക്കളാൽപൂജചെയ്യും

ആകാശവീഥിയിൽക്രൂടവേന്താ-
നായിരംപേശലചുംബനങ്ങൾ

മാമകാനന്ദമേ! നിൻസവിധ-
മോദരാദിനവുമയയ്ക്കുമല്ലോ!

നിന്നംഗകങ്ങൾപുണന്നണയും
ചന്ദനക്കാട്ടിലേത്തെന്നലെഞാൻ

വാരിയാലിംഗനംചെയ്തുചെയ്തു
വാസരവേളകൾപോക്കുമല്ലോ;

മാമകപ്രേമബാഷ്പംനിറയും
താമരപ്പൊയ്കയൊന്നോമലാളേ!

നിൻകേളിനീരാട്ടിനായിതാഞാൻ
നിർമ്മിച്ചുവെച്ചു; ക്ഷമിക്കുമല്ലോ.

രോമാഞ്ചമിപ്പാരിനേകിയേകി;
ഹേമന്തരാത്രികൾവന്നിടുമ്പോൾ

സൌന്ദര്യസാരമേ!നിൻഗുണങ്ങൾ
വർണ്ണിച്ചിടുംഞാൻകവിതകളായ്;

പിഞ്ചുകിളികളതേററുപാടി
നിഞ്ചെവിക്കിമ്പമിയററുമല്ലോ;

എന്നെമറന്നാലുമോമലേ!ഞാൻ
നിന്നെമറക്കാനശക്തനല്ലോ!

നിൻധന്യരാഗമെനിക്കുനൽകാൻ
നിർമ്മലേ!നീമടിച്ചിടുന്നെങ്കിൽ

എന്നിലുള്ളെന്നെമറന്നുനീയായ്
ത്തന്നെഞാൻനാളുകളാനയിക്കും;

ആനന്ദമഗ്നയായ്നീവസിക്കു-
മാരമ്യവേളകൾനോക്കിനോക്കി

ഞാനൊരുകൊച്ചുമുരളിയുമായ്
കാനനഭ്രൂവിലലഞ്ഞുകൊള്ളാം;

ഞാൻമരിക്കുന്നതാണിഷ്ടമെങ്കിൽ-
ഓമലേ!ഞാൻമമജീവിതത്തെ

നിന്നിലാനന്ദംവളത്തുവാനാ-
യിന്നുവെടിഞ്ഞിടാംമോദപൂർവം

... ... ...
... ... ...

എന്നെമറന്നാലുമോമലേ!ഞാൻ
നിന്നെമറക്കാനശക്തനല്ലോ!"

---

ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ട്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലോത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

---

കുഷ്ഠം, പാണ്ഡു മുതലായ
ത്വക്‌രോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചയ്ക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണ്. വിജയം ഗാറൻറിചെയ്യുന്നു. വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.

ചെറുകഥാപംക്തി.

# പ്രതികാരം.

(എൻ. ലളിതാംബിക അന്തർജ്ജനം)

നിർദ്ധനനെങ്കിലും സുശീലനായ ഒരു യുവാവാണ് ഹരദത്തൻ. പാടത്തിറങ്ങി പണിഎടുക്കേണ്ട ആ പാവപ്പെട്ടവനു പറയത്തക്ക യാതൊരു വിദ്യാഭ്യാസവുമില്ല. കലാപരമായോ കവിതാപരമായോ യാതൊന്നുമറിവില്ലാത്ത അയാൾക്കു് പ്രേമമെന്നോ അനുരാഗമെന്നോ പറഞ്ഞാൽ കാളയെന്നോ കലപ്പയെന്നോ കേൾക്കുന്നതിൽ കൂടുതലൊന്നും തോന്നിയില്ല. എന്നാലും പത്മയേക്കൂടാതെ ജീവിക്കുന്നതു ദുസ്സഹമായി അയാൾക്കു തോന്നി. അവളെ ഓർക്കുന്നതു ആനന്ദം. കാണുന്നതു് അത്യാനന്ദം. സംസാരിക്കുന്നതോ പരമാനന്ദനിർവൃതി. കാമന്റെ കൗശലംനോക്കൂ, ഈ കാട്ടുയുവാവിനെ അയാൾ കാമുകഭ്രാന്തനാക്കി മാററിയിരിക്കുന്നു. എന്നാൽ ഇതു് പ്രേമമാണോ എന്നു ചോദിച്ചാൽ അല്ല, ഒരിക്കലുമല്ല, എന്നു ഹരൻതന്നെ മറുപടിപറയും. 'പ്രേമം എങ്ങനെയിരിക്കും അതു എനിക്കറിഞ്ഞുകൂടാ. പഠിച്ചവർക്കേ അറിയാവൂ.'

പത്മ ഒരു ഗ്രാമബാലികയാണു്. വെറും പതിന്നാലുവയസ്സ്. നിഷ്കളങ്കതയുടെ നിരവദ്യമൂർത്തി. വീട്ടിലവൾക്കു വേല വേണ്ടതുണ്ടു്. വെള്ളംകോരണം, തൂത്തുവാരണം, അരിവെയ്ക്കണം, ഇടയ്ക്കു നേരമുണ്ടെങ്കിൽ കുഞ്ഞിനെഎടുക്കയുംവേണം. എന്നാലും ആരോഗ്യത്തിന്റെയും ആകർഷകതയുടേയും കേളീരംഗം. അല്പം അകലെ പാടത്തിനടുത്തുള്ള പഴയകിണററിൽനിന്നാണവൾ വെള്ളംകോരുന്നതു്. ആ പാടത്താണു ഹരദത്തൻ പണിയെടുക്കുന്നതും. അവളെക്കണ്ടാലുടനെ അയാൾ ഓടിച്ചെല്ലും "പത്മേ, എനിക്കല്പം വെള്ളംകുടിക്കാൻതരൂ" പല്ലവപേലവമായ ആ പാണികൊണ്ടൊഴിച്ചുകൊടുക്കുന്ന ജലം അയാൾ ആർത്തിയോടെ കുടിക്കും. അമൃതിനും ഇത്ര സ്വാദുണ്ടോ എന്നു സംശയം. അവൾ പോകുന്നതുവരെ അയാൾ അവിടെ വെടിപറഞ്ഞിരിക്കും. കാള ഓടിയതോ കലപ്പ ഒടിഞ്ഞതോ ആയിരിക്കും കഥ. എങ്കിലും അന്നന്നു അതു വിസ്തരിച്ചു അവളെകേൾപ്പിക്കാഞ്ഞാൽ ഹരനു സുഖമില്ല. അടുത്തുനില്ക്കുന്ന മാവിൽനിന്നു അവൾക്കാവശ്യമുള്ളപ്പോഴൊക്കെ മാങ്ങ പറിച്ചുകൊടുക്കും. തോളത്തു കുടവുമായി തളർന്നുലഞ്ഞ അവൾ നടന്നുമറയുന്നതു നിർന്നിമേഷമായി നോക്കിനിൽക്കും. ഈ ദിനചര്യയ്ക്കു ഒരുദിവസമെങ്കിലും വിഘ്നം വരുത്തുന്നതു അയാൾക്കു അത്യന്തം ദുസ്സഹമായിരുന്നു.

ഒരുദിവസം എന്തോ കാരണവശാൽ ഹരദത്തൻ അല്പം വൈകിപ്പോയി. വന്നവഴി കിണററിൻകരയ്ക്കു ഓടി. പത്മ തിരിച്ചുപോയിരിക്കുമല്ലോഎന്നായിരുന്നു അയാളുടെ വിഷാദം. എന്നാൽ പത്മപോയിട്ടില്ലായിരുന്നു. അവൾ കിണററിനരികിൽ കുടവുംവെച്ചു വ്യാകുലയായി നില്ക്കുന്നു. ഹരൻ സാവേഗം ചോദിച്ചു. "പത്മെ, നീ വെള്ളംകോരിയില്ലെ, ഞാൻവിചാരിച്ചു നീ പോയിരിക്കുമെന്നു്" പത്മ പരുങ്ങലോടെപറഞ്ഞു—"ഇല്ല. എന്റെ പാള കിണററിൽവീണുപോയി. വെള്ളംകൂടാതെചെന്നാൽ അമ്മ അടിച്ചെങ്കിലുമായി." അവളുടെനേത്രത്തിൽ അശ്രുബിന്ദുക്കൾ പൊടിഞ്ഞു. ഹരനു തീരെ സഹിച്ചില്ല. "ആഹാ! അതിനാണോ ഇത്ര വ്യസനം. പാള ഇപ്പോൾ തരാമല്ലോ. കരയാതിരിക്കൂ." അയാൾ അതിവേഗം കിണററിൽ ഇറങ്ങി തന്റെ ചെറുപദാംഗുലികൾ നിലത്തൂന്നി കിണററിൻപടിയിൽ കമന്നുകിടന്നു. പത്മ നോക്കിക്കൊണ്ടിരുന്നു. പാളയുമെടുത്തുകൊണ്ടുയർന്ന ഹരൻമേല്പോട്ടുനോക്കിയപ്പോൾ കണ്ടതു പത്മയുടെ പത്മസദൃശമായ മുഖകാന്തിയായിരുന്നു. താഴെ തരളമായ വെള്ളത്തിൽ അതിന്റെ പ്രതിച്ഛായയും. ആ യുവാവിന്റെ ഹൃദയവികാരവും കരകവിഞ്ഞുതിരതല്ലി. പാളയുമായി കരയ്ക്കുകയറിയിട്ടും മൌനഭേദനംചെയ്യാൻ കുറേനേരത്തേക്കു അയാൾക്കു ശക്തിയില്ലായിരുന്നു.

പത്മയ്ക്കു പതിനാലുവയസ്സായി. സുന്ദരിയായ അവൾക്കു പലേ വിവാഹാർത്ഥികളും കാണും. ഒരുപക്ഷേ വിവാഹനിശ്ചയംതന്നെ കഴിഞ്ഞെന്നും വരാം. താമസിയാതെനടക്കയുംചെയ്യും. അവൾക്കതിൽ വിരോധം കാണുകയില്ല. കാണിച്ചാലൊട്ടു പററുകയുമില്ല. എന്നാൽ ഈശ്വരാ! പത്മയെക്കൂടാതെ തന്റെ സ്ഥിതിയോ? അയാളുടെഉള്ളിൽ ഒരു മിന്നൽപിണർ പാഞ്ഞു. അതിമന്ദസ്വരത്തിൽ അയാൾ ചോദിച്ചു: "പത്മെ നിന്നോടൊരുകാര്യം ചോദിക്കട്ടെ സത്യംപറയുമോ?" വെള്ളംകോരിക്കൊണ്ടിരുന്നഅവൾ മുഖംതിരിച്ചൊന്നുനോക്കി "എന്താണതു്"എന്നുചോദിച്ചു.

ഹരൻ:—പത്മെ, നിന്റെ വിവാഹം നിശ്ചയിച്ചോ? അതിനെപ്പററി നീ വല്ലതും കേട്ടോ?" പത്മ ലജ്ജയോടെമുഖംതിരിച്ചു. യാതൊരു ഉത്തരവുമില്ല. ഒരു മൃദുസ്മിതം മാത്രം.

ഹര—"നിശ്ചയിച്ചായിരിക്കാം. അതാണിഭാവം. ആ ഭാഗ്യം ആർക്കാണു്; കേൾക്കട്ടെ" പത്മ അധോമുഖിയായി ഒരുവിധം പറഞ്ഞു. 'പിന്നെ—എന്നോടു ചോദിച്ചല്ലെ വിവാഹം നിശ്ചയിക്കുന്നതു്. അതൊക്കെ അച്ഛനെ അറിയാവൂ.' ഹരൻ ദീർഘമായൊന്നു നിശ്വസിച്ചു. "അപ്പോൾ നീ അതിനെപ്പററി ഒന്നും കേട്ടില്ല അല്ലേ. എന്നാൽ നിശ്ചയിച്ചിട്ടില്ലെന്നു നിശ്ചയം. ആകട്ടെ പത്മെ, നീ എന്നെ സ്നേഹിക്കുന്നുണ്ടോ? ഞാൻ നിന്നെ എല്ലാത്തിലും ഉപരിയായിസ്നേഹിക്കുന്നുണ്ടല്ലോ: നിന്നെക്കൂടാതെ എനിക്കു ജീവിക്കുവാൻസാധിക്കയില്ല." പത്മ കുനിഞ്ഞുവെള്ളമെടുത്തു് "ഞാൻ പോകട്ടെ" എന്നു നടന്നുതുടങ്ങി. ഹരദത്തൻ തടഞ്ഞുകൊണ്ടുപറഞ്ഞു: "വരട്ടെ പോകാൻവരട്ടെ. ഇതിനുത്തരം പറഞ്ഞുകൊണ്ടുപോകൂ. പത്മേ, പണക്കാരനാകണമെങ്കിൽ ഞാൻ പണംസമ്പാദിക്കാം, പഠിപ്പുവേണമെങ്കിൽ അതിനു ശ്രമിക്കാം; പറയൂ പത്മെ, ഒരു വാക്കുമതി. ഉവ്വെന്നോ ഇല്ലെന്നോ"

പത്മ പരിഭവമായി പറഞ്ഞു. "ഞാനാണോ അതു നിശ്ചയിക്കുന്നതു്. അച്ഛനല്ലെ." ഹരൻ അക്ഷമനായി. "അച്ഛൻ നിശ്ചയിക്കേണ്ടതു കല്യാണമല്ലെ. പത്മ എന്നെ സ്നേഹിക്കുന്നുണ്ടോ എന്നുപറയൂ. മറെറല്ലാം ഞാനേററു." തൊണ്ടവിറച്ചുകൊണ്ടു് ഒരുവിധം അവൾ പറഞ്ഞു: "ഉവ്വ്."

ഹരൻ കൃതാർത്ഥനായി. അയാൾ പറഞ്ഞു. "ഇനി എനിക്കു ജീവനും ആശയും ഉണ്ടു്. ഞാൻ ഇന്നുതന്നെ നിന്റെ അച്ഛനോടുപറയും. കരഞ്ഞെങ്കിലും സമ്മതിപ്പിക്കും. എന്നാൽ പത്മെ, നീമാത്രം എന്നെ മറക്കരുതെ." കുടവുമെടുത്തു നടന്നുതുടങ്ങിയ അവളോടു അയാൾ വിളിച്ചുപറഞ്ഞു പാവം ഒരസ്വതന്ത്രകന്യക മറന്നാലെന്തു് ഇല്ലെങ്കിലെന്തു്? അവളുടെ മനോഗതം മറച്ചുവയ്ക്കുകയല്ലാതെ മറെറന്തു ചെയ്യും: ഹരദത്താ, ഇതു നിനക്കും അറിയാൻപാടില്ലാത്തതല്ലല്ലൊ.

അന്നുവൈകിട്ടുതന്നെ ആയുവാവ് പത്മയുടെ ഗൃഹത്തിലെത്തി അത്യന്തം വിനീതനായി അവളുടെ പിതാവിനോടു പറഞ്ഞു. "പത്മയെ എനിക്കു വിവാഹംചെയ്താൽകൊള്ളാമെന്നുണ്ടു്. അതിനുവേണ്ടി അവിടുന്നു പറയുന്നതെന്തും അനുസരിക്കുവാൻ തയ്യാറാണു്." അവളുടെ പിതാവു് അത്ഭുതത്തോടെ ചോദിച്ചു. "എന്താണു ഹരദത്താ നിനക്കു് ഭ്രാന്തുണ്ടോ, നീ ഒരു വെറുംകൂലിക്കാരൻ. സ്വന്തമായൊരു വീടുംകൂടിയില്ല. പല പ്രഭുക്കന്മാരും ചോദിച്ചിട്ടുകൊടുക്കാത്ത പത്മയെ നിനക്കുതരികയോ."

ഹര—"ശരിയാണു്. എനിക്കു സ്വബോധമില്ല അവളെ കാണാതിരിക്കുമ്പോൾക്കെയും എനിക്കു സ്വബോധമില്ല. അവളെ കിട്ടാതിരിക്കുകയാണെങ്കിൽ ഇനി ഒരിക്കലും ഉണ്ടാവുകയുമില്ല" പത്മയുടെ പിതാവു അയാളെ സമാധാനപ്പെടുത്തി. ഹരാ! നീ ആലോചിച്ചുനോക്കൂ. നിനക്കു വിദ്യാഭ്യാസമില്ലെങ്കിലും നീ വിവേകമുള്ളവനാണു്. എന്നാൽ അവളെ നിനക്കുതരുന്നതു് അവൾക്കും നിനക്കും ഒരുപോലെ ദുഃഖത്തിനാണു്. നിന്റെ സ്വന്തംചിലവിനുകൂടി കെല്പില്ലാത്ത നീ ഒരുകുടുംബം പുലർത്തുന്നതെങ്ങിനെ.

വരൻ സാഭിമാനം പറഞ്ഞു അതു അവിടുന്നു ആലോചിക്കേണ്ട. പണമില്ലെങ്കിൽ ഞാനതു് ഉണ്ടാക്കാം; വീടില്ലെങ്കിൽ ഉടനെ പണിയിക്കാം. എന്നാൽ അതുവരെ അവിടുന്നു അവളെ മററാർക്കുംകൊടുക്കാതിരിക്കണെ.

പ-പിതാവു്"—ശരി. അപ്പോഠം നിനക്കവേണ്ടി എത്രകാലമെന്നില്ലാതെ പ്രായംചെന്ന ഒരു പെൺകുട്ടിയെ വച്ചുകൊണ്ടിരിക്കണംഞാൻ. അല്ലെ! ഒരുപക്ഷേനിനക്ക ഒന്നും ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ അന്നും—

ഹരൻ തടഞ്ഞുകൊണ്ടുപറഞ്ഞു: വേണ്ട വളരെനാളൊന്നും അവിടുന്ന കാത്തിരിക്കേണ്ടാ. അഞ്ചേഅഞ്ചുകൊല്ലം അത്രേ ഞാൻ ചോദിക്കുന്നുള്ളു. അതിനകം അൻപതിനായിരത്തിൽകുറയാത്ത സമ്പാദ്യവുമായി ഞാൻ വന്നു പത്മയെ ഏററുവാങ്ങിക്കൊള്ളാം.

പ-പിതാവു്:— അഞ്ചു കൊല്ലം—അഞ്ചു കൊല്ലംകൂടി അവളെ വിവാഹം കഴിക്കാതിരിക്കയോ? കൊള്ളാം. ഞാൻ വിചാരിച്ചതുപോലെ നിനക്ക ഭ്രാന്തുണ്ടു്.

ഹര—സാഷ്ടാംഗപ്രണാമംചെയ്തു പറഞ്ഞു. പിതാവേ അങ്ങനെ അപേക്ഷിക്കാവുന്നതല്ല. എന്നാലും—എന്നെ ഉപേക്ഷിക്കരുതെ എനിക്കും പത്മയ്ക്കും വേണ്ടി അവിടുന്ന അതു കേഠക്കണം. അതെ പത്മ എന്നെ സ്നേഹിക്കുന്നുണ്ടെന്നു എനിക്കറിയാം

ഏതായാലും വലിയൊരുവാഗ്വാദത്തിനു ശേഷം പത്മയുടെ പിതാവു മൂക്കിമൂളിസമ്മതിച്ചു എന്നു ഹരനുതോന്നി. അയാഠം ജൈത്രയാത്രക്കൊരുങ്ങി മുററത്തുനിന്നു പത്മയോടു ഹൃദയസ്പർശിയായ ഒരു നോട്ടത്തോടെ യാത്രപറഞ്ഞു. ആ കാമുകഭ്രാന്തൻ എങ്ങോട്ടെന്നില്ലാതെ എറങ്ങിപ്പോയി. അതിൽപിന്നെ ആ യുവാവിനെ നാട്ടുകാർ കണ്ടിട്ടില്ല. അയാഠം ധനം സമ്പാദിക്കാനായി ഏതുനിധി— അല്ലെങ്കിൽ ഏതുജോലി അന്വേഷിച്ചുപോയി എന്നു ആൎക്കും അറിഞ്ഞുകൂടാ. പലരും പത്മയോടുചോദിച്ചു എന്നാൽ അവഠക്കോ ആ സാഹസികയുവാവിൻെറ സംരംഭം എന്തായിരുന്നു എന്നു ഊഹിക്കാൻപോലും കഴിഞ്ഞില്ല.

* * *

കാലം പിന്നെയുംകഴിഞ്ഞു. കഥകഠ നിറഞ്ഞമാസമല്ല കൊല്ലംതന്നെ നാലുകഴിഞ്ഞുപോയി. എന്നാൽ അന്നത്തെ കാലാവസ്ഥയൊ നഭസ്സിൽ കാറൊഴിയുന്നതല്ല തിങ്ങിനിറയുന്നതായിരുന്നു ആ അത്യുഗ്രമാരിയിൽ അന്ധകാരനിശീഥിനിയിൽ അഖിലരും അകത്തടച്ചുറങ്ങുമ്പോഠം ചന്ദ്രഗിരിതോട്ടത്തിൻെറ നടുക്കുള്ള ബംഗ്ലാവിൽ ഒരാഠം അസ്വസ്ഥചിത്തനായി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു അവിടെ ഉള്ളവരിൽ ആൎക്കും കണ്ടാൽ അത്ഭുതംതോന്നിയില്ല. അവർഅറിഞ്ഞുതുടങ്ങിയനാഠമുതൽ അയാളുടെപതിവിതാണു .ആരുമില്ലാത്തപ്പോഠം ഓരോന്നോൎക്കെ-ഓൎമ്മയില്ലാതെ പലതുംപുലമ്പുകയും.പത്മ-പത്മഎന്നുതെളിച്ചുതന്നെകേഠക്കാം അഞ്ചുകൊല്ലം—അമ്പതിനായിരം എന്നൊക്കെ അവ്യക്തമായും. യുവാവു കുറേനേരംഅങ്ങോട്ടുമിങ്ങോട്ടും നടന്നു. അതുകഴിഞ്ഞു ചുവരിലുള്ള പഞ്ചാംഗത്തിൽ സൂക്ഷിച്ചൊന്നു നോക്കി. എന്നിട്ടു മേശതുറന്നു ചില കടലാസുകഠ എടുത്തു എണ്ണിനോക്കി! എന്നിട്ടു കുറേനേരം ചിന്താമഗ്നനായിരുന്നു പറഞ്ഞു. അഞ്ചു കൊല്ലത്തിനു അഞ്ചുമാസം ബാക്കിയുണ്ടു്. അമ്പതിനായിരത്തിനു വെറും അഞ്ഞൂറും. ആശ്വാസസൂചകമായ ഒരുനിശ്വാസത്തോടെ്മേശപ്പുറത്തേക്കുതന്നെ അയാഠം തലചായിച്ചു പക്ഷെ ഉറങ്ങുകയാണോ എന്നു ഈശ്വരനേ അറിയാവൂ.

* * *

ഒരു സായാഹ്നത്തിൽ പത്മയുടെ ഗൃഹത്തിനു അഭിമുഖമായി ഗ്രാമവീഥിയിൽകൂടി ഒരു കുതിരവണ്ടി അതിവേഗം വരുന്നതുകാണായി. അതൊരു സാധാരണ സംഭവമല്ലാത്തതുകൊണ്ടു ഗ്രാമവാസികഠ കൂട്ടംകൂടി നോക്കിനിന്നു. എന്നാൽ അതിൽനിന്നിറങ്ങി അകത്തേക്കു നടന്ന ആഗതനെ ആരും തിരിച്ചറിഞ്ഞില്ല. അത്ര പകിട്ടും പുതുമയും നിറഞ്ഞിരുന്നതായിരുന്നു ആ വേഷം. അതിഥിയെ അതിയായി സൽക്കരിച്ചുകൊണ്ടു പത്മയുടെ സോദരൻ ചോദിച്ചു. "എവിടുന്നാണു്—എന്താണു ജോലി." അല്പനേരത്തെ മൌനാനന്തരം ആഗതൻ ചോദിച്ചു. നിങ്ങളുടെ അച്ഛനെവിടെ?

അച്ഛൻ മരിച്ചിട്ടു ഏകദേശം ൭ കൊല്ലത്തോളമായി.

"സോദരിയോ" അക്ഷമയോടെ അയാഠം വീണ്ടും ചോദിച്ചു.

അവഠം ഭർത്തൃഗൃഹത്തിലാണു്. ഇതാ ഈ തെരുവിൻെറ അങ്ങേഅററത്തെ ഗൃഹം.

ഇങ്ങനെ ചോദിക്കാൻ കാരണം.

ഭർത്തൃഗൃഹത്തിലോ—ഭർത്തൃഗൃഹത്തിൽ. അതിരില്ലാത്ത അത്ഭുതത്തോടും അന്തഃക്ഷോഭത്തോടും അതിഥി ചോദിച്ചു

"അതേ. അല്ലാതെ എവിടെയാണവഠം താമസിക്കേണ്ടതു്." ഗൃഹനായകനുംഅത്ഭുതപ്പെട്ടു.

അവളെ ഹരദത്തനു വാഗ്ദാനംചെയ്തിരുന്നില്ലെ നിങ്ങളുടെ പിതാവു്. കോപവും താപവും കലൎന്നസ്വരത്തിൽ അയാഠം അലറി 5 കൊല്ലത്തിനു ഇനി 5 ദിവസം ബാക്കിയുണ്ടു്. മനസ്സിലായോ.

പത്മയുടെ സോദരനു ആഠം മനസ്സിലായി—"പഴേ ഹരദത്തനോ ഇതു്. ഇതുവരെ വല്ല തഹശീൽദാരൊ മുൻസിഫൊആണെന്നല്ലെ വിചാരിച്ചതു് ഈ തെണ്ടിക്കു ഇത്ര ധിക്കാരമോ. ഉച്ചസ്വരത്തിൽ അയാളും പ്രതിവചിച്ചു. "എന്നുവിചാരിച്ചു പ്രായമായ ഒരു പെൺകുട്ടിയെ നാടുവിട്ടുപോയ ഒരാളിനെ കാത്തു വച്ചുകൊണ്ടിരിക്കണമോ ഞാൻ. നിനക്കെന്താ പഴയ ഭ്രാന്തു ഇനിയും മാറീട്ടില്ലെ" "ഭ്രാന്തൻതന്നെ ഭ്രാന്തൻ. ഇന്നുമുതൽ മുഴുഭ്രാന്തൻ. പക്ഷെ ഞാനിതിനു പ്രതികാരംചെയ്യും. ഭയങ്കരമായ പ്രതികാരം. ഓത്തുകൊള്ളൂ." ഇങ്ങനെ പറഞ്ഞു പരമാത്ഥഭ്രാന്തനെപ്പോലെ ആ യുവാവു ഓടിയിറങ്ങിപ്പോയി വിസ്മിതനായി ഗൃഹനായകൻ നോക്കിനിന്നു. ഇതെന്തു മയ്യാദ. 5 കൊല്ലം മുമ്പു അച്ഛൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിനു താൻ ഉത്തരവാദിയോ. പ്രതികാരം ചെയ്യുംപോലും. ഈ തെണ്ടി എന്താ. രാജാവോമറേറാ ആണൊ—അയാഠം നിന്ദാസൂചകമായി ഒന്നു ചിരിച്ചു.

* * *

പിറേറദിവസം ഉച്ചയ്ക്കു ഹരദത്തൻ ഗ്രാമക്കിണറിനടുത്തുള്ള വൃക്ഷഛായയിൽ കാത്തിരുന്നു. അയ്യാളുടെ ദേഹം കോപംകൊണ്ടു വിറക്കുന്നുണ്ടായിരുന്നു വിശ്വാസഘാതകി—അവളോടാണിതിനു പ്രതിക്രിയ ചെയ്യേണ്ടതു്. എന്നാൽ അവഠം എന്തു വിശ്വാസമാണു നഠകിയിരുന്നതു്. അവഠക്കു എന്തു നഠകുവാൻ കഴിയും. അതു അയാഠം ഓത്തില്ല. അനേകം സ്ത്രീകഠ വന്നു വെള്ളംകോരിക്കൊണ്ടുപോയി. അവയിൽ ഒന്നിലും അയാളുടെ ബലിസാധനം കണ്ടില്ല. അവഠം അറിഞ്ഞിരിക്കുമോ.ഒരു പക്ഷേ വരാതിരിക്കുമോ എന്നയാഠം സംശയിച്ചു. അതാ ഒരു യുവതി കുടവും തോളിൽവച്ചു ചിന്താമഗ്നയായി മന്ദംമന്ദം നടന്നുവരുന്നു. അവളെ തുടൎന്നു ഒരു മധുരമായ മഞ്ജീരശിഞ്ജിതവും അനുഗമിച്ചിരുന്നു അമ്മെ അതാരാ എന്നു അവളുടെ പിന്നിൽനിന്നു ഒരു ശബ്ദം കേട്ടു. നിൻെറ അമ്മാവൻ എന്നു് ഒന്നും ആലോചിക്കാതെ അവഠം ഉത്തരവുംപറഞ്ഞു. ഹരൻ ഇതൊന്നും കേട്ടില്ല. കയ്യിലിരുന്ന കഠാരിയുമോങ്ങി ഒരൊററ ചാട്ടത്തിനു അയാഠം അവളുടെ അടുത്തെത്തി "വിശ്വാസഘാതകീ! ദുഷ്ടേ! നീ ഇനി ഈ ഭൂമിയിൽ ജീവിക്കയില്ല." പത്മ ഞെട്ടി തലപൊക്കി നോക്കി. അവൎണ്ണനീയമായ ഒരു ഭാവവൈവർണ്യം അവളുടെ മുഖത്തു കളിയാടി. എന്നാൽ അതിൽ ദ്വേഷത്തിൻെറ ലാഞ്ഛനപോലുമില്ലായിരുന്നു.

അയാഠം ഇടിവെട്ടുന്ന സ്വരത്തിൽ പറഞ്ഞു. "നീ എന്നെ ചതിച്ചു. എൻെറ ജിവിതസുഖം നഷ്ടമാക്കി. മഹാപാപി! നിനക്കവേണ്ടി ഞാൻ ആഹാരവുംകൂടി കഴിക്കാതെ ൫ കൊല്ലംപണിയെടുത്തു അതിൻെറയെല്ലാം കൂലി ഇന്നു ഒന്നോടെ തന്നേക്കാം.

ഒരു നിലവിളി—ഒരപേക്ഷ—ഒരഭയാത്ഥനപോലും അവളിൽനിന്നു പുറപ്പെട്ടില്ല. നിശ്ചേതനയായ അവഠം നിന്നനില്യ്ക്കു നിന്നു.

കത്തിയുമോങ്ങി മുന്നോട്ടു പാഞ്ഞ കാലതുല്യനായ യുവാവിൻെറ കാലിന്മേൽ രണ്ടു മൃദുലകരങ്ങഠ ആശ്ലേഷിച്ചു. അമ്മാവാ എൻെറ അമ്മ എന്നു കാതരമായ ഒരു കളശബ്ദം മുഴങ്ങി. അവിചാരിതമായ ആ പ്രതിബന്ധത്തിൽ ഞെട്ടിത്തിരിഞ്ഞു നോക്കിയ അയാഠം കണ്ടതെന്താണു്. കഷ്ടിച്ചു മൂന്നുവയസ്സായ ഒരു മോഹനബാലിക കരച്ചിലിൻെറ ആരംഭത്തോടെ നില്ക്കുന്നതു .

ഹരൻ നിശ്ചേഷ്ടനായി. പത്മയുടെ പതിനഞ്ചുകൊല്ലം മുമ്പുള്ള ആകൃതി അയാഠം ഓത്തു. അഹോ എന്തൊരു നിസൎഗ്ഗസുന്ദരമായ മുഖം അമ്മാവാ എൻെറ അമ്മഎന്നു ആ അസ്പഷ്ടവാണിപിന്നേയും മുഴങ്ങി. പ്രതികാരദേവതയുടെ കരാളഗ്രാസത്തിൽനിന്നു മുക്തനായ അയാഠം പ്രകൃതിയുടെ അത്യുജ്വലാകർഷണത്തിനു വിധേയനായി. ചേതോഹരമായ ബാല്യമേ, നിൻെറ വശീകരണശക്തി!

അയാഠം ബാലികയെ വാരിയെടുത്തു. അപ്പോഴും അമ്മ ശബ്ദിച്ചില്ല. ആ നിഷ്ഠുരൻ അവളെ നിലത്തടിച്ചു കൊന്നാൽ അവളെന്തുചെയ്യും. എന്തൊ ദൈവത്തിനുമാ



സാറിലെ വോട്ടിനുശേഷം അവിടെനിന്നും 2500-ആളുകൾ ഫ്റാൻസിൽ പ്രവേശിച്ചിരിക്കുന്നു. അവരെ ഫറാൻസിന്റെ തെക്കുഭാഗത്തു താമസിക്കാൻ അയച്ചിരിക്കുന്നു.

* * *

അക്ടോബറിൽ ഉദ്യോഗകാലാവധിതീരുന്ന ആസ്ത്രിയൻപ്രസിഡന്റ് മിക്കലാസിന്റെ സ്ഥാനത്തേക്കു ആർച്ച്ഡ്യൂക്ക്യുങ്ങിനെ നിയമിക്കുവാൻ ഇടയുണ്ടെന്നുള്ള ഒരു പ്രസ്താവന അവിടെ ശക്തിയായി പ്രചരിച്ചിരിക്കുന്നു

* * *

ദക്ഷിണാഫ്രിക്കയിൽനടക്കുന്ന ഇംപീരിയൽപ്രസ്സ് കാൺഫറൻസിൽ ഇന്ത്യൻപത്രാധിപന്മാർക്കു പ്രവേശനം അനുവദിക്കാതിരിക്കുന്നതിനെ ലണ്ടൻപത്രപ്രവർത്തകസംഘം പ്രതിഷേധിക്കുന്നു. ഇന്ത്യാക്കാരല്ലാത്ത പത്രാധിപന്മാർവഴിയായി ഇന്ത്യയെ പ്രതിനിധീകരിക്കയെന്നസമ്പ്രദായത്തെപ്പററിയും സംഘത്തിനു ശക്തിയായ അതൃപ്തിയുണ്ട്.

* * *

ടർക്കിയിലെ ഒരു മഹതി.



മാഡം ഹലീദെ എഡിബ്.

പ്രസിദ്ധ ഗ്രന്ഥകർത്രിയായ ഈ ടർക്കിഷ് മഹതി ഇൻഡ്യയിൽ സഞ്ചരിച്ചുവരുന്നു. ഇവർ ടർക്കിയിലെ സ്ഥിതിഗതികളെപ്പററി ഡെൽഹിയിലെ നാഷനൽമുസ്ലിംസർവ്വകലാശാലയിൽവച്ചു പ്രസംഗങ്ങൾ നടത്തിവരുന്നു.

* * *


സാർ ജർമ്മനിക്കു തിരിച്ചുകൊടുക്കുന്നതു സംബന്ധിച്ചു ജർമ്മനിയും ഫ്റാൻസും തമ്മിൽ യോജിച്ചതീരുമാനമുണ്ടായിരിക്കുന്നു. മാർച്ച് ഒന്നാംതീയതി ഈമാററം നടത്തണമെന്നാണ് തീരുമാനിച്ചിരിക്കുന്നതു് പക്ഷെ ഫെബ്റുവരി പതിനഞ്ചാംതീയതിക്കകം തക്കങ്ങളെല്ലാംതീർന്നു വരാത്തപക്ഷം തീരുമാനമുണ്ടാക്കാനായി ലീഗ് വീണ്ടും കൂടുന്നതായിരിക്കും

* * *

ഗ്ലാസ്ഗോയിലെ തൊഴിലാളിപ്രതിനിധിയായ മി. മാക്സ്റ്റൺ പണ്ഡിതജവഹരിലാൽനെഹ്റുവിനെ ജയിലിൽനിന്നു വിടണമെന്നുകാണിച്ചു സ്റ്റേറവുസ്ക്രട്ടറിക്കൊരു കത്തയച്ചിരിക്കുന്നു. ബ്രിട്ടീഷുഭരണം അവസാനിപ്പിക്കാനുള്ള പ്രസംഗംചെയ്ത പണ്ഡിതജിയെ വിടുകയില്ലെന്നുതന്നെ സർ സാമുവൽഹോർ ശഠിക്കുന്നു. പണ്ഡിതജിയുടെ ഭാര്യയുടെ രോഗം വിഷമാവസ്ഥയിലെത്തുമ്പോൾ ഇനിയും താൽക്കാലികമായി അദ്ദേഹത്തെ മോചിപ്പിക്കുമെന്നു സർ സമുവൽ പറയുന്നുണ്ട്.

* * *

ലോയിഡ്പ്രഭു.



ബാംബെഗവർണ്ണരായിരുന്ന ലോയിഡ് പ്രഭു ഇന്ത്യൻഭരണപരിഷ്കാര പദ്ധതിയെ വിമർശിച്ചു ഒരു പ്രക്ഷേപണപ്രസംഗം ഈയിടെ നടത്തുകയുണ്ടായി. ഇന്ത്യയ്ക്കു വഹിക്കാവുന്നതിൽ കൂടുതലായ സ്വാതന്ത്ര്യമാണു പുതിയ പദ്ധതി ഇന്ത്യയ്ക്കു കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്നാണു ഇദ്ദേഹത്തിന്റെ അഭിപ്രായം ചർച്ചിൽസംഘത്തിലെ ഒരു പ്രമാണിയാണ് ഇദ്ദേഹം.

* * *

ഭാര്യ വിവാഹമോചനം നേടുകയും, തന്റെ കുട്ടികളുടെ രക്ഷാകർതൃസ്ഥാനം മാതാവിനു കിട്ടാതെ ഭാര്യയ്ക്കുതന്നെ കിട്ടുകയും ചെയ്യുകയാൽ നിരാശക്രോധിതനായി ചമഞ്ഞ റെയിസു റൊണ്ട്യൂ എന്ന പാരീസിലെ ഒരു ജയിൽപുള്ളി നാല്പതുഗ്യാലൻ സൂപ്പു തിളച്ചുകൊണ്ടിരുന്ന ഒരു കുട്ടകത്തിൽ ചാടി ആത്മഹത്യചെയ്തിരിക്കുന്നു. ശാന്തനും സൽസ്വഭാവിയുമായിരുന്ന ഇയാളെ ഒരു മാതൃകാതടവുകാരനായി ജയിലധികൃതന്മാർ കരുതിയിരുന്നു.

* * *

സാമുദായികഉറപ്പിനേയും ശരിയായ ഭരണത്തെയും മുൻനിർത്തി നിർബന്ധിതതൊഴിലില്ലായ്മ ഇൻഷ്വറൻസ്, ചില്ലറ ശമ്പളക്കാർക്കായുള്ള നിർബന്ധിതവാർദ്ധക്യഇൻഷ്വറൻസ്, വൃദ്ധന്മാർക്കായി ആണ്ടുതോറുമുള്ള വേതനങ്ങൾ, സാധുക്കൾക്കു വാർദ്ധക്യകാലത്തേക്കു പെൻഷൻ, രോഗിണികളായ മാതാക്കൾക്കും, കുട്ടികൾക്കും, പൊതുജനാരോഗ്യത്തിനുവേണ്ടി ഗ്രാന്റുകൾ എന്നീ അഞ്ചു സംഗതികളും ചേർത്തിട്ടുള്ള പഞ്ചമുഖബിൽ സെനററർ വാഗ്നർ അമേരിക്കൻകാൺഗ്രസ്സിൽ സമർപ്പിച്ചിരിക്കുന്നു. ജൂലൈ ഒന്നാംതീയതി ആരംഭിക്കുന്ന ധനവർഷത്തിൽ പത്തുകോടി ഡാളറും, പിന്നീടു കൊല്ലംതോറും ഇരുപതുകോടിഡാളറും വീതവും ഇതിനായി ചിലവാക്കണമെന്നും ബില്ലിൽ പ്രസ്താവിട്ടുണ്ട്.

* * *

ചന്ദ്രനിൽ ജന്തുസസ്യാദികൾ ഉണ്ടെന്നുള്ള അഭിപ്രായത്തിനു യാതൊരർത്ഥവുമില്ലെന്നു ഈയിടെ വാഷിങ്ടണിൽക്കൂടിയ ഒരു ശാസ്ത്രജ്ഞവിദഗ്ദ്ധന്മാർ അഭിപ്രായപ്പെ

---

ത്രമറിയാം. ഹരദത്തൻ കുട്ടിയെ എടുത്തു ആർത്തിയോടെ അനേകംഉരു ചുംബിച്ചു. ബാലികയുടെ ചെറുവദനങ്ങൾ തിളങ്ങി. ആ കഴുത്തിൽ കെട്ടിപ്പിടിച്ചു അയാളുടെ കവിൾത്തടത്തിൽ അവളുടെ സ്വന്തമായ ഒരു സമ്മാനംനൽകി. അമ്മാവൻ— അമ്മാവൻ'' എന്നവൾ പലവുരു പറഞ്ഞു. അയാൾ മതിമറന്നുപോയി ഒരപരിചിതനോടു ഒരന്യശിശുവിനു ഇത്ര സന്തോഷമോ. ഇതത്യത്ഭുതംതന്നെ. സ്ഥിതിഗതികൾക്കു വിധേയനായ ഹരൻ സ്വപ്നത്തിൽ നിന്നുണർന്നപോലെ കുട്ടിയെ നിലത്തുനിർത്തി, അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു. "പത്മേ ഞാൻ സാഹസികനാണു് മനോനിയന്ത്രണത്തിനു എനിക്കു ശക്തിയില്ല. പൊയ്ക്കൊള്ളൂ. ഇതാ ഇതും എടുത്തുകൊണ്ടു വേഗം ഓടിക്കൊള്ളൂ. ഇതു ഞാൻ നിനക്കായി സമ്പാദിച്ചതാണു്. ഇനിയും നിനക്കല്ലേ നിന്റെ പുത്രിക്കു ഇരിക്കട്ടെ'' തന്റെ കീശയിൽകടന്ന അമ്പതിനായിരം രൂപയുടെ ചെക്കു മുന്നോട്ടു വലിച്ചെറിഞ്ഞിട്ടു അയാൾ അതിശക്തിയോടെ ആ കഠാര തന്റെ നെഞ്ചിൽ കുത്തിയിറക്കി. ഇപ്പോൾമാത്രം 'അയ്യോ' എന്നു നിലവിളിച്ചുകൊണ്ടു പത്മ തടയാനായി ഓടിച്ചെന്നു എന്നാൽ അപ്പോഴേക്കും ആ നിശിതായുധം ആ നിരാശഹൃദയത്തിന്റെ ആഴം അളന്നുകഴിഞ്ഞിരുന്നു.

## റഷ്യൻനേതാവിന്റെ ശവസംസ്കാരഘോഷയാത്ര



ഈയിടെ വധിക്കപ്പെട്ട കിരോവ് എന്ന റഷ്യൻരാജ്യതന്ത്രജ്ഞന്റെ ശവശരീരം ലെനിൻഗ്രാഡിൽനിന്നു മോസ്കോവിൽ കൊണ്ടുചെന്നാണു സംസ്കരിക്കപ്പെട്ടതു്. സോവിയററു സർവ്വാധിപതിയായ സ്ററാലിൻ, യുദ്ധകാര്യമന്ത്രി വോറോഷിലോവു മുതലായ വലിയ ഉദ്യോഗസ്ഥന്മാർ മൃതശരീരത്തെ അനുഗമിച്ചു കഠിനമായ മഞ്ഞുണ്ടായിരുന്നിട്ടും ലക്ഷക്കണക്കിനു ജനങ്ങൾ ഘോഷയാത്രയിൽ പങ്കുകൊണ്ടിരുന്നു. പീരങ്കിവണ്ടിയുടെ നേരേ പിമ്പിലായി സ്ററാലിൻ, വോറോഷിലോവ് മുതലായവർ നടക്കുന്നു.

U. P. S.


ട്ടിരിക്കുന്നു. കുറച്ചുകാലംമുൻപുവരെ ചന്ദ്രനിൽ ജീവികളുണ്ടെന്നുള്ള അഭിപ്രായം മിക്കശാസ്ത്രജ്ഞന്മാൎക്കുമുണ്ടായിരുന്നു. അഗ്നിപൎവ്വതങ്ങൾ അവിടെയുണ്ടെന്നുള്ളതിനുവേണ്ട അടയാളങ്ങളും ചന്ദ്രന്റെ നിറത്തിൽഉണ്ടാകാറുള്ള വ്യത്യാസങ്ങൾകൊണ്ടു് സസ്യങ്ങൾ ഉണ്ടെന്നുള്ള സൂചനകളും ധാരാളമുണ്ടെന്നായിരുന്നു ഇവരുടെ മതം. എന്നാൽ ഇതിനെപ്പററി ദീർഘമായും ഗൗരവമായും നമ്മുടെ ചന്ദ്രകമ്മററി ആലോചനകൾ നടത്തിയതിന്റെഫലമായി ഭൂമിയിൽ നാം മനസ്സിലാക്കിയിരിക്കുന്ന രീതിയിലുള്ള ജീവിതസമ്പ്രദായമോ ജീവികളോ അവിടെ ഒട്ടുംതന്നെയില്ലെന്നു ഇപ്പോൾ വ്യക്തമായിരിക്കുന്നു. വായുവോ ജലമോ അവിടെയില്ലെന്നുകൂടി ഇവൎക്കു അഭിപ്രായമുണ്ടു്.

*　　　*　　　*

പുൽഹേലിൽവച്ചു് മി: ലായിഡ് ജാർജ്ചെയ്ത രണ്ടാമത്തെപ്രസംഗത്തിൽ വ്യവസായയന്ത്രത്തിന്റെ തുടക്കം കൂട്ടുവാൻ എണ്ണയിട്ടുവാനും, രാജ്യത്തിന്റെ ആവശ്യത്തിനു മതിയാകുംവണ്ണം ഈവകുപ്പിന്റെ ശക്തിവൎദ്ധിപ്പിക്കുവാനും അദ്ദേഹം ബ്രിട്ടീഷുകാരോടഭ്യൎത്ഥിക്കുന്നു. കാൎയ്യക്ഷമതയുള്ള വ്യവസായം, ഫലഭൂയിഷ്ഠമായ സ്ഥലം ആരോഗ്യകരമായ ജീവിതത്തിനുതകിയവാസസ്ഥലങ്ങൾ, എന്നിവക്കായി അദ്ദേഹം അപേക്ഷിച്ചു. “ഇന്നുവ്യാപിച്ചിരിക്കുന്ന തൊഴിലില്ലായ്മയേയുംഅതുമൂലംമുണ്ടായിരിക്കുന്ന അലസതയെയും മാററുവാൻ തമിക്കുക; അപ്പോൾബ്രിട്ടന്റെ ഭരണാധികാരികളുടെദൂരദൎശനത്തേയും, പരിശ്രമശീലത്തെയു ബ്രിട്ടീഷുകാർ സ്തുതിക്കും” ഈവിധമാണു് അദ്ദേഹംപ്രസംഗം ഉപസംഹരിച്ചതു്.

*　　*　　*　　*

അത്‌ലോൺപ്രഭു



ചക്രവൎത്തിതിരുമനസ്സിലെ സഹോദരനും തെക്കേആഫ്രിക്കയിലെ ഗവർണർജനറൽ ആയിരുന്ന ദേഹവുമായ ഏൎൾ അഫ് അത്‌ലോണും പത്നിയും ഇന്ത്യ സന്ദർശിക്കുന്ന അവസരത്തിൽ വൈസ്രായിയുടെ അതിഥികളായിരിക്കുന്നതാണു്.

*　　*　　*

രജതജൂബിലിസംബന്ധിച്ചു ലണ്ടനിൽ നടക്കുന്ന ആഘോഷങ്ങൾക്കിടയിൽ അകമ്പടിസേവിക്കാൻ തന്റെ ആണററി എ. ഡി. സി. മാരായ ബിക്കാനിയർമഹാരാജാവ്, പാടയാലാമഹാരാജാവ് സർ ഉമർഹയത്ഖാൻ, കാഷ്മീർമഹാരാജാവ് എന്നിവരെ ചക്രവൎത്തിതിരുമനസ്സുകൊണ്ടു് കല്പിച്ചുക്ഷണിച്ചിരിക്കുന്നു

*　　*　　*

വെറും കാററിന്റെസഹായത്താൽ യാതൊരു ചിലവുംകൂടാതെ ഇലക്ട്രിസിററി ഉല്പാദിപ്പിക്കാമെന്നു ബെൽഗ്രേഡിലെ ചില ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നുവത്രെ. ആകൎഷികശക്തിയുടെ ഉല്പാദനത്തിനു മേലാൽ യാതൊരു പ്രയാസവും ഇല്ലെന്നും തങ്ങളുടെ കണ്ടുപിടിത്തം വ്യവസായലോകത്തിൽ വലുതായ മാററങ്ങൾക്കു ഹേതുവായി തീരുമെന്നും, കല്ക്കരി, പെട്രോൾ, എണ്ണകൾമുതലായതിന്റെ ആവശ്യം മേലാലുണ്ടാകുന്നതല്ലെന്നുംമററും പ്രസ്തുത ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നു. ട്രെയിനുകൾ ഓടിപ്പാനും വൈദ്യുതദീപങ്ങൾവകയ്ക്കും വ്യവസായശാലകളിലേക്കുംവേണ്ട ഇലക്ട്രിസിററി സമ്പാദിക്കുവാൻ പ്രത്യേകകേന്ദ്രങ്ങൾ സ്ഥാപിക്കുന്നകാൎയ്യത്തിൽ ഇവർ വ്യാപൃതരായിരിക്കയാണു്.

# മലയാളരാജ്യം.

1110 മകരം 15 ാംനു- തിങ്കളാഴ്ച

ഉണക്കുകൊണ്ടും പുഴുക്കളുടെ ആക്രമണംകൊണ്ടുംമററും തിരുവിതാംകൂറിൽ ഉണ്ടായിരിക്കുന്ന കൃഷിപ്പിഴയിൽനിന്നും ഈ നാട്ടിലെ ഭൂരിപക്ഷംവരുന്ന കർഷകരെ രക്ഷിക്കണമെന്നു ഗവർമ്മെൻറിനോടാവശ്യപ്പെടുന്ന അടിയന്തിരപ്രമേയം ശ്രീമൂലം അസംബ്ളിയിൽ അനല്പമായ ഭൂരിപക്ഷത്തോടെ പാസ്സായിരിക്കുന്നു. കൃഷിനാശം നേരിട്ടുകൊണ്ടിരിക്കുന്നുവെന്നു ഗവർമ്മെൻറിനു റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരുന്നിട്ടും കർഷകരുടെ ദുരിതനിവാരണത്തിനായി ഗവർമ്മെൻറു എന്താണു ചെയ്യാൻപോകുന്നതെന്നു സുനിശ്ചിതമായി നിയമസഭയെ അറിയിക്കുവാൻ ഗവർമ്മെൻറിനു സാധിക്കാതെപോയതു ഒട്ടും അഭിമാനകരമല്ല പലതും ആലോചിക്കുന്നുവെന്നും ഉൽകണ്ഠ വളരെയുണ്ടെന്നുംമററുമുള്ള സമാധാനങ്ങൾ കൊണ്ടു തൃപ്തരാവാൻ ഈ അവസരത്തിലും ഗവർമ്മെൻറു മടിച്ചില്ല. ഈ അടിയന്തിരപ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദാവസരത്തിൽ കർഷകക്കുവേണ്ടി എന്തു പദ്ധതിയാണു അവലംബിക്കുവാൻ പോകുന്നതെന്നു ഗവർമ്മെൻറു വ്യക്തമായും സുനിശ്ചിതമായും വെളിപ്പെടുത്തുന്നതാണെന്ന പ്രതീക്ഷ നിരാശയിലാണവസാനിച്ചതു്. അതുകൊണ്ടായിരിക്കണം അനുദ്യോഗസ്ഥമെമ്പറന്മാർ പ്രമേയം വോട്ടിനിടണമെന്നു നിശ്ചയിച്ചതു്. പരക്കെയുള്ള സാമ്പത്തികദുരിതാവസ്ഥയ്ക്കുപുറമെ പ്രകൃതിയും നിർദ്ദയതപം തുടങ്ങുന്ന അവസരങ്ങളിൽ ആലോചനകളെക്കാൾ പ്രവൃത്തിയ്ക്കാണു മഹാത്മ്യം എന്നു പ്രത്യേകംപറയേണ്ടതില്ലല്ലോ.

*　　*　　*

മിതമദ്യപാനനയമാണു തങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്നു ഗവർമ്മെൻറും എക്സൈസുകമ്മിഷണരും ആവത്തിച്ചു പ്രഖ്യാപനംചെയ്യാറുണ്ടു്. മദ്യഷാപ്പുകളുടെ എണ്ണം ക്രമേണ കുറയ്ക്കുക, ലേലത്തുകകൾ കഴിയുന്നതു കൂട്ടുക എന്നീ മാർഗ്ഗങ്ങളിൽക്കൂടിയാണു ഈ മിതമദ്യപാനനയം പ്രയുക്തമാക്കുവാൻ അധികൃതന്മാർ ശ്രമിച്ചുവരുന്നതു് ഇതുകൊണ്ടു മിതമദ്യപാനനയത്തിനു യഥാർത്ഥത്തിൽ പ്രോത്സാഹനം ലഭിക്കുന്നതല്ലെന്നുമാത്രമല്ല, അതു അഴിമതികൾക്കു പ്രേരകമായിത്തീരുകയുമാണു ചെയ്യുന്നതു്. വ്യാജങ്ങൾ കണ്ടുപിടിക്കയും തടയുകയുംചെയ്യുന്നജോലി എക്സൈസുകീഴ ജീവനക്കാർശരിക്കു നിവ്വഹിച്ചുകൊള്ളുമെന്നു വിട്ടുകളയാൻ പാടുള്ളതല്ല. അവരുടെ കർത്തവ്യം അവർ ശരിക്കു നിവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുവാൻ കമ്മിഷണരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ചെറിയ സി ഐ. ഡി. റിസർവ്വ് സംഘടിപ്പിക്കുന്നതു ആശാസ്യമായിരിക്കും. പുകയിലയുടെ വ്യാജം കണ്ടുപിടിക്കാനായി രണ്ടു സി. ഐ ഡി. സബ്ഇൻസ്പെക്ടറന്മാർ ഇപ്പോൾഉണ്ടു്. ഈ സി. ഐ. ഡ -സിസ്റ്റത്തെ ഒന്നുകൂടി വലുതാക്കി എല്ലാ സന്ദർഭത്തിലും അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതായി ഒരു ഭയം ഡിപ്പാർട്ടുമെൻറുസിൽ ബന്തികളുടെഉള്ളിൽ ജനിപ്പിക്കുന്നതായാൽ കാര്യങ്ങളുടെനില മാറുന്നതാണു്. സ്വഭാവശുദ്ധിയും ഉജ്ജ്വലതയുംഉള്ളവരും വിദ്യാഭ്യാസത്തിൻെറഗുണം സിദ്ധിച്ചവരുംആയവരെചേർത്തു രൂപതിയസ്റ്റാഫിനെസംഘടിപ്പിക്കുന്നതായാൽ ഇന്നു ഗവർമ്മെൻറിനു നഷ്ടമായിക്കൊണ്ടിരിക്കുന്നതുകകൾ നഷ്ടമാകാതെ കഴിക്കാവുന്നതാണ്.

*　　*　　*

തിരുവിതാംകൂർ വാണിജ്യസംഘത്തിൻെറ 1933-34-ലെ റിപ്പോർട്ടിൽനിന്നു് കൊല്ലം, തിരുവനന്തപുരം, കുളച്ചൽ എന്നീതുറമുഖങ്ങളിൽ കപ്പലുകൾ അടുക്കാംപോൾ തുറമുഖനികുതിമാത്രമേ കൊടുക്കപതിവുള്ളെന്നും ഈ തുറമുഖങ്ങളിൽ ഏററുമതിക്കും ഇറക്കുമതിക്കും ഡ്യൂസ് കൊടുക്കാറില്ലെന്നും കാണുന്നു. അതു വാസ്തവമാണെങ്കിൽ ഈ തുറമുഖങ്ങൾവഴിയായുള്ള ഏററിറക്കുമതികളുടെ വകയിൽ തിരുവിതാംകൂറിനു ഗണ്യമായ നഷ്ടമാണുണ്ടായിക്കൊണ്ടിരിക്കുന്നതു് തിരുവിതാംകൂറിൻെറ ഏററുമതിത്തീരുവകളും കൊല്ലംമുതൽ തെക്കോട്ടുള്ള തുറമുഖങ്ങളിലെ ഇറക്കുമതിത്തീരുവയും തിരുവിതാംകൂർസക്കാരിനു സ്വന്തമായുള്ളതാണു്. ഈ വക ഡ്യൂസ് പിരിക്കുന്നില്ലെങ്കിൽ അതെന്തുകൊണ്ടെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല തിരുവിതാംകൂറിലെ കസ്റ്റംസ്ഭരണം നടത്തുന്നതിനും കടൽവഴിയും കരവഴിയും തിരുവിതാംകൂറിലെ ഏററിറക്കുമതികളുടെ ശരിയായ സ്ഥിതിവിവരങ്ങൾ ശേഖരിച്ചു സംഘടിപ്പിക്കുന്നതിനുമായി, എക്സൈസ്ഡിപ്പാർട്ടുമെൻറിൽനിന്നു സ്വതന്ത്രമായി പുതിയവകുപ്പു സൃഷ്ടിച്ചു കസ്റ്റംസുസ്റ്റാററിസ്റ്റിക്സ് സംബന്ധിച്ച ചുമതലകൾ അതിനു വിട്ടുകൊടുക്കേണ്ടകാലം തിക്രമിച്ചിരിക്കുന്നു. ഒരു സമുദ്രതീരരാജ്യമായ തിരുവിതാംകൂറിനു ഈ വകുപ്പു ക്രമേണ കൂടുതൽകൂടുതൽ പ്രയോജനകരമായിത്തീരുമെന്നുള്ളതിനാൽ ഇക്കാര്യത്തിൽ ഗവണ്മെൻറു അമാന്തം കാണിക്കുന്നതു ശോഭനമായിരിക്കയില്ല.

*　　*　　*　　*

കൊച്ചിയിൽ പബ്ളിക്സർവ്വീസ്സുകമ്മീഷൻ നിയമിക്കണമെന്നവാദം തുടങ്ങിയിട്ടു കാലം കുറെയായി. കാര്യക്ഷമതയെയുംസാമുദായികവാദത്തെയും അനുരഞ്ജിപ്പിച്ചു തൃപ്തിപ്രദാനംചെയ്യാൻ പബ്ളിക്കുസർവ്വീസ് കമ്മിഷനെപ്പോലെ മററുപായം ഉള്ളതായി അറിയുന്നില്ല. എന്നിട്ടും ഇപ്പോഴുംആ കാര്യം ആലോചനയിലിരിക്കുന്നു എന്നു നിയമസഭായോഗത്തിൽ ഗവണ്മെൻറുപക്ഷത്തുനിന്നു പറഞ്ഞതായി കാണുന്നു. അവസാനമില്ലാത്ത ഇത്തരം ആലോചനകൾ കാര്യങ്ങളെ മുന്നോട്ടുകൊണ്ടുപോകയില്ല.

*　　*　　*　　*

കൽക്കത്തയിൽനിന്നു് അസംബ്ളിയിലേക്കു തിരഞ്ഞെടുത്തിരിക്കുന്ന ശ്രീയുത് ശരച്ചന്ദ്രബോസിനു അസംബ്ളിയിൽ ഹാജരായി തൻെറ കർത്തവ്യം നിവ്വഹിക്കത്തക്കവണ്ണം മോചനം അനുവദിക്കാത്തതിൽ ഗവണ്മെൻറിൻെറ പ്രവൃത്തിയെ ആക്ഷേപിച്ചുകൊണ്ടു കാൺഗ്രസ്സ്പക്ഷത്തുനിന്നു അവതരിപ്പിച്ച പ്രമേയം 54-വോട്ടിനെതിരായി 58-വോട്ടോടുകൂടി പാസ്സായിരിക്കുന്നു. ഇന്നു നിലവിലിരിക്കുന്ന ഭരണവ്യവസ്ഥയനുസരിച്ച് മി. ബോസിനു തിരഞ്ഞെടുപ്പിനു നിൽക്കാൻ യോഗ്യതയുണ്ടു്. അതനുസരിച്ചു അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയും അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പു അംഗീകരിച്ചുകൊണ്ടു ഗവമ്മെൻറുഗസററിൽ പരസ്യംചെയ്കയും സഭയിൽ ഹാജരാകുന്നതിനു അദ്ദേഹത്തിനു ഗവണ്ണർജനറാലിൻെറ സമൺസ് ലഭിക്കയും ചെയ്തിട്ടുണ്ടു്. ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നതിനും അസംബ്ളിയിൽ സന്നിഹിതനായി കൃത്യനിവ്വഹണം നടത്തുന്നതിനും മി. ബോസിനു ലഭിച്ചിരിക്കുന്ന നിയമാനുസാരമായ അവകാശത്തെ അദ്ദേഹത്തെ മോചിപ്പിക്കുവാനുള്ള വിസമ്മതംമൂലം ഗവർമ്മെൻറു ലംഘിക്കുകയാണു ചെയ്യുന്നതെന്നു ബുലാഭായിദേശായിമുതലായ കാൺഗ്രസ്സുമെമ്പറന്മാർ ഉജ്വലമായ പ്രസംഗങ്ങൾക്കിടയിൽ വിശദമാക്കി. ലാമെമ്പർ സർ എൻ. എൻ. സക്കാർപ്രമേയത്തെ എതിർത്തുകൊണ്ടുപറഞ്ഞ അഭിപ്രായങ്ങൾ വിചിത്രമായിരുന്നു. പരമാധികാരമില്ലാത്ത ഇന്ത്യാനിയമസഭയ്ക്കു വിശേഷാവകാശങ്ങൾ എന്നൊന്നില്ലെന്നും ആ സ്ഥിതിക്കു സഭയുടെയോ ഏതെങ്കിലും സഭാംഗങ്ങളുടെയോ വിശേഷാവകാശങ്ങളൊന്നും ലംഘിക്കപ്പെട്ടിട്ടില്ലെന്നുമാണദ്ദേഹം പറഞ്ഞതു്. അസംബ്ളിസമ്മേളനത്തിനു പോകുന്നവഴിയിൽ ഒരുമെമ്പർ കൊലപാതകംചെയ്താൽ അസംബ്ളിമെമ്പറാണെന്നോ അസംബ്ളിയോഗത്തിൽ സംബന്ധിക്കാൻപോകയാണെന്നോഉള്ള കാരണത്താൽ ആ മെമ്പറെ വിട്ടയക്കുമോ എന്നു ലാമെമ്പർ ചോദിച്ച വിചിത്രമായ ഒരു ചോദ്യം മി ശരത്ബോസ് കുററക്കാരനാണെന്നു് ധ്വനിപ്പിക്കുന്നു. എന്നാൽ വെറും എക്സിക്യൂട്ടീവ് ആജ്ഞയനുസരിച്ചു മൂന്നുവർഷമായി തടവിൽ പാർപ്പിച്ചിരിക്കുന്ന മി ബോസിൻെറമേൽ യാതൊരുകുററവും ആരോപിച്ചിട്ടില്ലെന്നും തന്നെ പ്രൈവററായോ പബ്ളിക്കായോ പ്രാസിക്യൂട്ടുചെയ്യുവാൻ അദ്ദേഹം പുറപ്പെടുവിച്ച ആഹ്വാനത്തെ ഗവമ്മെൻറു സ്വീകരിച്ചിട്ടില്ലെന്നും ഈ സന്ദർഭത്തിൽ ഓർത്തിരിക്കാനുള്ളതാണു്. സ്വതന്ത്രകക്ഷിനേതാക്കന്മാരായ ജിന്നായും സർ കോവാസ്ജി ജഹാംഗീറും ഗവർമ്മെൻറിൻെറ പ്രവൃത്തിയെ കഠിനമായി ആക്ഷേപിച്ചു. ഒരു പൗരനെ, പ്രത്യേകിച്ചും ഇന്ത്യാനിയമസഭയിലേക്കു നിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഒരു മെമ്പറിനെ, കുററംസ്ഥാപിക്കാതെ ഒരു ദിവസത്തേക്കുപോലുംതടവിൽ വച്ചുകൊണ്ടിരിക്കാൻ ഗവർമ്മെൻറിനധികാരമില്ലെന്നു അവർ രണ്ടു പേരും ശക്തിയായി വാദിച്ചു എങ്കിലും പ്രമേയം വോട്ടിനിട്ടയവസരത്തിൽ പത്തോളംവരുന്ന സ്വതന്ത്രകക്ഷിഅംഗങ്ങൾ നിഷ്പക്ഷനില അവലംബിക്കയാണുചെയ്തതു് ഇവരുടെ ഈനിഷ്പക്ഷനില പ്രമേയത്തിൻെറ വിജയത്തിനു ബാധകമായില്ലെങ്കിലും സഭയുടെഅധികാരാവകാശങ്ങളെ ബാധിക്കുന്ന ഇത്തരം പ്രധാനമായ ഒരു കാര്യത്തിൽ സ്വതന്ത്രകക്ഷി അവസാനത്തിൽ ഉദാസീനതകാണിച്ചതു" ഭാവിയെസംബന്ധിച്ചു ഗണ്യമായസൂചനകൾ പ്രദാനംചെയ്യുന്നു.





മുകളിൽ: (ഇടതുവശം) രാജകുമാരി ക്രസ്തുമസ്സ
മസ്സംബന്ധിച്ച റായൽകോറ
ക്ലെപ്ലട്ട്രചക്രവത്തിതിരുമനസ്സിലെ
റവുറോസ എന്നീ രാജകുമാരിമാരു
മാരിമാർ ആദ്യമായിട്ടാണു് ഇ
കളാകുന്നതു്.

(വലതുവശം) പ്രശസ്തയായ ഫ്രഞ്ചു
ത്തിലും, ഏററവും വേഗത്തിലും
ഈയിടെ ഒരു വിമാനഅപകടം
യാത്രയായി സംസ്കരിക്കുന്നതിന
ഗന്ധന്മാരും അതിൽ പംകുകൊ
സിലെ വ്യോമസൈന്യവകുപ്പിലെ

അടിയിൽ (ഇടതുവശം) വൈമാനികൻ
ടി. പി. അം എന്ന വൈമാനിക
ഹാർട്ടും ഒാക ലൻഡിൽനിന്നു
ലഭിച്ചിട്ടില്ല. പാസിഫിക്ക് സമ
പോയെന്നും തന്നെ രക്ഷിക്കണെ
ന്വേഷിക്കുന്നതിനായി അനേകം
ലമായിത്തീരുകയാണുണ്ടായതു്.

(വലതുവശം) ലിൻഡ്ബർഗ്ഗ് ശിശു
മോഷ്ടിച്ചുകൊണ്ടുപോയി പൈ
യ്യപ്പെട്ട ബ്രൂണോ റിച്ചാർഡ് ഹ
പേരിൽ കുററംസംബന്ധിച്ചു
ഹാപ്ട്മാനെ സംബന്ധിച്ചിട
എടുപ്പിച്ച ഈ ഫോട്ടോയുടെ അ
നിന്നും കണ്ടെടുക്കുക യാണുണ്ടായ





...തം പാടുന്നു. ആൽബർട്ട്ഹാളി(ലണ്ടൻ)ൽവച്ചു ക്രസ്തു
സൊസൈററിക്കാർ നടത്തിയ പാട്ടുകച്ചേരിയിൽ യാ
പുത്രൻ)വിൻെറ പുത്രിമാരായ എലിസബത്തു്, മാർഗറ
അവരുടെ മാതാവും പംകുകൊള്ളുകയുണ്ടായി. രാജകു
കാരം ഒരു പബ്ളിക്കു് സംഗീതസദസ്സിൽ ഭാഗഭാക്കു

...വൈമാനികയുടെ സംസ്കാരം. സ്ത്രീകളിൽ ഏററവും ഉയര
പറന്നിട്ടുള്ള ഹെലൻ ബൃഷർ എന്ന ഫ്റഞ്ചുവൈമാനിക
ലം ചരമഗതിയടഞ്ഞു ഇവരുടെ മൃതശരീരം ഘോഷ
കൊണ്ടുപോയപ്പോൾ ഫ്റാൻസിലെ മിക്ക പ്രധാനഉദ്യോ
ടു ചരമംസംബന്ധിച്ചു പ്രസംഗം ചെയ്തതു ഫ്റാൻ
ററ മന്ത്രിയായ ജനറൽ ഡെനൈൻ ആയിരുന്നു.

...അപ്രത്യക്ഷനായി. പ്ലൈററു ലഫ്റനൻറു ചാറത്സ്
...രം, പ്രസിദ്ധ അമേരിക്കൻ വൈമാനിക അമീലിയാഇയർ
വിമാനയാത്ര ആരംഭിച്ച അം-നെപ്പററി യാതൊരറിവും
...ത്തിൽ ഹാവൈദ്വീപിനു സമീപം വച്ചു എണ്ണ തീന്ന
...നും കമ്പിയില്ലാക്കമ്പിസന്ദേശം അയച്ച അം-നെ അ
വിമാനങ്ങളും കപ്പലുകളും ചെയ്ത ശ്രമങ്ങളെല്ലാം വിഫ

...ന്വേഷണം. കര്ണൽ ലിൻഡ്ബർഗ്ഗിൻെറ ശിശുവിനെ
...ശാചികമാംവിധം വധിച്ചതുസംബന്ധിച്ചു അറസ്ററുചെ
...ാപ്ട്മാൻറും അയാളുടെ പത്നി അന്നായും അന്നായുടെ
തെളിവു ഇല്ലാത്തതിനാൽ ആ സ്ത്രീയെ വെറുതേവിട്ടു.
...ത്തോളം കേസുവിസ്താരം തുടൻ വരുന്നു ൭ വഷത്തിനുമുമ്പു്
അസ്സൂൽ ഹാപ്ട്മാൻെറ സഹോദരിയുടെ കൈവശത്തിൽ
...തു്.

Photos, U. P. S.

# അസാംഗത്യമെന്തേ?

ആർ. കൃഷ്ണനെഴുത്തച്ഛൻ ബി. എ. ബി. എൽ

(കാകളി.)

I

മഞ്ജീരിപൂണ്ടെഴുന്നിന്നാസ്യമോമനേ,
മോഹനംകോൾമയിർക്കൊണ്ടുകണ്ടീടുവാൻ
തൂമകരന്ദനിഷ്യന്ദിയാംതാവക-
സ്നേഹമസൃണമാംഭാഷണംകേൾക്കുവാൻ,
ആയതലോലനയനാന്തമുക്തമാം
മോഹനാപാംഗാസ്ത്രശാലിയേല്ക്കുവാൻ
നിൻകോമളാംഗവിലാസമനോജ്ഞമാം
ശ്രീമൽസുഷമാവലയത്തിൽ വാഴുവാൻ,
പ്രേമപ്രകർഷാർദ്രസുന്ദരംനിൻമന-
സ്സൗശീല്യസാരസ്യമോരോന്നുമോർവാൻ
ഹന്ത! വിരയുന്നിതെന്നന്തരംഗ,മി-
ങ്ങെന്തതിലുള്ളതസാംഗത്യ,മോമനേ?

II

ഏറെനാളായിഞാൻനോററിരുന്നേററുള്ളോ-
രേകാന്തതാപോഗ്രദാഹംകെടുത്തുവാൻ,
അവ്യക്തസൗന്ദര്യമേന്തുംപ്രകൃതിയിൽ
ദിവ്യാത്മചൈതന്യഭംഗികൾകാട്ടുവാൻ,
ജീവിതയജ്ഞമൊരുമിച്ചനുഷ്ഠിച്ചു
പാവിതമാക്കാൻജനിനമുക്കോമനേ;-
ഹാ,മൽപ്രണയാഭ്യർത്ഥനംസ്വീകരി
ച്ചീടെഴുമെൻചിത്തയോഗംവരിക്കുവാൻ
നീകനിഞ്ഞിടുമോ? തേറുമാഞാനൊരു
നീതികേടല്ലിങ്ങുചെയ്യുന്നതെന്നെങ്കിലും?

# വഴിവക്കിൽ.

(ഇടപ്പള്ളി രാഘവൻപിള്ള)

ആ, വസന്തമനശ്വരം,മാമക
ജീവിതത്തിന്റെ വിശ്വസ്തകാമുകൻ

—എൻകുളിർസ്വപ്നസൗധശൃംഗങ്ങളിൽ
വെൺകളിപൂശിനിൽക്കുംവളർമതി—

കാത്തിരിക്കുമാനിർവാണമണ്ഡലം
പേർത്തുമെത്രതിരഞ്ഞിനിപ്പോകണം!

ഈവിധമീയിരുൾപ്പിശാചിന്നെത്ര
ജീവരക്തമിനിയുംചൊരിയണം!

ആവതെന്തുഞാനെത്രകേണീടിലും
ഭാവി യാരംഗമെന്നുംമറച്ചിടും!!

* * * *

ശൂന്യതയിങ്കൽനിന്നുജനിച്ചഞാൻ
ശൂന്യത,തന്നടിയിലടിയണം;

രണ്ടിനുമിടയ്ക്കായൊരുമോഹന-
വിണ്ടലംകാണ്മാനാശിച്ചുവെങ്കിലോ

ക്ലിപ്തമല്ലാതെനീണ്ടുനീണ്ടുള്ളൊരീ-
ത്തപ്തമാംമരുഭൂവിലുഴലണം!

ആശതൻതണൽതേടിഞാനെങ്കിലും
ക്ലേശപാകമശിച്ചുതൃപ്തിപ്പെടാം!!

## വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| 1. | ഗീതയിലെ കൊല | 4 |
| | പി. ദാമോദരൻപിള്ള ബി. എ. | |
| 2. | സൌന്ദര്യബോധം (കവിത) | 6 |
| | പുത്തൂർ അച്യുതമേനോൻ | |
| 3. | മിസ്റ്റിസിസം | 7 |
| | പന്തളം കെ. പി. രാമൻപിള്ള ബി. എ. | |
| 4. | അന്വേഷണം കവിത) | 8 |
| | കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ. | |
| 5 | അദൃശ്യതാരങ്ങൾ | 9 |
| | എം. എൻ. ഗോവിന്ദൻനായർ ബി. എ. ബി. എൽ. | |
| 6. | രാഗോന്മാദം (കവിത) | 10 |
| | നാലാങ്കൽ കൃഷ്ണപിള്ള ബി. എ. ഓണേഴ്സ് | |
| 7. | പ്രതികാരം (ചെറുകഥ | 11 |
| | എൻ. ലളിതാംബികഅന്തർജ്ജനം | |
| 8. | ലോകചക്രം | 13 |
| 9. | വിമർശനം | 15 |
| 10. | അസാംഗത്യമെന്തേ? (കവിത) | 18 |
| | വി. ആർ. കൃഷ്ണനെഴുത്തച്ഛൻ ബി. എ. ബി. എൽ. | |
| 11. | വഴി ക്കിൽ (കവിത) | 18 |
| | ഇടപ്പള്ളി രാഘവൻപിള്ള. | |
| 12. | ഭാരതം | 19 |
| 13. | ചെറുകഥകൾ — ഒരുപഠനം | 21 |
| | മാടശ്ശേരി മാധവവാര്യർ | |
| 14 | കുഞ്ഞുക്കുട്ടൻതമ്പുരാന്റെ മംഗളപദ്യങ്ങൾ | 24 |
| | വൈക്കം ചന്ദ്രശേഖരൻപിള്ള | |
| 15. | അല്ലൻ ക്വിടേവിയൻഹ്യൂം | 25 |
| | വിലപട്ടത്തു കൃഷ്ണൻനമ്പ്യാർ | |
| 16. | ലോകം ശൈത്യത്തിന്റെ-നെല്ലിപ്പലകയിൽ | 26 |
| | കേശവ് ഡി. പത്തിയൂർ ബി. എ. | |
| 17. | ആലങ്കാരികവിദ്യാഭ്യാസം | 27 |
| | രാമപുരം പി. ആർ. ശങ്കരപ്പിള്ള | |
| 18. | എസ്കിമോവർഗ്ഗക്കാരുടെ വിനോദജീവിതം | 29 |
| | വി. എസ്. എസ്. കണിയാർ. | |



## ദിവ്യരഹസ്യപ്രകാശിക.

ഒന്നാംഭാഗം.

യോഗശാസ്ത്രസംബന്ധമായ ഒരു ഉൽകൃഷ്ടഗ്രന്ഥം. ശ്രുതിയുക്ത്യനുഭവങ്ങളെ ആധാരമാക്കി രചിക്കപ്പെട്ടിരിക്കുന്നതത്രേ ഈ ഗ്രന്ഥം. ഇതിൽ:—

൧. ദൈവാധീനം ജഗത്സർവം. ൨. പുരാണകഥകളും യുക്തിവാദങ്ങളും. ൩. മെസ്മെരിസവും യോഗാഭ്യാസവും. ൪. മന വ്യാപകശക്തി. ൫. മനോവശ്യം, വശ്യവിവരണം. ൬. മനസ്തത്വരഹസ്യം, ഉൽഗമനം, പുറമനം, ആനന്ദമനം. ൭. മാന്ത്രികൻ അനുസരിക്കേണ്ട വിധികൾ. ൮. ആകർഷണനോട്ടം, ടി തുടർച്ച. ൯. മാനസശക്തി, സമനില, താങ്ങുംശക്തി; പായുംശക്തി. ൧൦. പ്രാണായാമം. ൧൧. ഇഹപരസംബന്ധം. ൧൨. മണിപൂരകത്തിലുള്ള ആത്മശക്തി. ൧൩. ഏകാഗ്രചിത്തനില; അഭ്യാസങ്ങൾ, ഏകാഗ്രചിത്ത പരീക്ഷകൾ. ൧൪. ജനസ്നേഹസമ്പാദനം.; മനക്കമ്പി. ൧൫. സ്വകീയഗുണപരിഷ്കരണം, ടി തുടർച്ച. ൧൬. രോഗനശീകരണസൂത്രം. ൧൭. ചില കുറിപ്പുകൾ, സങ്കല്പസൂചകം. ൧൮. ഓങ്കാരസ്വരൂപനിരൂപണം. ൧൯. സൂത്രം, ക്രിയ, കാഷ്ഠ സ്വരം, വാക്കുകളുടെ സാമർത്ഥ്യം. ൨൦. സങ്കല്പസൂചനകളുടെ മൂന്നുമാർഗ്ഗങ്ങൾ. ൨൧. തൊഴിൽപ്രചരണം; വിളംബരങ്ങൾ, വിശ്വാസവും അതിനാലുണ്ടാകാവുന്ന ആശ്ചര്യങ്ങളും. ൨൨. മനനദൃഷ്ടി. ൨൩. ധനസമ്പാദ്യം ആവശ്യമാണോ. ൨൪. ആത്മാ, മനം, ദൈവൈക്യസോപാനം, പരംജ്യോതിർദർശനം യോഗാഭ്യാസം.

ഇങ്ങിനെ ൨൪-അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. യോഗപരിശീലനതല്പരന്മാരായ മോക്ഷേച്ഛുക്കൾക്കു വിലതീരാത്ത ഏകഗ്രന്ഥം.

വില രൂ. 1. ണ. 4.

രണ്ടാംഭാഗം.

൧. സർവ്വവും സാധിക്കാനുള്ള മനഃശക്തി എങ്ങനെ സമ്പാദിക്കാം? ൨. ആകാശലോകങ്ങൾ. ൩. ആത്മാവിന്റെ പരിവർത്തനം. ൪. ശ്രീഭാർഗ്ഗവപ്രശ്നം. ൫. വിചാരമാഹാത്മ്യം. ൬. സംവത്സരമാഹാത്മ്യം. ൭. സദസദ്വസ്തുവിവേചനം. ൮. ബന്ധാഖ്യായിക. ൯. ശ്രദ്ധാപ്രശംസനം. ൧൦. ഈശ്വരസ്വരൂപനിരൂപണം. ൧൧. സംസാരാഖ്യായികാവിവരണം. ൧൨. സൂക്ഷ്മതത്വപ്രകാശനം.

ഇത്യാദി ദിവ്യരഹസ്യങ്ങളെ ഗുരുശിഷ്യസംവാദരൂപത്തിൽ ലളിതഭാഷയിൽ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. വില ണ. 12.

"ശ്രീരാമവിലാസം"ബുക്കുഡിപ്പോ—കൊല്ലം



1935

12 താൾ കലണ്ടർ

ഇനാം!

PURE SILK.

2½ വീതി 5 മുഴം ഒന്നാന്തരം

ഗാറൻറിയുള്ള

ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4·

30-1 35 വരെ

വില കുറച്ചിരിക്കുന്നു.

ഡസൻകണക്കിനു വാങ്ങുന്നവർക്കു

ഡസനു് Rs. 25·

പട്ടുജവുളിത്തരങ്ങളുടെ


ക്യാററ്ലാഗ് സൗജന്യം:

ടി. ആർ. ലൂംസ്കമ്പനി,

205 ഈസ്ററുവെളിസ്ററീററു മധുര.

T. R. LOOMS Coy.,

205 East Veli St. MADURA.



## ഭാരതം.

ഗ്ർഗാംബാക്റോഡിനു 'വിതൽഭായിപട്ടേൽ റോഡ്' എന്ന പുതിയപേരു നൽകുവാൻ ബോംബേമുൻസിപ്പാലിററി തീരുമാനിച്ചിരിക്കുന്നു

*  *  *

ലൈസൻസുകൂടാതെ പാററ്നാഡിസ്ത്രിക്ടിൽ ഘോഷയാത്രയോ മീററിങ്ങുകളോ നടത്തിക്കൂടെന്നു നിരോധിച്ചിരിക്കുന്നു.

*  *  *

ജി. ഐ. പി. റയിൽവേയിൽ ആഗ്രായിക്കും ഡൽഹിക്കും ഇടയിൽ എട്ടുവണ്ടികൾ മറിയുകയും വണ്ടികൾക്കും ലൈനിനും തകരാറുപററുകയും ചെയ്തിരിക്കുന്നു.

*  *  *

അസംബ്ളിയിലെ പ്രസിഡണ്ടുസ്ഥാനത്തേക്കു എട്ടുവോട്ടിന്റെ ഭൂരിപക്ഷത്തോടെ സർ അബ്ദുർറഹിം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സർ അബ്ദർറഹിമിനു 70 വോട്ടും മി. എ. കെ. ഷെർവാണിക്കു 62 വോട്ടും ആണു ലഭിച്ചതു്.

*  *  *

ഭഗൽപൂരംഡിസ്ത്രിക്ടിൽ ഒരു ക്ഷുരകനു ഒരു കയ്യിൽ ഏഴു വിരലുകളുള്ള ഒരു കുട്ടി ജനിച്ചിരിക്കുന്നു. നല്ല ആരോഗ്യവും ഉല്ലാസവും പ്രദർശിപ്പിക്കുന്ന ഈ കുട്ടിയെ കാണ്മാനായി അനവധി ആളുകൾ കൂടുന്നുണ്ടത്രേ.

*  *  *

ഗാന്ധിജി ഉദ്ഘോഷിക്കുന്ന വടക്കുപടിഞ്ഞാറൻ അതിർത്തിദേശസന്ദർശനം സംബന്ധിച്ചു ഗവർണ്ണർ ജനറൽ ഇൻകൗൺസിൽ അവലംബിച്ചിരിക്കുന്ന മനോഭാവത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനായി മി. സത്യമൂർത്തി ഒരു അടിയന്തിരപ്രമേയം അസംബ്ളിക്കയച്ചിരിക്കുന്നു.

*  *  *

റോഡിന്റെയും, വഴികളുടെയും ദുഷിച്ച സ്ഥിതിയാലും മോട്ടോർലോറിയും മററും പോകാനുള്ള വൈഷമ്യത്താലും പല മുസ്ലീംതീർത്ഥയാത്രക്കാരും മെക്കായിലെത്തിയതു രണ്ടുദിവസം താമസിച്ചാണെന്നും, പലസ്ഥാനത്തും വെള്ളംപോലും കിട്ടുകയില്ലെന്നും സെൻട്റൽ ഖിലാഫത്ത് കമ്മററി അറിയിക്കുന്നു.

*  *  *

സിൻഡിലെ അതിശൈത്യം ഹേതുവായി ഇക്കൊല്ലം അവിടെ മാങ്ങാ ഉണ്ടാകുന്നതല്ല. ഇപ്പോൾതന്നെ 4 ലക്ഷംരൂപയുടെ സസ്യങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. പല ജലാശയങ്ങളും തണുപ്പുകൊണ്ടു വെള്ളമുറഞ്ഞു നിരുപയോഗമായിരിക്കുന്നു. മുന്തിരിങ്ങാ, കരിമ്പു് മുതലായ അനേകം വിളവുകൾക്കും നഷ്ടമുണ്ടു്.

*  *  *

"1920 മുതൽ 1934 വരെയുള്ള ഇന്ത്യൻസമരം" എന്ന പേരിൽ ശ്രീ സുഭാഷ്ബോസ് എഴുതിയിട്ടുള്ള പുസ്തകത്തിന്റെ പ്രതികളോ അതിന്റെ തർജ്ജിമകളോ സാരമായ അതിലെ ഏതെങ്കിലുംഭാഗമോ ഇന്ത്യയിൽ കടത്തിക്കൂടെന്നു ഇന്ത്യാഗവർമ്മെണ്ടു ഗസററിൽ പരസ്യംചെയ്തിരിക്കുന്നു.

*  *  *

നദികളിൽ നായാടുന്നവക്കു സുപരിചിതമായ മകേഴ്സ് എന്നറിയപ്പെടുന്ന ഒരുവക വൻതരം ജലജന്തുക്കൾ സിന്ധുനദിയിലെ സുക്കൂർഅണയുടെ പണി പൂർത്തിയായതോടെ അവിടെനിന്നും പോയിരിക്കുന്നു. "പല്ലാ" എന്നൊരുതരം മത്സ്യവും അവിടം വിട്ടിരിക്കുന്നു. ആണ്ടുതോറുമുള്ള ലേലത്തിൽ ഈ മത്സ്യത്തിൽനിന്നു 29000 രൂപയോളം വരവുണ്ടായിരുന്നതാണു്.

*  *  *

ബർഡ്വാൻ ഡിവിഷൻ അമുസ്ലിം നിയോജകമണ്ഡലത്തിൽനിന്നും, അസംബ്ളിയിലേക്കു നടന്ന ഉപതിരഞ്ഞെടുപ്പിൽ അമരേന്ദ്രനാഥചാററർജിക്കു (കാൺഗ്രസ്സ് നാഷണലിസ്റ്റ്) 1686 വോട്ടും, ദേവേന്ദ്രലാൽഖാനു് (കാൺഗ്രസ്സ് പാർലമെൻററി ബോർഡ്) 181 വോട്ടുംകിട്ടിയതിനാൽ മി. ചാററർജി വിജയിയായിരിക്കുന്നു.

*  *  *

വിമാനത്തപാൽ അപകടംകൊണ്ടു മരിച്ച രണ്ടുപേർ ഗ്രാമീണവാസികളായ ഒരു തള്ളയും ഒരു കുട്ടിയുമാണെന്നറിയുന്നു. വിമാനം ഇവരെ തട്ടി നിലത്തിട്ടതായും അതിൽനിന്നുണ്ടായ പരുക്കുകൾനിമിത്തം അവർ മരിച്ചതായും അറിയുന്നു. കണ്ണൂരിലെ പോലീസ്ഡിസ്ത്രിക്ട് സൂപ്രണ്ടും സബ്ഡിവിഷണൽമജിസ്ത്രേട്ടും നടത്തിയ അന്വേഷണഫലമായി ഡിസ്ത്രിക്ട്മജിസ്ത്രേട്ടു ഈ വിവരം ഗവർമ്മെൻറിനെ അറിയിച്ചിട്ടുള്ളതാണു്.

*  *  *

മദ്രാസ്സർവ്വകലാശാലാരജിസ്ത്രാർ താഴെക്കാണുംവിധം അറിയിക്കുന്നു:— വിവിധസർവ്വകലാശാലാപരീക്ഷകൾക്കും ടെക്സ്റ്റുബുക്കുകൾ രീച്ചപ്പെടുത്തേണ്ട ആവശ്യത്തിലേക്കായി ഈ സർവ്വകലാശാലയിലെ 'മലയാളം ബോർഡ് അഫ് സ്ററഡീസ്' 1935–ആരംഭത്തിൽ യോഗം കൂടുന്നതാണു്. പ്രസിദ്ധീകരണങ്ങൾ ഈ ബോർഡിലേക്കു അയക്കണമെന്നു ആഗ്രഹിക്കുന്ന ഗ്രന്ഥകർത്താക്കളും, മുദ്രാലയങ്ങളും, അവരുടെ ഓരോ പുസ്തകങ്ങളുടെയും പതിനാലുപ്രതികൾവീതം ഈ ആഫീസിലേക്കു 1935–ജൂൺ ഒന്നാംതീയതിക്കു മുൻപായി അയച്ചിരിക്കേണ്ടതാണു്. പുസ്തകങ്ങളുടെ വില, അവ എവിടെ കിട്ടുമെന്നുള്ള വിവരം എന്നിവയും അറിയിക്കേണ്ടതാണു്.

*  *  *

ഈ മാർച്ചിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഖിലലോകപത്രപ്രവർത്തകകാൺഫറൻസ് 1935-അവസാനത്തിലേക്കു മാററിവച്ചിരിക്കുന്നതായി ഈ സംഘത്തിന്റെ ഇന്ത്യാവൈസ്പ്രസിഡന്റും 'അമൃതബസ്സാർപത്രിക' പത്രാധിപരുമായ മി. തുഷാരകാന്തിഘോഷിനു് മെൽബോണിൽനിന്നു ഔദ്യോഗികമായ അറിവുകിട്ടിയിരിക്കുന്നു. കാൺഫറൻസിനെ ഏറ്റവും പ്രയോജനകരമാക്കിത്തീർക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ശരിയായി ആലോചിച്ചു് പത്രപ്രവർത്തനത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുവാനാണു് യോഗതീയതി മാററിയതെന്നു കാണുന്നു.

*  *  *

ബോബിലിരാജാ അവർകളുടെ ഭാഗിനേയനായ മി. വി. എ. റെഡ്ഡി എന്ന യുവാവു കഴിഞ്ഞ ജൂലൈമാസത്തിൽ ഒരു ലോകസഞ്ചാരത്തിനിറങ്ങി ഏതാനുംദിവസങ്ങൾക്കുമുമ്പു് ലക്നൗവിൽ എത്തിച്ചേർന്നു. ഒരു ചവിട്ടുവണ്ടി, രണ്ടു പുതപ്പ്, ഏതാനുംചില വസ്ത്രങ്ങൾ, ഒരു ക്യാമറാ, ഇതയുംആണ് ഇദ്ദേഹത്തിന്റെ യാത്രാസാമാനങ്ങൾ. ഇപ്പോൾഇദ്ദേഹം മൂവായിരത്തിൽചില്വാനംമൈൽ സഞ്ചരിച്ചുകഴിഞ്ഞിരിക്കുന്നു. ബലൂചിസ്ഥാൻ, പേർഷ്യ, എന്നീ രാജ്യങ്ങൾവഴി യൂറോപ്പിലേക്കു പോകുവാൻ ഉദ്ദേശിക്കുന്നഇദ്ദേഹം 1940-ൽ ലോകപര്യടനം പൂർത്തിയാകുമെന്നു കണക്കാക്കുന്നു. ഒരു 'സ്കൗട്ട്' ആയ ഇദ്ദേഹത്തിനു ഇപ്പോൾ 21-വയസ്സുമാത്രമെ പ്രായമുള്ളു.

*  *  *

സോനാമുഖി എന്ന സ്ഥലത്തെ ഒരു കാൺഗ്രസ്സുപ്രവർത്തകനായ ബാബുകൃഷ്ണമോഹനചന്ദ്രൻ അവിടത്തെ മുനിസിപ്പാലിററിയിൽ ഒരു തൂപ്പുകാരനായി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു. ശുചിത്വവേലയെ സഹായിക്കുന്നതിനാണു് ഈ സമ്രംഭം. പ്രതിമാസം 10–രൂപായാണു ബാബു വാങ്ങുന്ന ശമ്പളം.

*  *  *

മകരസംക്രാന്തിദിവസം അക്കോലാ സ്വാമിനാ


# അ മ ര സാ രം

അ ഥ വാ

## പര്യായനാനാർത്ഥബോധിനി.

പ്ര സാ ധ ക ൻ,

### പണ്ഡിതർ ടി. കരുണാകരപ്പണിക്കർ

അമരകോശം ആകും നിഷ്പ്രയാസം പഠിക്കുന്നതിനും പദാർത്ഥം, നാനാർത്ഥം, പര്യായം മുതലായവ വളരെ വേഗത്തിൽ ഗ്രഹിക്കുന്നതിനും ഈ ഒരു ഗ്രന്ഥം കൈവശമുണ്ടായാൽ മതി. നിങ്ങളുടെ മനസ്സിലുള്ള ഏതൊരാശയത്തെയും വെളിപ്പെടുത്തുന്നതിനു പര്യാപ്തമായ പദം കിട്ടണമെങ്കിൽ അമരസാരം നോക്കുക. വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ, വൈദ്യന്മാർ, ലേഖകന്മാർ തുടങ്ങിയവക്കു എപ്പോഴും ആവശ്യമായി വരുന്ന ഒരു ഗ്രന്ഥമാണു് ഇതു്

വില ഉറുപ്പിക ഒന്നേകാൽ മാത്രം. (വി. പി. ചാർജ്ജുപുറമേ.)

ററി. പി. ഇയ്യാക്കു്, ബുക്‌സെല്ലർ,

P. O. കുന്നംകുളം (കൊച്ചി) എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

N. B. പി. എസ്സ് പണിക്കർ, ബുക്സെല്ലർ, അരുക്കററി എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാലും ഈ പുസ്തകം കിട്ടുന്നതാണു്.

രായണമന്ദിരത്തിൽക്കൂടിയ വിധവകളിൽ ഭൂരിപക്ഷവും കുങ്കുമം നെററിത്തടത്തിൽ ധരിച്ചിരുന്നു. സനാതനികളിൽനിന്നുണ്ടായ തുടർച്ചയായ പ്രതിഷേധങ്ങൾ വകവെയ്ക്കാതെ ഗണ്യന്മാരായ സമുദായപരിഷ്ക്കാരികൾ നടത്തിയ ശക്തിമായ പ്രചരണവേലകൾകൊണ്ടാണു ഈ സമുദായിക പരിഷ്ക്കാരം നടപ്പിൽവരുവാൻ ഇടയായതു്. ഇതിനായി അക്ഷീണപരിശ്രമംചെയ്തവരുടെകൂട്ടത്തിൽ മിസ്സസ്സ് ട്ടറ്റാഭായി ജോഷിയുടെയും ഒരു ശിശുവിധവയുടെയും പ്രവൎത്തനങ്ങൾ സകലരുടെയും അനുമോദനങ്ങളെ അർഹിക്കുന്നു.

* * *

പുതിയ ഭരണപരിഷ്കാരമനുസരിച്ചു പ്രാദേശികനിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ ഇതുവരെ എന്തുചെയ്തിട്ടുണ്ടെന്നു അറിയുന്നതിനായി പ്രാദേശിക ഗവണ്മെൻറുകളിലെ ഭരണപരിഷ്കാരം സംബന്ധിച്ച ഉദ്യോഗസ്ഥന്മാരുടെ കാൺഫറൻസ് ഡൽഹിയിൽ ഫെബ്റവരി 20-ാംതീയതി കൂടുന്നതാണ്. മദ്രാസ്സിൽ ഭരണപരിഷ്കാരഉദ്യോഗസ്ഥന്മാർ ആരുമില്ലെങ്കിലും റവന്യൂബോർഡിലെ മൂന്നാമത്തെ മെംബറായ ജി ടി ബോഗ് ഈ സമ്മേളനത്തിൽ മദ്രാസ് ഗവണ്മെൻറിനെ പ്രതിനിധികരിക്കുന്നതാണ്.

## കേരളം.

ചക്രവൎത്തിതിരുമനസ്സിലെ സിൽവർ ജൂബിലി ഫണ്ടിനുവേണ്ടി വിനിയോഗിക്കുവാനായി തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു ഒരു ലക്ഷംരൂപാ വൈസ്രോയിയെ ഏല്പിച്ചിരിക്കുന്നു.

* * *

നാട്ടുരാജാക്കന്മാരെയും ഫെഡറേഷനെയുംസംബന്ധിച്ച "ഡെയിലിമെയിലി"ൽ റോതർമീയർ പ്രഭു ഒരു സ്റേറററുമെൻറു പ്രസിദ്ധീകരിച്ചിരുന്നവല്ലോ. തിരുവിതാംകൂർരാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ ഫെഡറേഷനോടു അവലംബിച്ചിട്ടുള്ള നില ആരുടെയും നിർബന്ധത്തിന്റെ ഫലമായിട്ടുള്ളതല്ലെന്നു പ്രസ്താവിക്കുവാൻ സർ സി. പി. രാമസ്വാമിഅയ്യർ അസോസിയേറഡ്പ്രസ്സിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

* * *

തിരുവിതാംകൂർ ഹൈക്കോടതിജഡ്ജി മി. ജി. പരമേശ്വരൻപിള്ളയെ "ഫെഡറേഷൻ" സംബന്ധിച്ച കാൎയ്യങ്ങൾക്കായി സ്പെഷ്യൽഡ്യൂട്ടിയിൽനിയമിച്ചിരിക്കുന്നു. അദ്ദേഹത്തിനു പകരം സീനിയർ ഡിസ്ട്രിക്ട്ജഡ്ജി മി കെ. ശങ്കരൻചണ്ടാല ഹൈക്കോടതിജഡ്ജിയായി നിയമിക്കപ്പെടുകയും അദ്ദേഹം കഴിഞ്ഞയാഴ്ച പുതനോദ്യോഗം കയ്യേൽക്കുകയും ചെയ്തിരിക്കുന്നു.

* * * *



ഇക്കഴിഞ്ഞ ചന്ദ്രഗ്രഹണാവസരത്തിലെ ചന്ദ്രമണ്ഡലം
Photo by Dr. H. Subrahmonia Iyer of the Trivandrum observatory.


ശ്രീമൂലംഅസംബ്ലി ദിവാൻപ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഈമാസം 8-ാംനു- ജൂബിലിടൗൺഹാളിൽ സമ്മേളിച്ചിരിക്കുന്നു. ക്ഷാമവും, കൃഷിപ്പിഴയുംമൂലം തിരുവിതാംകൂർ ഭൂസ്വത്തുടമസ്ഥന്മാർ അനുഭവിക്കുന്ന ക്ലേശത്തിനു ഒരു പരിഹാരമായി ഒരുസംവത്സരത്തെ മുഴുവൻ ഭൂനികുതിയും ഇളവുചെയ്യണമെന്നുള്ള ഒരു അടിയന്തിരപ്രമേയം അസംബ്ലി ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയിരിക്കുന്നു. ഈ പ്രമേയത്തെ അനുകൂലിച്ചു 54-പേർ വോട്ടുചെയ്തു പ്രതികൂലിച്ചവരുടെ സംഖ്യ പതിനൊന്നാണ്.

* * * *

ഈ ജനുവരി 20-ാംനു- തിരുവനന്തപുരത്തുകൂടിയ അഭ്യസ്തവിദ്യരായ ഏതാനും യുവാക്കന്മാരുടെ ഒരു കാൎയ്യാലോചനായോഗത്തിൽവച്ചു തിരുവിതാംകൂർ ജസ്ററിസ്പാർട്ടി എന്ന നാമധേയത്തിൽ ഒരു സംഘം രൂപവൽക്കരിച്ചിരിക്കുന്നു. തിരുവിതാംകൂർ പബ്ലിക്കസർവീസിലെ ഉദ്യോഗങ്ങൾ മിക്കവാറും ഈ നാട്ടിൽ സാമ്പത്തികപ്രാബല്യവും തൻമൂലം ശുപാർശാബലവും ഉള്ള ഏതാനും പ്രഭുക്കൾക്കും അവരുടെ ബന്ധുക്കൾക്കും മാത്രം ലഭിച്ചുവരുന്നതിനെ നിരോധിക്കുന്നതിനു നിയമാനുസൃതമായ പ്രക്ഷോഭണം നടത്തുക എന്നുള്ളതാണ് ഈ പാർട്ടിയുടെ ഉദ്ദേശമെന്നു അവരുടെവിജ്ഞാപനത്തിൽ കാണുന്നു.

* * * *

തിരുവിതാംകൂറിലെ കന്നുകാലികളുടെയും, കൃഷിയായുധങ്ങളുടേയും കണേക്ഷുമാരികണക്കെടുപ്പു ഈമാസം 8 ാംതീയതി തിങ്കളാഴ്ച സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ആരംഭിച്ചിരിക്കുന്നു. മുൻസിപ്പൽപട്ടണങ്ങളിൽ ഈ ജോലി നിർവഹിക്കുന്നതു മുൻസിപ്പൽജീവനക്കാരും, മുൻസിപ്പൽപട്ടണങ്ങളൊഴിച്ചുള്ളഭാഗങ്ങളിലെ കണക്കെടുക്കുന്നതു പകുതികച്ചേരികളിലെ സിൽബന്തികളുമാണ്. പശു കാള, പോത്ത്, എരുമ, കുതിര, ആടു മുതലായ നാൽക്കാലികളുടെ കണക്കാണ് എടുക്കുന്നതു്. അവയുടെ വയസ്സ്, ഉടമസ്ഥന്റെ ഊരു്, പേരു് ആദിയായവയും രേഖപ്പെടുത്തിവരുന്നു. കാലികൾക്കു കരംചുമത്തുവാനുള്ള ഒരു സംരംഭമായി ഇതിനെ തെററിദ്ധരിച്ചു തൻനിമിത്തം കാലികളുടെ ഉടമസ്ഥന്മാർ ശരിയായ വിവരങ്ങൾ നൽകുവാൻ മടികാണിക്കുന്നതായും ഒരു പ്രസ്താവമുണ്ടു്. ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിന്റെ ചുമതലയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്ന ഈ ജോലി ഈമാസം 14-ാംതീയതികൊണ്ടു അവസാനിപ്പിക്കണമെന്നാണ് ഗവണ്മെൻറു ആജ്ഞാപിച്ചിട്ടുള്ളതു്.




ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും ചുരുങ്ങിയ നിരക്കിൽ ക്ലിപ്തസമത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർവുഡ്, റോയൽ, ഓലിവർ, കൊറോണ, ബ്ലോട്ലോക്ക്, എംപയർ എൽ. ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ടു്. ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമേഴ്സ്യൽകമ്പനി,
ഉഡ്സ്റോഡ്,
മൌണ്ട്റോഡ് മദ്രാസ്.



കോട്ടയം വൈ. എം. സി. എ യുടെ ആഭിമുഖ്യത്തിൽഉള്ള ബാലവകുപ്പിന്റെ വാർഷിക സമ്മേളനം നടത്തിയതു (ജനുവരി ൧൨-ാംനു-) സംബന്ധിച്ച അതിലെ വിവിധ മതസ്ഥരായ അംഗങ്ങൾ സഹകരിച്ചു എടുത്ത ഫോട്ടോ.

# ചെറുകഥകൾ—ഒരു പഠനം.

മാടശ്ശേരിൽ മാധവവാര്യർ.

൧.

## ചെറുകഥകളുടെ ഗുണഗണങ്ങൾ.

ഇന്നലെപെയ്ത മഴയ്ക്ക് ഇന്നു പൊട്ടിമുളച്ച തകരയല്ല ചെറുകഥ. 'മന്നിൽവിദ്യ വെളിവായനാൾമുതൽ' കഥയും കാഥികന്മാരും ഉണ്ടായിത്തുടങ്ങി. കഥകൾകാണുവാനും കേൾക്കുവാനുമായി ലോകർ സഹിച്ച കഷ്ടനഷ്ടങ്ങൾക്ക് കയ്യുംകണക്കുമില്ല. ഇതിനുവേണ്ടി ഹോളിവുഡിലെ താരങ്ങൾക്കും നാടകക്കാർക്കും കലാമണ്ഡലത്തിനും എഴുത്തുകാർക്കുംവേണ്ടി എത്രലക്ഷംരൂപയാണു നമ്മൾ കളയുന്നത്. കഥപറയുവാൻ അറിഞ്ഞുകൂടാത്ത ആളിനെ 'കഥയില്ലാത്തവനാക്കി'ത്തീർത്തതുതന്നെ കഥയ്ക്കുസിദ്ധിച്ച പ്രചാരത്തിന്റെ ഒരു ലക്ഷ്യമാണല്ലൊ. ഏതു ഓണംകേറാമൂലയിലുള്ള വായനശാലയിലായാലുംശരി, പരിഷ്കൃതരെന്നു സ്വയമഭിമാനിക്കുന്ന നഗരവാസികളുടെ ഇടയിലായാലുംശരി, കഥാപുസ്തകങ്ങൾക്കല്ലേ കൂടുതൽ ആവശ്യവും ചിലവും? ഈ കഥാപാരായണത്തിനുള്ള കൗതുകം ഒരാളുടെയൊ, ഒരു തരക്കാരുടെയൊ അട്ടിപ്പേറല്ല. പത്തുമണിമുതൽ നാലുമണിവരെ കണ്ഠക്ഷോഭംചെയ്യുന്ന അദ്ധ്യാപകനും, അടുക്കളപ്പണിയെടുത്തു കയ്യും മെയ്യുംതളന്ന ഗൃഹിണിക്കും, കാമുകമധുപനെകാത്തു മാഴ്കുന്ന ഹൈസ്കൂൾവിദ്യാർത്ഥിനിക്കും, അറുപതുംഅപ്പുറവും കഴിഞ്ഞു കുഴിയിലേക്കു കാലുനീട്ടിയ കിഴവനും, പറഞ്ഞുകൊടുത്താൽ കഷ്ടിച്ചറിയാറായിത്തുടങ്ങിയ പൈതലിനും, എന്നുവേണ്ട, സംഗതിയുടെ സാരമോ 'സ്റ്റോ'മാത്രമാരായുന്ന വണിഗ്വരസമുദായത്തിനും ഈ സാഹിത്യവിഭാഗത്തിനോടു വളരെ പ്രതിപത്തിയുണ്ട്. ഇതുകൊണ്ടാണ് ഒരു സരസൻ 'കുഞ്ഞുങ്ങളെ കളികളിൽനിന്നും, വയസ്സന്മാരെ സുഖസൗകര്യങ്ങളുള്ള സ്ഥലങ്ങളിൽനിന്നും മാററിനിറുത്തുവാൻ ശക്തിയുള്ളതാണു കഥ' എന്നു പറഞ്ഞിട്ടുള്ളത്.

കഥകൾക്കുള്ള വലിയ പ്രചാരം

കഥകൾക്ക് ഇത്രവലിയ പ്രചാരം കിട്ടുവാനുള്ള കാരണമെന്താണ്? സാഹിത്യപഠനംഎന്ന ഉപന്യാസത്തിൽ മനുഷ്യൻഒരു ഭാവനാജീവിയാണെന്നു പറയുകഉണ്ടായല്ലോ. സ്വപ്നംകാണുന്ന ആശയങ്ങളെ മുഴുവൻ എത്ര ഭാഗ്യവാനായാലും പ്രവൃത്തിരൂപത്തിലേക്കു പരാവർത്തനംചെയ്യുവാൻ സാധിക്കയില്ല. അത്തരം സ്വപ്നങ്ങളെ തന്മയത്വത്തോടുകൂടി പകർത്തിവച്ചിരിക്കുന്ന ഒരു ലോകത്തിനോടു മനുഷ്യനു പ്രത്യേകപ്രതിപത്തികാണും. കാവ്യങ്ങൾക്കും ഈ ഗുണമുണ്ട്. പക്ഷെ കാവ്യങ്ങളിൽ രസിക്കുവാൻ സംസ്കൃതചിത്തന്മാർക്കേ സാധിക്കൂ. അതുകൊണ്ടാണു മററു സാഹിത്യവിഭാഗങ്ങളെ അപേക്ഷിച്ച് ഇതിനു കൂടുതൽപ്രചാരം സിദ്ധിച്ചതു്. ഇത്ര പ്രചാരം സിദ്ധിച്ച ഈ കഥകളുടെ അവാന്തരവിഭാഗങ്ങൾ ഏതെല്ലാമാണെന്നു് പരിശോധിക്കാം.

അതിനുള്ള കാരണം

കഥകളുടെ അവാന്തര വിഭാഗങ്ങൾ

കഥകളെ മൂന്നായി തരംതിരിക്കാം. 1. വലിയകഥകൾ (ആദർശപരങ്ങളായ ആഖ്യായികകൾ, സമുദായനടപടികളോടു വളരെ ബന്ധമുള്ള നോവലുകൾ ഇവ) 2. സംഗ്രഹകഥകൾ, 3. ചെറുകഥകൾ എന്നു മൂന്നാണ് അവ. ആദ്യത്തെ രണ്ടിനങ്ങൾക്കും വലിപ്പത്തിൽമാത്രമാണു് വ്യത്യാസം. ഇഴഞ്ഞിഴഞ്ഞുപോയിരുന്ന ലോകം ധൂമശകടത്തിലും വിമാനത്തിലും യാത്രചെയ്തുതുടങ്ങിയപ്പോൾ കാലത്തിനൊത്തകോലംകെട്ടുവാൻ തയ്യാറായ പുസ്തകകച്ചവടക്കാരുടെ അപേക്ഷയൊ കല്പനയൊ അനുസരിച്ച്, വലിയ വർണ്ണനകളും കഥാഗാത്രത്തോടു വലിയ ബന്ധമില്ലാതിരുന്ന കഥാപാത്രങ്ങളുടെ പ്രവൃത്തികളും വെട്ടിക്കുറച്ചു ചെറുതാക്കി ഗ്രന്ഥകാരന്മാരവതരിപ്പിച്ച ഒരു പുത്തൻ വിഭാഗമാണു് സംഗ്രഹകഥകൾ. എന്നാൽ ചെറുകഥയും ഈ സംഗ്രഹകഥയുമായി ഒരു ബന്ധവുമില്ല. പക്ഷെ ഇക്കാര്യം ഇന്നത്തെ മലയാളകാഥികർ ധരിച്ചിട്ടുണ്ടോ എന്നേ സംശയമുള്ളൂ. ഓസ്കർ വൈൽഡിന്റെ ഒരുനാടകവും, താക്കറെയുടെ ഒരു നോവലും ഇടിച്ചുപാകപ്പെടുത്തി ചെറുകഥകളാക്കുവാൻ ഇന്നും പലരും യത്നിക്കുന്നുണ്ട്. ഇതിനെക്കുറിച്ചു വിശദമായി വേറൊരു അവസരത്തിൽ വിവരിക്കാം.

ചെറുകഥ എന്നാലെന്തു്?

ചെറുകഥഎന്നാലെന്തു്? സാഹിത്യത്തിലെന്നതുപോലെ ഇവിടെയും നിർവ്വചനക്കുഴപ്പം ധാരാളമുണ്ട്. രണ്ടുമൂന്നുപേരുടെഅഭിപ്രായങ്ങളെ എടുത്തുപരിശോധിക്കുമ്പോൾ ഒരു ചെറുകഥയ്ക്കുവേണ്ടഗുണഗണങ്ങളെന്തെല്ലാമെന്നു മനസ്സിലാവും. 'പറഞ്ഞാൽനുണ—എഴുതിയാൽ കഥ' എന്നു ഒരു സരസകാഥികനായ മി. സുകുമാരൻ ഒരിടത്തു പറഞ്ഞിട്ടുണ്ട്. ഈ അഭിപ്രായം കേൾക്കുമ്പോൾ ചിരിക്കാമെന്നല്ലാതെ ചെറുകഥയുടെ 'കഥ'സംബന്ധിച്ചു ഒരു രൂപവും നമുക്കു കിട്ടുന്നില്ല. 'മുപ്പതുമിനിട്ടുമുതൽ രണ്ടുമണിക്കൂർ സമയംവരെഉള്ളകാലത്തിനുള്ളിൽ ഒരേഇരിപ്പിൽ മുഷിച്ചിൽകൂടാതെ വായിച്ചുതീർക്കാവുന്ന ആഖ്യാനരീതിയിലുള്ള ഒരു ഗദ്യപ്രബന്ധമാണു ചെറുകഥ' എന്നു അമ്മേരിക്കൻകാഥികനും കവിയുമായ എഡ്ഗാർഅല്ലൻപൊ പറഞ്ഞിട്ടുണ്ട്. എന്നാലീസമയനിർണ്ണയത്തിനോടു പലരുംയോജിക്കുന്നില്ല. ഹെൻറി ജെയിംസ്മുതലായ ചില വലിയഎഴുത്തുകാരുടെചെറുകഥകളെ എടുത്തുദാഹരിച്ച് അവയിൽ ഒരെണ്ണംനാല്പതിനായിരംവാക്കുകൾ ഉപയോഗിച്ചെഴുതിയതാണെങ്കിലും അതു ചെറുകഥയാണെന്നു ശഠിച്ചുംകൊണ്ട് ഒരുകൂട്ടർ 'ക്ലിപ്തം' ചെറുകഥയുടെ വലിപ്പച്ചെറുപ്പങ്ങളെഅല്ല സൂചിപ്പിക്കുന്നതു് എന്നു വാദിക്കുന്നു. ബ്രാൻഡർമാത്യൂസ് 'ചെറുകഥയുടെ തത്വശാസ്ത്രം' എന്ന പ്രബന്ധത്തിൽ പറയുന്ന അഭിപ്രായമാണു് ഏററവും സ്വീകാര്യം 'ഒരു സംഭവത്തെ അതിനോടു ഏററവും ബന്ധമുള്ള സ്ഥലകാലങ്ങളെ ആസ്പദമാക്കിമാത്രമെ ഒരു ചെറുകഥയിൽ പ്രതിപദിക്കാവു പരിമിതമായ വാക്കുകൾ ഉപയോഗിച്ചു എഴുതുകയും വേണം. ഒരു കഥാപാത്രത്തെ ആസ്പദമാക്കിയും ഒരു സംഭവത്തെക്കുറിച്ചും ഒരു വികാരത്തെ ആശ്രയിച്ചും മാത്രമേ പ്രധാനമായി ഒരു ചെറുകഥയിൽ പ്രതിപാദിക്കുവാൻ പാടുള്ളൂ.' ബൃഹദ്കഥകളിൽ അത്യാവശ്യമെന്നു ശഠിക്കുന്ന പ്ലാട്ട് ചെറുകഥയിൽ അവശ്യമാവശ്യമല്ലതന്നെ.

നമ്പ്യാരാശാൻ ഒരിടത്തു 'ആടാചാക്കിയാക്കേ കോപ്പുവേണ്ടു' എന്നു പറയുകയുണ്ടായി. നല്ല ഒരു കാഥികനു കഥയ്ക്കു വകയ്ക്കുവേണ്ടി അന്വേഷിച്ചെങ്ങുംപോകേണ്ട ആവശ്യമില്ല. ചുററുംകാണുന്ന അവസ്ഥകളിൽനിന്നൊക്കെ ചെറുകഥയ്ക്കു വക ധാരാളം കണ്ടുപിടിക്കാം. സാഹിത്യകാരനെന്നപോലെ ഒരു കാഥികനും വിപുലമായ ഒരു അന്തരീക്ഷം സ്വായത്തമാണ്. ഔചിത്യബുദ്ധി ഉപയോഗിച്ചു തിരഞ്ഞെടുക്കുകമാത്രംചെയ്താൽമതി. ഒരു സംഭവം, ഒരവസ്ഥ, ഒരു രംഗം, സമ്യക്കായി ബന്ധമുള്ള ഒരു സംഭവശൃംഖല, ഒരനുഭവം, ഒരാളുടെ പ്രത്യേകസ്വഭാവം, ഒരു ജീവിതപ്രശ്നം, സമുദായികാചാരം ഇങ്ങനെ പല സാമഗ്രികൾ അയാൾക്കു തിരിഞ്ഞെടുക്കുവാൻ സാധിക്കും — പക്ഷെ ഒരുകാര്യംമാത്രമയാൾക്കു പ്രത്യേകമോർമ്മവേണം. കഥ വായിച്ചുതീരുമ്പോൾ അതിനു ഒരു 'പൂർണ്ണത' (Finish) ഉണ്ടാകുവാൻ പ്രത്യേകം ശ്രദ്ധവെക്കണം. അല്ലാതെ അപൂർണ്ണമായ ഒരു കഥ ആർക്കും ഹൃദ്യമാവുകയില്ല. വായനക്കാരുടെ ഇഷ്ടംപോലെ അവസാനഭാഗത്തെ വിട്ടുകൊടുക്കുന്നതുകൊണ്ടു തരക്കേടില്ല. പക്ഷെ അവരെ നയിക്കുവാൻ സൂചനകൾ കൊടുക്കയും ചെയ്യാം എന്നാൽ വികാരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ നിറുത്തുകയും ചിന്തിക്കുവാനായി വായനക്കാരെ നയിക്കുകയും ചെയ്യുവാൻ കാഥികൻ ഒരിക്കലും മറക്കരുതു്.

കഥാസാമഗ്രികൾ

൨

## കഥ എഴുതേണ്ടതു് എങ്ങനെ.

വളരെ ചുരുക്കിപ്പിടിച്ച് ചിലവുചെയ്താൽമാത്രം 'രണ്ടററവുംകൂട്ടിമുട്ടിക്കാവുന്ന' ഒരു മലയാളം ഗ്രാൻറുസ്കൂളദ്ധ്യാപകനോടു ഒരു കാഥികനെ സാദൃശ്യപ്പെടുത്താം. പല ചെറിയകാര്യങ്ങളിലും അയാളുടെ ശ്രദ്ധ പതിയണം. എല്ലാവർക്കും ഹിതമായ ഒരു സംഭവത്തിനെ തിരിഞ്ഞെടുക്കണം. അതുതന്നെ വലിയ പ്രയാസമുള്ളകാര്യമാണ്. അതുകഴിഞ്ഞാൽ ഔചിത്യദീക്ഷയിൽ അയാൾ പ്രത്യേകം ശ്രദ്ധിക്കണം തനിക്കു സിദ്ധിട്ടുള്ളതാണെന്നഭിമാനിക്കുന്ന സരസ്വതീ

പ്രത്യേകം ശ്രദ്ധിക്കേണ്ടതു്.

കടാക്ഷത്തിന്റെ നത്തനരംഗമായി ചെറുകഥയെ രൂപാന്തരപ്പെടുത്തരുതു്. നീണ്ടു നീണ്ടുപോകുന്ന വൎണ്ണനകൾക്കും വായനക്കാരേ! എന്നുതുടങ്ങുന്ന പ്രസംഗങ്ങൾക്കും ചെറുകഥയിൽ സ്ഥാനമില്ല. മിതവും ഹിതവുമായ വാക്കുകൾകൊണ്ടു പൂൎണ്ണത ലഭിക്കുവാൻ സാധിക്കുന്നവിധത്തിൽവേണം ചെറുകഥ എഴുതുവാൻ.

സ്റ്റീവൻസൺ ചെറുകഥകളെ 'പ്ലാട്ടുള്ളവ', 'സ്വഭാവചിത്രീകരണങ്ങൾ', 'ചിന്തയെ ഉദ്ദീപിപ്പിക്കുവാനുള്ളവ' എന്നുമൂന്നുവിധമായി തരംതിരിച്ചിട്ടുണ്ടു്. എന്നാൽ ഇവമൂന്നും അന്യോന്യംബന്ധമില്ലാത്തവയല്ല ഹിന്ദുക്കളുടെ മൂൎത്തിത്രയത്തെപ്പോലെഒന്നിന്റെതന്നെ മൂന്നുഗുണങ്ങൾ മാത്രമാണു് ഇവ. ഇവയിലോരോന്നോ ഈരണ്ടോ ചേൎത്തോ അഥവാ എല്ലാംകൂടി കൂട്ടിക്കലൎത്തിയതോ ആയ ചെറുകഥകൾ ധാരാളമുണ്ടു്. അതുകൊണ്ടു ഈ ജാതിവിഭാഗപ്പട്ടിക പലപ്പോഴും, ഗവൎമ്മെന്റു പ്രസിദ്ധപ്പെടുത്തുന്ന പട്ടികകളെപ്പോലെ സ്വീകാൎയ്യമായിത്തീരുന്നതാണു്. 'ഒരുസംഭവം തിരഞ്ഞെടുത്തു അതിനുതകുന്ന ഒരു പ്രധാനപാത്രത്തെ സൃഷ്ടിക്കുക; അതിന്റെ നിഴലിൽമാത്രം പ്രത്യക്ഷപ്പെടുന്ന ഒന്നോ രണ്ടോ, കൂടിവന്നാൽ മൂന്നോ ചെറുപാത്രങ്ങളെയും യോജിപ്പിച്ചു കഥയെഴുതുക' ഇങ്ങനെ എഴുതുന്ന ആളുകളാണു് ധാരാളം.

**മൂന്നുവിഭാഗവും ഒരു രീതിയും**

ഏതെങ്കിലും ഒരു കഥാപാത്രത്തെ സങ്കല്പിച്ചു അയാളുടെ സ്വഭാവത്തിനനുയോജ്യമായിട്ടുള്ള ഒന്നോ രണ്ടോ സംഭവങ്ങളെസംഘടിപ്പിച്ചു് വേണ്ട മിനുക്കുപണികളുംചെയ്യുന്ന വേറൊരു കൂട്ടരും കാഥികന്മാരിലുണ്ടു്. ഈ രണ്ടുരീതിയും കൂടാതെ വേറെ ഒരുരീതിയും നടപ്പിൽ വന്നിട്ടുണ്ടു്. ഒരന്തരീക്ഷത്തെ ആദ്യം മനസ്സിൽ വിചാരിച്ചിട്ടു് അതിനു അനുയോജ്യങ്ങളായ സംഭവങ്ങളെയും പാത്രങ്ങളെയും സൃഷ്ടിച്ചു കഥ എഴുതുന്നതാണു് ആ രീതി. ഈമാൎഗ്ഗങ്ങൾ മൂന്നും മതങ്ങൾ എന്നതുപോലെ ഒരേലക്ഷ്യത്തെത്തന്നെ ലാക്കാക്കിപ്പോകുന്ന മൂന്നു ഭിന്നമാൎഗ്ഗങ്ങൾ എന്നുമാത്രമോൎത്താൽമതി.

**വേറെ രണ്ടു രീതികൾ**

കഥാപാത്രങ്ങളുടെ സ്വഭാവങ്ങളിൽ കാഥികൻ പ്രത്യേകം ശ്രദ്ധവെക്കണം. ഇവർ സജീവങ്ങളായി മനുഷ്യരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടാൽ 'പ്രത്യേകജാതിക'ളാണെന്നു ഒരിക്കലും തോന്നിക്കരുതു. ഈ ഗുണം ഇല്ലെങ്കിൽ കഥകളെ ആരും വായിക്കുകയില്ല. എന്നാൽ അലൗകികസംഭവങ്ങളെപ്പററിയും ഇക്കാലത്തു നടക്കുവാൻ സാധിക്കാത്തകാൎയ്യങ്ങളെപ്പററിയും ചില 'അനുഗൃഹീതഗ്രന്ഥകാരന്മാർ' എഴുതി ഫലിപ്പിച്ചിട്ടില്ലേ എന്നൊരു ചോദ്യമുണ്ടാവാം. പക്ഷെ അതു ചുരുക്കംചിലൎക്കുമാത്രം സാധിച്ചിട്ടുള്ള ഒരു പണിയാണു്. അത്തരം കഥകളെഴുതി വിശ്വസിപ്പിക്കത്തക്ക ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ 'ശാസ്ത്രവും' 'തന്ത്രവും' അധികമൊന്നും പരിചയമില്ലാത്ത മലയാളത്തിൽ ക്ഷിപ്രസാദ്ധ്യമല്ല.

**പാത്രങ്ങളുടെ സ്വഭാവം**

ചെറുകഥകളെ പല രീതികളിലും എഴുതാറുണ്ടു്. കഥപറഞ്ഞുകേൾപ്പിക്കുക, നടക്കുന്ന സംഭവങ്ങളെ ചിത്രീകരിക്കുക, പ്രധാനമൊ അപ്രധാനമോ ആയ ഒരു കഥാപാത്രംതന്നെ സ്വാനുഭവങ്ങളെപറയുക, പലരെക്കൊണ്ടും സ്വാനുഭവങ്ങളെ പറയിപ്പിച്ചു് ഒരു ചെറുകഥയാക്കുക, മുഖത്തടിച്ചപോലെ പ്രത്യുത്തരം പറയുന്ന സംഭാഷണരീതിയിൽ കഥഎഴുതുക, ഇങ്ങനെ പല രീതികളും കാഥികന്മാരുപയോഗിക്കുന്നുണ്ടു്. എന്നാൽ ഒടുവിൽപറഞ്ഞ രണ്ടു രീതികളാണു ഏററവും പ്രയാസം. പല ആളുകളെക്കൊണ്ടും സ്വാനുഭവങ്ങളെ പറയിപ്പിച്ചു മുഴുവനാക്കുന്നരീതി ഫലപ്രദമായി വൻകഥകളിലും വളരെപ്പേർ സാധിച്ചിട്ടില്ല. ഇംഗ്ലീഷിൽതന്നെ ഈ രീതിയിൽ ഒന്നോ രണ്ടോ നല്ല ഗ്രന്ഥങ്ങളെ ഉള്ളു. മലയാളത്തിൽ ആഖ്യായികകളുടെ ഇടയിൽ വിൽക്കികൊളളിൻസ് എന്ന ഗ്രന്ഥകാരന്റെ 'വുമൺഇൻവൈററു്' എന്ന കഥയുടെ അനുകരണമായ രാധയിൽ മാത്രമെ ഈ രീതി കണ്ടിട്ടുള്ളു. സരസകാഥികനായ മി. സുകുമാരൻ 'കടംകൊണ്ടുകിട്ടിയമുതൽ' എന്നൊരുകഥ ഭാഷാപോഷിണിയിൽ ഈ രീതിയിൽ എഴുതിയിട്ടുണ്ടു്. സംഭാഷണംകൊണ്ടു കഥ എഴുതുന്നതിലും മി. സുകുമാരൻമാത്രമെ മലയാളത്തിൽ മെച്ചം നേടിയിട്ടുള്ളു.

**പ്രതിപാദനരീതികൾ**

ഈ അവസരത്തിൽ അസ്ഥാനത്തിലല്ലെങ്കിലും നല്ല ബന്ധം ഈ പ്രബന്ധത്തിനോടു ഇല്ലാത്ത ഒരുകാൎയ്യംകൂടി പറയേണ്ടിയിരിക്കുന്നു. അതു കാഥികന്മാരുപയോഗിക്കുന്ന ഭാഷയെക്കുറിച്ചാണു്. അക്ബറിലെയും ധൎമ്മരാജായിലെയും രീതിയെ അനുകരിച്ചു പല കാഥികന്മാരും ഇന്നും വളച്ചുപുളച്ചു് സംസ്കൃതപ്രയോഗങ്ങളെ വാരിക്കോരിചൊരിഞ്ഞു് ഇന്നത്തെ പദ്യകൃത്തുകളെ അനുകരിച്ചു 'തു' 'പൂ'മുതലായ പദങ്ങളുംകൂട്ടിച്ചേൎത്തു വല്ലാത്തരീതിയിൽ, വ്യാകരണമുറകളെ കൂട്ടാക്കാതെ, എഴുതിവെക്കാറുണ്ടു്. ഇതു വലിയ കഷ്ടമാണു്. നല്ല ഭാഷയിൽവേണം കഥ എഴുതുവാൻ. അലങ്കാരധോരണയും അനുപ്രാസവുംകഥയ്ക്കു വലിയ ആവശ്യങ്ങളല്ല; അനാവശ്യങ്ങൾതന്നെയാണു്. തെക്കരെക്കുറിച്ചു വടക്കക്കുള്ള പുച്ഛത്തിന്റെ പ്രധാന കാരണവുമിതായിരിക്കാം.

## ൩

## ചെറുകഥയും വൻകഥയും.

ചെറുകഥയുടെ പ്രചാരം ആഖ്യായികക്കും നോവലിനും ഒരു ബാധയാണെന്നു ചിലർ പറയാറുണ്ടു്. ഇതു് ഒരു തെററായ അഭിപ്രായമാണു്. ചെറുകഥയും വലിയ കഥയും രണ്ടുതരങ്ങളാണു് എന്നു സ്വഭാവംകൊണ്ടുതന്നെ മനസ്സിലാക്കാം. ചെറുകഥകൾക്കു ആഖ്യായികകളോടോ നോവലുകളോടോ പൊരുതി ജയിക്കുവാൻ സാധിക്കയില്ല. അതിനു പല കാരണങ്ങളുണ്ടു്. അവയിൽ പ്രധാനങ്ങളെ അടിയിൽ വിവരിക്കാം.

**അവതമ്മിലുള്ള വ്യത്യാസം**

മനുഷ്യസ്വഭാവത്തിന്റെ വിഭിന്നതയെ വിവിധരംഗങ്ങളിൽവച്ചു പ്രത്യേകമെടുത്തു പ്രതിപാദിക്കുവാൻ വലിയകഥകൾക്കു സാധിക്കും. ഇതുപോലെതന്നെ പാത്രങ്ങളുടെ സ്വഭാവത്തിന്റെ പടിപടിയായി ഉള്ള പതനവും ഉയൎച്ചയും തുടൎച്ചയായി ഒരുചെറുകഥയിൽ വിവരിക്കുവാൻ സാധിക്കയില്ല ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ടു ഇതു വ്യക്തമാക്കാം വേണമെങ്കിൽ ഒരു ശങ്കരാചാൎയ്യരൊ അഭിനവബുദ്ധനോ ആയിത്തീരുവാനുള്ള ഒരു ശക്തിയുള്ള പുരുഷനെയാണു് ധൎമ്മരാജായിൽ ഹരിപഞ്ചാനനയതീന്ദ്രനായി ആദ്യം സി. വി. സൃഷ്ടിക്കുന്നതു്. അദ്ദേഹത്തിന്റെ മാന്ത്രികശക്തിയിൽ കേശവബാലനൊഴികെ ഏവരും അടിപെടുന്നു. എന്നാൽ ഗ്രന്ഥാവസാനമായപ്പോഴേക്കു ആയാൾക്കു വന്ന സ്വഭാവത്തിന്റെ പടിപടിയായ മാററം എന്തൊരു ഭേദമാണുണ്ടാക്കിവച്ചതു്. കേവലം ഒരു ചെറിയ രാജ്യത്തിന്റെ ആധിപത്യത്തിനു വേണ്ടി എന്തെല്ലാം ദുഷ്കൎമ്മങ്ങൾചെയ്യുന്നു. അതുപോലെതന്നെ യുവാവായിട്ടില്ലാത്ത കേശവബാലൻ അന്ത്യഘട്ടമായപ്പോഴേക്കും പടിപടിയായി എത്ര ഉയൎന്നു. ഈ വ്യത്യാസം പടിപടിയായി ഒരു ചെറുകഥയിൽ വിവരിക്കുവാൻ സാധിക്കയില്ല. അതിനാലാഖ്യായികകളിലെ പാത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠിതരാവും. നമ്മളോടുകൂടി ചിരകാലം സഹവാസംചെയ്ത ഒരാളെക്കുറിച്ചു പലവിധത്തിലുള്ള ഓൎമ്മകൾ നമുക്കു കാണും. എന്നാൽ അല്പനേരംമാത്രം വെടിപറഞ്ഞു പിരിഞ്ഞ ഒരു സഹൃദയനെക്കുറിച്ചു ഒരു സ്ഥൂലജ്ഞാനമേ നമുക്കു കാണുകയുള്ളു.

**ആഖ്യായികകൾക്കും മററുമുള്ള മെച്ചം**

എന്നാൽ ചെറുകഥക്കു വേറെ ഒരു പ്രത്യേക ഗുണമുണ്ടു്. വൻകഥകൾ വായിച്ചുകഴിഞ്ഞാൽ ഒരു സംതൃപ്തി നമുക്കുണ്ടാകും. ചെറുകഥകൾ നമ്മെ ചിന്താശീലന്മാരാക്കുന്നു ആലോചനയ്ക്കു പല വകകളും കാഥികന്മാർ നമുക്കു തരുന്നുണ്ടു്. ഒരാഖ്യായികാകൎത്താവിനു ഒരു ചെറുകഥ നേരേഎഴുതുവാനും ഒരു ചെറുകഥാകൃത്തിനു ഒരു ആഖ്യായിക എഴുതുവാനും പ്രയാസമാണു്. ഒരു ചെറിയ കുടുംബം രക്ഷിക്കുവാൻ വേണ്ട പിടിപ്പുള്ള ഒരാൾക്കു ഒരു മഹാരാജ്യം നന്നായി ഭരിക്കുവാൻ സാധിച്ചില്ലെന്നുവരാം. ഒരു ബൃഹത്കഥയെ പ്രകൃതിസൌന്ദൎയ്യത്തിന്റെ വൈപുല്യവും വൈവിദ്ധ്യവും പ്രത്യക്ഷപ്പെടുത്തുന്ന ഒരു വൻകാടിനോടും ചെറുകഥയെ വൃത്തിയായി വെട്ടി വെടിപ്പാക്കി സൂക്ഷിക്കുന്ന ഒരു ചെറിയ തോട്ടത്തിനോടും സാമ്യപ്പെടുത്താം. ഒന്നിനു മറെറാന്നിന്റെ ഗുണം കാണുകയില്ലെങ്കിലും രണ്ടിനും ഓരോ പ്രത്യേകത ഉണ്ടുതാനും.

**ചെറുകഥയുടെ പ്രത്യേകത**

എല്ലാ ജീവൽഭാഷകളിലും ഒന്നിനൊന്നു അഭിവൃദ്ധിപ്പെട്ടുവരുന്ന ഒരു പ്രസ്ഥാനമാണു ചെറുകഥ. പലവിധമായ ആശയങ്ങളെ പ്രതിപാദിക്കുവാനും ഒരു യാനപാത്രമായി അതിനെ ഉപയോഗിച്ചുവരാറുണ്ടു്. അതു പലവിധത്തിൽ ഫലിക്കുന്നുമുണ്ടുതാനും.

**ഉപസംഹാരം**

ഒരു സംഭവത്തെയോ അതുപോലെ നല്ല ബന്ധമുള്ള സംഭവശൃംഖലയെയോ ഏററവും ചുരുങ്ങിയപടിയിൽ വളരെ ചുരുക്കം കഥാപാത്രങ്ങ

ളെ മാത്രം പ്രവേശിപ്പിച്ചു ലോകസ്വഭാവത്തിൻെറ ഓരോ വശങ്ങളെ പ്രതിപാദിക്കുന്ന ലഘുപ്രബന്ധങ്ങളാണു ചെറുകഥകൾ.

൪

## മലയാളത്തിലെ ചെറുകഥകൾ.

(ശൈശവാവസ്ഥ.)

മലയാളഭാഷയിലും പല ചെറുകഥകളും കാഥികന്മാരും ഉണ്ടായിട്ടുണ്ടെങ്കിലും ആ പ്രസ്ഥാനം ഇന്നും ശൈശവസ്ഥിതിയിൽ വാഴുന്നതേയുള്ളു. അനുരാഗാങ്കുരം, വിഘ്നങ്ങൾ, വിവാഹം ഇങ്ങനെ പോകുന്ന ഒരു രീതിയിലുള്ള ചെറുകഥകളാണു് അവയിൽ മിക്കവയും. മാസികകളുടെയും പത്രങ്ങളുടെയും വർദ്ധന അനുസരിച്ചു ഇവ എണ്ണത്തിൽ വർദ്ധിച്ചിട്ടുണ്ടെന്നല്ലാതെ വണ്ണത്തിൽ വളരെ കൂടിയിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു.

ആദ്യകാലത്തെ കഥകൾ.

ഭാരതത്തിലെ കാകോപാഖ്യാനം, നാടോടിപ്പാട്ടുകളിലെ ചില കഥകൾ, വടക്കൻപാട്ടിലുള്ള ചിലതു് (പ്രത്യേകിച്ചു ഇളംപൈതൽ എന്ന കഥ ഒരു ഒന്നാന്തരംചെറുകഥയാണു്. ഒരു ചുരുങ്ങിയ പരിധിയിൽ ശക്തിയേറിയ വികാരങ്ങളെ ഉണ്ടാക്കുവാനുതകുന്ന മററു ചെറുകഥകൾ ഞാൻ അധികം വായിച്ചിട്ടില്ല) ചാക്യാർക്കൂത്തിലുപയോഗിച്ചിരുന്ന ചില ഹാസ്യരസപ്രധാനങ്ങളായവ—തുള്ളക്കഥകളിൽ കൂട്ടിച്ചേർത്തിരിക്കുന്ന ഒന്നുരണ്ടെണ്ണം ഇങ്ങനെ പണ്ഡിതന്മാർ ചില കഥകളെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമെങ്കിലും നല്ലനല്ല കഥകൾ ഉണ്ടാകുവാൻ തുടങ്ങിയതു ഈയിടെയാണു്.

തർജ്ജിമകളും അനുവാദങ്ങളും മററും

മി. പുത്തേഴത്തു രാമൻമേനവൻ, കുന്നത്തു ജനാർദ്ദനമേനവൻ, സി. എസ്സ്. നായർ തുടങ്ങിയവർ ടാഗ്ഗോർ, മിസിസ്സ് ഘോഷൻ മുതലായ വംഗകാഥികരുടെ കഥകളെ സരസമായി തർജ്ജമ ചെയ്തിട്ടുണ്ടു്. കാണൻഡായിലിൻെറ ഷെർലാക്ക് ഹോംസുകഥകളെ മി. കുന്നത്തു ജനാർദ്ദനമേനവൻ രൂപം മാററി എഴുതി പ്രചരിപ്പിച്ചിട്ടുണ്ടു്. എം. ആർ. കെ. സി—ഡായിലിൻെറ ബ്രിഗാഡിയർ ജിറാർഡ് കഥകൾ രൂപംമാററി എടച്ചേനക്കുങ്കൻെറയുംമററും പരാക്രമങ്ങളാക്കി എഴുതിയ ഒരു പുസ്തകവും ധാരാളം പ്രചാരം സിദ്ധിച്ച ഒന്നാണു്. 'കേസരി' 'കഥാമാലിക' എന്നു രണ്ടു പ്രസിദ്ധീകരണങ്ങൾ പല ഭാഷയിലും ഉള്ള ഒന്നാന്തരം ചെറുകഥകളെ മുറയ്ക്കു വിവർത്തനംചെയ്തുവരുന്നുണ്ടു്. ചെറുകഥയുടെ വളർച്ചയ്ക്കു ഇവ വളരെ സഹായിക്കുന്നുണ്ടുതാനും.

ഇന്നത്തെ കാഥികന്മാരും കഥകളും

ഇനിയും സ്വന്ത സമ്പാദ്യങ്ങളെക്കുറിച്ചു് ആദ്യമായി ഒടുവിലിൻെറ നാലു കഥകളാണു ആരും ആദ്യം ഓർക്കുന്നതു്. എന്നാലിവയെ സംഗ്രഹകഥകളായിട്ടേ ഗണിക്കുവാൻ സാധിക്കു എന്നാണു എൻെറ അഭിപ്രായം. പിന്നീടു മി. അമ്പാടി നാരായണപുതുവാൾ, ഈ. വി. കൃഷ്ണപിള്ള, എസ്സ്. രാമവാര്യർ ഇവരുടെ പേരുകളാണു് എടുത്തുപറയേണ്ടതു്. മി. പുതുവാളിൻെറ ചെറുകഥകളുടെ ഭംഗിയെക്കുറിച്ചു എന്താണു പറയേണ്ടതു് എന്നു എനിക്കറിഞ്ഞുകൂടാ. കഥാസൌധത്തിലെ 'മാമലക്കൊററൻ' 'കൈമ്മളച്ചൻെറ കല്യാണം' 'പോത്തിൻപുറത്തുകഴ' മുതലായ കഥകൾക്കു കലാപരമായി തെററുകൾ കണ്ടേക്കാമെങ്കിലും ഒന്നാംതരം കഥകളാണു്. കേളീസൌധം ചെറുകഥയുടെ നാനാവിധഭാവങ്ങളെ കേരളീയർക്കു പ്രത്യക്ഷപ്പെടുത്തി. യുവാവും, യുവതിയും മാത്രം തമ്മിലുള്ള ബന്ധത്തിലല്ല കഥകൾ സ്ഥിതിചെയ്യുന്നതെന്നും, 'തീക്കുഴിയിലും', 'നാശഗത്ത'ത്തിലും, 'എം എൽ. സി. ശിഷ്യനിലും', 'സംഭാഷണവിദഗ്ദ്ധ'നിലും കഥയ്ക്കുവകയുണ്ടെന്നും കാണിച്ചുകൊടുക്കുവാൻ മി. ഈ. വി. ക്കു സാധിച്ചു. മട്ടുകൾ പലതും ഇംഗ്ലീഷിൽ കണ്ടേക്കാമെങ്കിലും കേളീസൌധം ഒന്നാന്തരം ചെറുകഥകൾ ധാരാളമുള്ള ഒരു ഗ്രന്ഥസമുച്ചയമാണു്. മി. പുതുവാളിനെയും, ഈ. വി. യെയും അപേക്ഷിച്ചു മി. വാരിയർ കുറച്ചു കഥകളേ എഴുതിയിട്ടുള്ളു എങ്കിലും അദ്ദേഹം ഈ സാഹിത്യവിഭാഗത്തിൽ ഒരു അത്യുന്നതസ്ഥാനത്തെ അർഹിക്കുന്ന ആളാണു്. 'മുരളീഗാനം' 'ദാമ്പത്യബാഷ്പം' 'കാത്യായനിയുടെ കത്തു്' എന്ന മൂന്നു കഥകൾ ഇതുവരെ മലയാളത്തിലുണ്ടായിട്ടുള്ള കഥകളിൽനിന്നൊക്കെ മെച്ചമാണെന്നു പറയുന്നതിൽ അതിശയോക്തിസ്പർശമില്ലതന്നെ.

മി. സുകുമാരനും ശിവശങ്കരൻ നായരും

ഇവരിൽനിന്നു വിഭിന്നരായ രണ്ടു കാഥികന്മാരുണ്ടു്. സംഭാഷണങ്ങൾകൊണ്ടു സരസകഥകൾ മുഴമിപ്പിക്കുന്ന മി. സുകുമാരനാണു് അവരിൽ പ്രധാനി. അദ്ദേഹം മാതൃകയായി പലപ്പോഴും പി. ജി. വുഡ്ഹൌസിൻെറ സമീപവർത്തിയാകുന്നുണ്ടെങ്കിലും, പലപ്പോഴും പരിധിവിട്ടു സഞ്ചരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിൻെറ കഥകളെ ഏവരും ഇഷ്ടപ്പെടും. അത്ര രസപ്രദമാണു കഥ എഴുതുന്ന രീതി. 'റീയലിസ'ത്തിൽ തന്നെ ലയിച്ചു കഥയെഴുതുന്ന ഒരു യുവാവാണു മി. ശിവശങ്കരൻനായർ. 'കേസരി'വായനക്കാർക്കു ഈ യുവാവിൻെറ കഥകൾ സുപരിചിതങ്ങളാണു്.

നല്ലകഥകൾ എഴുതാവുന്നവർ

മി. ഭവത്രാതൻനമ്പൂരിപ്പാടു്, ശ്രീമതി ലളിതാംബികാഅന്തർജ്ജനം, ശ്രീമതി ആനന്ദവല്ലിഅമ്മ ഇവർ എഴുതിയാൽ ചെറുകഥകൾ നന്നാവും. അതിനുള്ള കരുക്കൾ അവരുടെ കൈകളിലുണ്ടു്.

(ഉപസംഹാരം)

മലയാളത്തിലെ ചെറുകഥാപ്രസ്ഥാനം ഇന്നും ശൈശവാവസ്ഥയിൽ ഇരിക്കുന്നതിനു പലകാരണങ്ങളുമുണ്ടു്. ഒന്നാമത്തേതു എഴുതാവുന്നവൻ എഴുതാതെ ഇരിക്കുന്നതുകൊണ്ടുതന്നെ. പ്രോത്സാഹനക്കുറവു് ഉണ്ടെന്നു സമ്മതിക്കാം—എങ്കിലും വെറുതെ വെടിപറഞ്ഞു സമയംകൊല്ലുന്ന ഈ കൂട്ടർക്കു് കഥ എഴുതുവാനും സമയം ഉപയോഗിക്കുവാനും വയ്യാതെ ഇല്ല—രണ്ടാമത്തേതു ഈ പ്രസ്ഥാനത്തെ പത്രക്കാരും മാസികക്കാരും സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രോത്സാഹിപ്പിക്കുവാൻ തയ്യാറാവുന്നില്ല എന്നതാണു്. മൂന്നാമത്തേതു വായനക്കാരിൽ സിംഹഭാഗവും സ്ത്രീജനങ്ങളാണു്. സംസ്കൃതചിത്തർ ഇന്നത്തെ മലയാളകഥയിൽ ഒരു കഥയുമില്ലെന്നു പറഞ്ഞുതുടങ്ങും. പക്ഷെ പ്രോത്സാഹനമുണ്ടാകുമ്പോൾ ഈ അവസ്ഥ മാറിയേക്കാം. ഉത്തരോത്തരം വളർന്നുവരുന്നതും മലയാളത്തുകാർക്കു രസിക്കുന്നതുമായ ഒരു സാഹിത്യവിഭാഗമാണു ചെറുകഥ. അതു വളർന്നു ഒരു നല്ല സ്ഥാനത്തെത്തുവാൻ പൊതുജനങ്ങളും പത്രക്കാരും ജഗദീശ്വരനും കനിയട്ടെ.


# നാളികേരമാർക്ക്

(കോക്കൊനട്ട് ബ്രാൻറ്.)

"ലോട്ടസ്ഹണി." കഴിഞ്ഞ കറാച്ചി കാൺഗ്രസ്സ് പ്രദർശനത്തിൽ മെഡലുകളും സർട്ടിഫിക്കററുകളും ലഭിച്ചതു്. ഇതു ഒരു പ്രകൃതിലബ്ധമായ ഔഷധമാണു്. സകല നയനരോഗങ്ങളേയും ശമിപ്പിക്കുന്നു. തിമിരം, ഗ്ലാക്കോമാ മുതലായവപോലും ശസ്ത്രക്രിയകൂടാതെ ഭേദമാകുന്നു. ഡ്രാമിനു 2 രൂ. വിലകൂടാതെ കിട്ടുന്ന പുസ്തകത്തിനു അപേക്ഷിക്കുക.

**New Formula Co Kandi, Bengal.**

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ ആയിരിക്കണം.

# "സിദ്ധമന്ത്രം.

## ൧൦൦-ക ഇനാം.

ലക്ഷക്കണക്കിനു രൂപാ ചിലവാക്കിയാലും സാധിക്കാത്ത കാര്യങ്ങൾ ഈ മന്ത്രം ഏഴുതവണ ജപിച്ചാൽ സാധിക്കുന്നതാണു്. ഫലപ്രാപ്തിക്കു വിഷമകരമായ അനുഷ്ഠാനങ്ങൾ യാതൊന്നും വേണ്ട. പ്രത്യേകം യാതൊന്നും കരുതേണ്ടതായിട്ടുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നസ്ത്രീ കഠിനഹൃദയയും, അഹംഭാവിയുമായാൽപോലും നിങ്ങൾ ഈ മന്ത്രം പാരായണംചെയ്തുകഴിഞ്ഞാൽ നിങ്ങളിൽ അനുരക്തയാകുകയും, എന്നും നിങ്ങളോടുകൂടിയിരിക്കുന്നതിനു ആഗ്രഹിക്കുകയും ചെയ്യും. ഇതു് ഒരു വശീകരണമന്ത്രമാണു്. നിങ്ങളെ അതു് ഭാഗ്യവാനാക്കും; ഉദ്യോഗവും കയററവും നൽകും, വ്യവഹാരങ്ങളിൽ വിജയംതരും, വ്യാപാരത്തിൽ ലാഭമുണ്ടാക്കും. വ്യത്യാസം വരുന്നതായി തെളിയിച്ചാൽ 100 ക. ഇനാം.

തപാൽചിലവുൾപ്പടെ വില 2. ക. 7 ണ

ഇംഗ്ലീഷിൽ അപേക്ഷിക്കുക.

Siddh Mantra Ashram,
No. 173, P. O. Katrisarai,
(Gaya).

## മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ

# മംഗളപദ്യങ്ങൾ.

(വൈക്കം ചന്ദ്രശേഖരൻപിള്ള)

മലയാളപദ്യസാഹിത്യത്തിന്റെ ചരിത്രത്തിൽ ലേശംപോലും പിന്നാക്കമല്ലാത്ത ഒരു സ്ഥാനത്തെ അർഹിക്കുന്ന പരേതനായ കേരളവ്യാസന്റെ കവിതാരീതിയെപ്പററി ഇന്നത്തെ ചില രസികന്മാർക്കു പക്ഷാന്തരമുണ്ടെന്നിരുന്നാലും വാസനാവൈഭവംകൊണ്ടും രസസ്ഫൂർത്തികൊണ്ടും സാരള്യസാരസ്യങ്ങൾകൊണ്ടും സർവത്ര സമുൽകൃഷ്ടങ്ങളായ അദ്ദേഹത്തിന്റെ മംഗളശ്ലോകങ്ങളെപ്പററി 'മരത്തല'യന്മാരല്ലാത്ത മലയാളികൾക്കാർക്കുംതന്നെ വിപരീതാഭിപ്രായം ഉണ്ടെന്നു തോന്നുന്നില്ല. സാധാരണ കാവ്യപഥങ്ങളിൽനിന്നു വിഭിന്നമായ ഒരു രീതിയാണു അദ്ദേഹത്തിന്റെ മംഗളപദ്യങ്ങൾക്കുള്ളതെന്നു സുപ്രസിദ്ധമാകുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാനും വെണ്മണിനമ്പൂരിപ്പാടന്മാരും കവികളല്ലെന്നുപോലും ശഠിക്കുന്ന ഒരു കൂട്ടർ തങ്ങളുടെ കോപാരുണിതമായ നിരീക്ഷണംകൊണ്ടു് സംഹാരത്തിനു വന്നേക്കാമെങ്കിലും,– പരേതനായ ആ മഹാകവിയുടെ ചില മംഗളശ്ലോകങ്ങളെപ്പററി എത്രഎത്രതന്നെ പുകഴ്ത്തിയാലും അധികമാകുമെന്നു ഒരു ധാരണ എനിക്കില്ല. മലയാളത്തിൽ സുപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പ്രസിദ്ധനിരൂപകന്മാർപോലും കേരളവ്യാസന്റെ മംഗളശ്ലോകങ്ങളിൽ പ്രായേണ ഗർഭിതങ്ങളായി കാണാറുള്ള പൊടിക്കൈകളെപ്പററി തുലോം പുകഴ്ത്തിപ്പറയുകമാത്രമേ ചെയ്തിട്ടുള്ളു.

മംഗളപദ്യനിർമ്മാണം ക്ഷിപ്രസാദ്ധ്യമായ കാര്യമാണെന്നാണു സാധാരണയായി എല്ലാ ഭാഷാകവികളും കരുതിവരുന്നതു്. പക്ഷെ മററു നല്ല കവിതകൾ രചിക്കുന്നതിനുള്ള വിഷമതകൾ എല്ലാംതന്നെ ഈ പ്രസ്ഥാനത്തിലും അനുഭവിക്കാതെ തരമില്ല. ഭാഷാമംഗളപദരചനയിൽ ഒരു പ്രത്യേക ചമല്ക്കാരവും രസവും വരുത്തിയതുതന്നെയും കുഞ്ഞിക്കുട്ടൻതമ്പുരാനാണെന്നു പറയുന്നതിൽപോലും വളരെ തെററുണ്ടെന്നു തോന്നുന്നില്ല. അനാവശ്യമായ അലങ്കാരങ്ങൾ സന്ദർഭവിരോധമായി പ്രയോഗിച്ചു മംഗളപദ്യങ്ങളെ അലങ്കോലപ്പെടുത്തുന്ന പതിവു തമ്പുരാനില്ല. യഥാർത്ഥമായതും കാലദേശാവസ്ഥയ്ക്കു അനുസരിച്ചതുമായ തത്വപ്രതിപാദനമാണു ഒരു കവിയുടെ മുഖ്യധർമ്മമെന്നു അദ്ദേഹത്തിനു നല്ലതിന്മണ്ണം അറിയാമായിരുന്നു. നോക്കുക:—

ലോകം കൂരിരുളിൽകിടന്നുമറിയും
    നേരത്തുബാലാതപാ-
ലോകംതൂകിവിരിഞ്ചസൃഷ്ടിവിഭവം
    കാട്ടിത്തരും ദൈവമേ!
ഏകജ്യോതിരുദാരശക്തിവഴിയേ
    ശീതോഷ്ണഭേദങ്ങളെ
പ്പാകംപോലെപരത്തിടുന്നപരമാ–
    ത്മാവേ! പ്രസാദിക്കണേ !"

പ്രസ്തുതപദ്യത്തിലുള്ള പ്രകൃതിനിരീക്ഷണവും, ഓജസ്സും, ശയ്യാഗുണവും പ്രസാദാത്മകത്വവും എത്രയോ ആസ്വാദ്യമായിരിക്കുന്നു. പ്രകൃതിയെ ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ള മറെറാരു പദ്യം നോക്കുക:—

കല്പാന്തോൽക്കടഭാസ്കരൻ ഖരകരം
    മൂപ്പിച്ചുമുപ്പാർത്തപി-
ച്ചപ്പോടെ വരളുമ്പൊളപ്പുകടലും
    കട്ടപ്പെടുംകാലമേ
ദൃക്പാതംബഡവാഗ്നിപോലെഗിരിശൻ
    തട്ടിച്ചുപൊട്ടിച്ചപാ-
ടപ്പോപ്പൊട്ടലുകേട്ടു പുഞ്ചിരിയിടും
    പത്രക്കിടാവേ! തൊഴാം!"

പ്രസ്തുതപദ്യത്തെപ്പററി ഒരു നിരൂപകൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അഭിപ്രായത്തെ താഴെ ഉദ്ധരിക്കാം.

"ശാസ്ത്രസംബന്ധമായുള്ള അഗാധപാണ്ഡിത്യത്തെ പ്രകൃതിതത്വപ്രതിപാദനവിഷയത്തിൽ കൂട്ടിയിണക്കി ഒരു യഥാർത്ഥഫലിതവും വരുത്തി ഈ വിധം ഒരു മംഗളപദ്യം ഉണ്ടാക്കുവാൻ തമ്പുരാനോടു് തുല്യൻ അവിടുന്നു മാത്രമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല."

"ചികഞ്ഞു വിജ്ഞാനവിശേഷരത്ന–
ച്ചെപ്പായിരുന്നത്തല ചാമ്പലായി"

എന്നു തിരുമനസ്സിലെ ചരമം പാടിയ മഹാകവി വള്ളത്തോളിനെയാണു ഞാൻ അനുസ്മരിക്കുന്നതു്.

ഇനി പ്രസന്നമനോഹരമായ മറെറാരു പദ്യം നോക്കുക:—

അഞ്ചാറിഷ്ടസഖീജനങ്ങളൊരുമി
    ച്ചുല്ലോലകോലാഹല-
ത്തുഞ്ചാലംബനമാംസുധാംബുനിധിയിൽ
    പ്പൊങ്കപ്പലേറിസ്സുഖം
അഞ്ചാതേകളിയാടിടുന്ന കനക
    ശ്രീഗൌരിതാരാംബികേ!
കൺചാട്ടംകഴൽക്കൂപ്പുമെന്നിലൊരുമീൻ
    പോലൊന്നു ചാടിക്കണേ!"

ശബ്ദാർത്ഥഭംഗിക്കു ലേശംപോലും ലോപം വരുത്താതെ ഒഴുക്കനായ ഒരു അലങ്കാരം കൂട്ടിക്കലർത്തി കവനാഭരണനിർമ്മാണം ചെയ്തിട്ടുള്ള ഇതരകവികൾ മലയാളത്തിൽ അധികമുണ്ടോ എന്നു സംശയമാണു്.

"ജാലവിദ്യയിലനേകജഗത്തിൻ
ജാലമാകവെ മണൽത്തരിപോലെ
കാലചക്രമതിലിട്ടുതിരിക്കും
കാലകാലനുടെ മായസഹായം!"

ഈ പദ്യത്തിലെ ജാലവിദ്യാപ്രയോഗവും അതിനു ആധാരമായ മായയുടെ മാഹാത്മ്യവും വിശിഷ്യ "ചക്രത്തിലിട്ടുതിരിക്കുന്നതും" ആരെയാണു രസിപ്പിക്കുകയില്ലാത്തതു്. വാച്യമായ അർത്ഥത്തിനും പുറമെ അതിൽ അടക്കിയിരിക്കുന്ന അവാച്യമായ തത്വപ്രതിപാദനം ആരെയാണു കോൾമയിർക്കൊള്ളിക്കാത്തതു്- അഹോ കഷ്ടം! ഇതിന്റെ കർത്താവാണുപോലും കവിയല്ലാത്തതു്!

ഇനി മറെറാരു പദ്യത്തിനുള്ള ഫലിതവും, പദഭംഗിയും ചമല്ക്കാരസമ്പൂർണ്ണതയും നോക്കുക!

കരിമ്പുവില്ലന്റെലസൽകളേബരം
കരിച്ചനെഞ്ഞൂക്കു പറിച്ചെടുത്തുടൻ
കരിപ്രമാഥിപ്രഭുവെ സ്വയംവശീ-
കരിച്ചുകാവേണി കനിഞ്ഞുകാക്കണം.

ഇതിലെ അനുപ്രാസാദിഭംഗികൾ നില്ക്കട്ടെ. ആ "കരിപ്രമാഥിപ്രഭുവിന്റെ നെഞ്ഞൂക്കു പറിച്ചെടുത്ത"തിനു എന്തുതന്നെ സംഭാവന ചെയ്താൽ മതിയാകുമെന്നു സഹൃദയന്മാർതന്നെ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ

ഒരിക്കൽ, സാഹിത്യരസികനായ തന്റെ ഒരു സ്നേഹിതൻ ബി. ഏ. പരീക്ഷയ്ക്കു ചേരുവാൻ പോയ അവസരത്തിൽ അദ്ദേഹത്തിനു അയച്ച ഒരു കത്തിലെ മംഗളപദ്യം നോക്കുക. ഔചിത്യഗുണത്തിന്റെ സർവോൽകൃഷ്ടപദത്തിൽ എത്തിയ പ്രസ്തുതപദ്യം സുപ്രസിദ്ധമാണു്.

"നിരീക്ഷിച്ചുനിർത്താർശരൻതന്റെസാ
    [ക്ഷാൽ
ശരീരംദഹിപ്പിച്ച ചെങ്ങാതിയേയും
ഒരീഷൽകടാക്ഷത്തിനാൽപാട്ടിലാക്കും
പരീക്ഷയ്ക്കുപാസ്സായ തായേതൊഴുന്നേൻ.

പ്രസിദ്ധസരസകവിയായ ബ്രഹ്മശ്രീ ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ) അവർകൾക്കു അയച്ച പദ്യപത്രത്തിലെ ഒരു മംഗളശ്ലോകം ഇവിടെ ഉദ്ധരിക്കാം: പ്രകൃത്യാ അലസനായ നമ്പൂതിരി അവർകളുടെ അലസതയെപ്പററി സസ്നേഹം പരിഹസിച്ചിട്ടുള്ള പ്രസ്തുതപദ്യം നോക്കുക:—

മന്മഥനുടെ തടിമുടിയൻ
നിർമ്മലതാരശജാഹ്നവിമുടിയൻ
നമ്മുടെ ഗരളംകുടിയൻ
നന്മതരട്ടെഭവാനുമാമടിയൻ.

പരോക്ഷമായും എന്നാൽ ഹൃദ്യമായും വ്യംഗ്യപരിഹാസത്തെ അടക്കിയിട്ടുള്ള ഈ പദ്യത്തിൽ കവിതയില്ലെന്നു കശ്മലന്മാർക്കല്ലാതെ തോന്നുകയില്ല.

അർജ്ജുനന്റെ സന്യാസവും, അദ്ദേഹത്തിന്റെ സുഭദ്രാപരിണയവും, ശ്രീകൃഷ്ണന്റെ വേഷംകെട്ടലും മററും ഇടകലർത്തി രചിക്കപ്പെട്ടിട്ടുള്ള മറെറാരു ഹൃദ്യമായ പദ്യംകൂടി ഇവിടെ ഉദ്ധരിക്കാം-

ചെന്നാൽ ചെന്നേടമൊക്കെച്ചിതമൊടുനി-
    ലവിട്ടുച്ചിവെയ്ക്കുന്നകള്ള-
സ്സന്ന്യാസിക്കുള്ളമൊച്ചക്കൊടിയുടയ
    പടച്ചേർന്നൊത്തുനാസൂത്രൻ
കന്യാവേഷം ചമഞ്ഞോരളവു കമി-
    ളകിച്ചെന്നുപൊത്തിപ്പിടിക്കു-
ന്നന്യായക്കാരനെപ്പാരത്തൊരുവൾവിട്ടു
    മിളംപുഞ്ചിരിക്കായ്ത്തൊഴുന്നേൻ"

ഈ പദ്യം കുറച്ചു "പച്ചയായി"പോയിയെന്നു തോന്നിയേക്കാമെങ്കിലും അതിലെ ചെപ്പിടിവിദ്യ തമ്പുരാന്റെ കുശാഗ്രബുദ്ധിക്കു് ഉത്തമോദാഹരണമാകുന്നു.

രാജൽഭാവരസംസരസ്വതിമുഖം
    വാണാദിശേഷന്റെയും

ജീവചരിത്രം.

# അല്ലൻ ഒക്ററാവിയൻ ഹ്യൂം.

വിലാട്ടത്തു കുഞ്ഞൻ നമ്പ്യാർ.

ദേശീയബോധത്തിൻെറ കണികയെങ്കിലുമുള്ള ഏതൊരു ഭാരതീയനും ഇൻഡ്യൻ രാഷ്ട്രീയ പരിവത്തനത്തിൽ അല്ലൻ ഒക്ററാവിയൻ ഹ്യൂമിനുള്ള നിസ്തുലമായ സ്ഥാനത്തെ ആദരപൂവ്വം അനുസ്മരിക്കുന്നതാണു്. 1907-ൽ മേർലിപ്രഭു മി. ഹ്യൂമിനു് അയച്ചിട്ടുള്ള ഒരുകത്തിൽ ഈ സംഗതി വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. ഭാരതമഹാജനസഭയുടെ ജനയിതാവു എന്ന ബഹുമതിയുടെ യഥാത്ഥാവകാശി ഇദ്ദേഹമാണു്. വിസ്തൃതമായ ഭാരതഭൂമിയുടെ നാനാഭാഗങ്ങളിൽ ചിന്നിച്ചിതറിയിരുന്ന ദേശീയബോധത്തെ ഉജ്ജ്വലിപ്പിച്ചു് പ്രായോഗികവും പ്രവൃത്തിനിപുണവും ആക്കിത്തീത്തതും ഭാരതത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ അഭ്യുന്നതിക്കു അനന്തരകാലങ്ങളിൽ അസൂയാഹമാംവണ്ണം മഹാപ്രയത്നങ്ങൾ ചെയ്തിട്ടുള്ള ഭാരതമഹാജനസഭയ്ക്കു് അടിസ്ഥാനം ഉറപ്പിച്ചതും ഈ മഹാനായിരുന്നു. കഴിഞ്ഞ ശതാബ്ദത്തിൻെറ അന്ത്യപാദത്തിൽ ദേശീയസംഘടനയുടെ ആവശ്യകതയെക്കുറിച്ചു് പ്രതിഭാശാലികളായ സ്വാതന്ത്ര്യചിന്തകന്മാരിൽ ചിലർ ആലോചിക്കയുണ്ടായി. ഈ പ്രമേയം പ്രായോഗികമാക്കിത്തീക്കുന്നതിനു് പ്രാപ്തന്മാരായ ദേശസേവകരും അതിനനുകൂലിച്ച പരിതസ്ഥിതിയും വേണ്ടിടത്തോളവും ഉണ്ടായിരുന്നു. മാർഗ്ഗദർശിത്വം വഹിക്കുന്നതിനു സന്നദ്ധനായ ഒരു നേതാവിൻെറ അഭാവം മാത്രമാണു പരിഹത്തവ്യമായിരുന്നതു്. തികച്ചും അര ശതാബ്ദത്തിനുമുമ്പു് മി. ഹ്യൂമിൻെറ നേതൃത്വത്തിൽ ബോംബയിൽ കൂടിയ പ്രാരംഭ യോഗത്തിൽ 72 ആളുകൾ മാത്രമേ സംബന്ധിച്ചിരുന്നുള്ളു. പില്ക്കാലങ്ങളിൽ ശക്തിമത്തായ കൊടുങ്കാററുകളും അഗ്നിപാതങ്ങളും പലപ്പോഴും ഉണ്ടായെങ്കിലും ഈ സ്ഥാപനത്തിനു അണുമാത്രം ഉലച്ചിലുണ്ടാകാതിരുന്നതിൻെറ മുഖ്യഹേതു അതിൻെറ സ്ഥാപകന്മാരുടെ ഉദ്ദേശസിദ്ധിയാണെന്നു കരുതുന്നതിൽ ആക്ഷേപത്തിനവകാശമില്ല.

ഇൻഡ്യാഗവർമ്മെൻറിൻെറ ഹോംസെക്രട്ടറിജോലി 1882-ൽ രാജിവെച്ചതിനുശേഷം ഭാരതീയരെയും ഇംഗ്ലീഷുകാരെയും കൂടുതൽ യോജിപ്പിക്കുന്നതിനായി മി. ഹ്യൂം പ്രവൃത്തിയാരംഭിച്ചു. "വൈദേശികയടിമപ്പെട്ടു ജീവിക്കുന്നതു പാശ്ചാത്യക്കു അരോചകമായിരിക്കെ ഭാരതീയർ സ്വാതന്ത്ര്യസുഖം ആസ്വദിക്കുന്നതിൽ നാം പ്രതിബന്ധമായിരിക്കുന്നതിനെ ഒരുവിധത്തിലും ന്യായീകരിക്കാവുന്നതല്ലെ"ന്നു മി. ഹ്യൂം പലപ്പോഴും പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതു സർ വില്യം വെഡ്ഡർബാൻ പ്രസിദ്ധം ചെയ്തിട്ടുള്ള ഹ്യൂമിൻെറ "സ്മരണക"ളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

1883 മാച്ചുമാസം 1-ാം തീയതി അദ്ദേഹം കല്ക്കട്ടാ സവ്വകലാശാലയിലെ ബിരുദധാരികൾക്കായി എഴുതിയ വിജ്ഞാപനം വിശുദ്ധ പൌലോസ് അപ്പൊസ്തോലൻ റോമാക്കാക്കു നൽകിയ സുവിശേഷംപോലെ പ്രാധാന്യമുള്ളതായി പരിഗണിച്ചുവരുന്നു. അതു ഈവിധമായിരുന്നു. "എന്നെപ്പോലെയുള്ള വിദേശികൾ ഭാരതത്തേയും ഭാരതമാതാവിൻെറ സന്താനങ്ങളേയും സ്നേഹിക്കുന്നതു വ്യത്ഥമായേക്കാം; അവരുടെ ശ്രേയസ്സിനായി ഞങ്ങൾ — വിദേശീയർ ചിലവഴിക്കുന്ന സമയവും ധനവും ചിന്താശക്തികളും നിഷ്പ്രയോജനമായിത്തീന്നേക്കാം; ഞങ്ങളുടെ പ്രക്ഷോഭണവും ത്യാഗങ്ങളും ഫലപ്രദമായില്ലെന്നുവരാം; എന്നാൽ അഭിപ്രായങ്ങൾകൊണ്ടും ഉപദേശങ്ങളാലും ഞങ്ങൾ ചെയ്യുന്ന സഹായം അസ്ഥാനത്തിലാകുന്നതല്ല. ഞങ്ങളുടെ അറിവും അനുഭവങ്ങളും നിങ്ങളുടെ മുമ്പാകെ സമപ്പിക്കാം. യഥാത്ഥമായി പ്രയത്നിക്കേണ്ടതു ഭാരതമാതാവിൻെറ സന്താനങ്ങളാണു്. ഭാരതഭൂമിയോടു നിങ്ങൾക്കുള്ള രാഷ്ട്രബന്ധം വിദേശികൾക്കു സാധിക്കാവുന്നതല്ലല്ലൊ.

രാഷ്ട്രത്തിൻെറ ജീവൻ നിങ്ങളാണു്. മാതൃഭൂമിയെ സ്നേഹിക്കുക, അതിനെ അഭിമാനപൂവ്വം സ്മരിക്കുന്നതിനും സ്വാതന്ത്ര്യലബ്ധിക്കുവേണ്ട ത്യാഗങ്ങൾ വരിക്കുന്നതിനും അഭ്യസ്തവിദ്യരും ഉൽകൃഷ്ടമാനസന്മാരുമായ നിങ്ങളിൽ അൻപതുപേരെങ്കിലും തയാറാകുന്നില്ലെങ്കിൽ ഇൻഡ്യക്കു യാതൊരാശയ്ക്കും വഴിയില്ല. സ്വാത്ഥത്തെ പരിത്യജിച്ചും കഷ്ടതകൾ സഹിച്ചും ഒരു മഹോദ്യമത്തിൻെറ പ്രാരംഭകൃത്യങ്ങൾ ചുമലിൽ വഹിക്കാൻ സ്വയം സന്നദ്ധരായി സുസ്മേരവദനരായി ഏതാനും ചെറുപ്പക്കാർ മുന്നോട്ടുവരുന്നതിനു ഒരുക്കമില്ലെങ്കിൽ ഇന്നത്തെ ഭരണംതന്നെയാണു നിങ്ങൾക്കുചിതമായിട്ടുള്ളതു്. ഇതിനെക്കാൾ ഉപരിയായ യാതൊന്നും നിങ്ങൾ അർഹിക്കുന്നില്ല. നിങ്ങൾക്കു ലഭിക്കുന്നതുമല്ല. നിങ്ങളുടെ അടിമത്തത്തിൻെറ നികൃഷ്ടതയെക്കുറിച്ചു വേണ്ടവിധം ചിന്തിക്കുന്നെങ്കിൽ നിങ്ങൾ സുഖലോലുപന്മാരായിരിക്കുകയില്ല. മാതൃഭൂമിയ്ക്കു ദാസ്യജീവിതത്തിൽനിന്നു മോചനം നൽകുവാൻ യത്നിക്കുന്നതിനു നിങ്ങൾ തയാറില്ലെങ്കിൽ നിങ്ങളുടെ സ്നേഹിതന്മാരും അഭ്യുദയകാംക്ഷികളുമായ ഞങ്ങൾ വഴിപിഴച്ചവരും, പരിപന്ഥികളുടെ നില സാധൂകരിക്കാവുന്നതും ആയിത്തീരുന്നതാണു്".

സ്തോഭജനകമായ ഈ ഉൽബോധനം ആശിച്ചഫലത്തെ പ്രദാനംചെയ്തു. നാഷണൽ യൂണിയൻ എന്ന അഭിധാനത്തിൽ ഒരു സംഘടന രൂപീകൃതമാവുകയും അതിൻെറ ആഭിമുഖ്യത്തിൽ 1885 ഡിസംബർ 25 മുതൽ 30-ാം തീയതിവരെ പൂനയിൽ ഒരു മഹാസമ്മേളനം നടത്തുന്നതിനു നിശ്ചയിക്കുകയും ചെയ്തു. യൂണിയൻെറ ആദശങ്ങളിൽ താല്പയ്യമുള്ളവക്കു അഭിപ്രായവിനിമയം ചെയ്യുന്നതിനും പരസ്യമായ അംഗീകരണം സമ്പാദിക്കുന്നതിനും ആയിരുന്നു ആ മഹായോഗം പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിരുന്നതു്.

യൂണിയനിൽ അംഗമായിച്ചേരുന്നതിനു പ്രതിഭാവികാസം, ജനസമ്മതി, ത്യാഗശീലം, സ്വാശ്രയബോധം മുതലായവ യോഗ്യതയായി പരിഗണിച്ചിരുന്നു. എല്ലാ പ്രധാന നഗരങ്ങളിലും യൂണിയൻെറ ശാഖകളേപ്പെടുത്തി അവയെ കാര്യക്ഷമമാക്കി. അനന്തരം ഇൻഡ്യയുടെ ആവശ്യങ്ങളെയും അവകാശങ്ങളെയുംകുറിച്ചു ഇംഗ്ലീഷുകാക്കു പൊതുവേയും പാർലമെൻറു മെമ്പറന്മാക്കു പ്രത്യേകമായും വേണ്ട അറിവുകൾ നൽകുന്നതിനായി ഹ്യൂം ഇംഗ്ലണ്ടിലേക്കുപോയി. വീണ്ടും ഇൻഡ്യയിലെത്തി പൂനാ കോൺഫ്റൻസിനു ഒരുക്കങ്ങൾ ചെയ്തു. മഹാസമ്മേളനത്തിനുവേണ്ടതെല്ലാം സജ്ജീകൃതമായപ്പോൾ പൂനയിൽ കോളറാ വ്യാപിക്കുകയാൽ സമ്മേളനം ബോംബയിലേക്കു മാറേറണ്ടതായിവന്നു. ആ സമ്മേളനത്തിൽ യൂണിയൻെറ നാമധേയം ബഹുജനാഭിപ്രായപ്രകാരം ഇൻഡ്യൻനാഷണൽ കോൺഗ്രസ് എന്നു ഭേദപ്പെടുത്തി. ഇപ്രകാരം ഭാരതമഹാജനസഭയുടെ ആദ്യസമ്മേളനത്തിനു സ്ഥലം നൽകുന്നതിനുള്ള ഭാഗധേയം ബോംബെ നഗരത്തിനും അധ്യക്ഷനെ (W. C ബാനർജി) പ്രദാനംചെയ്യുന്നതിനുള്ള സൌഭാഗ്യം ബംഗാളിനും സിദ്ധിച്ചു. പ്രാരംഭത്തിൽ അൻപതു പ്രവത്തകന്മാരെ ആവശ്യപ്പെട്ടമഹാൻ അൻപതു വത്സരം കഴിയുമ്പോൾ സ്വാതന്ത്ര്യത്തിനായി ബന്ധനം സ്വീകരിക്കുന്നതിനു അൻപതിനായിരം ജനങ്ങൾ സന്നദ്ധരാകുമെന്നു ദിർഘദർശനം ചെയ്തിരിക്കുമോ?

---

സൗജന്യക്കടൽമങ്കയാംദയകരൾ
തട്ടാണ്ടുകൃഷ്ണൻെറയും,
വ്യാജംവിട്ട നടപ്പെടുത്തുവിലസും
ശ്രീകൌമുദീകാമുക-
ഭ്രാജന്മൌലിഭവൻപരം പരസുഖം
നൾകാൻ പ്രസാദിക്കണം"

പ്രസ്തുതപദ്യം ഉണ്ടാക്കിയിട്ടു രണ്ടാഴ്ചകഴിഞ്ഞപ്പോഴാണു തമ്പുരാൻ ഇഹലോകവാസം വെടിഞ്ഞതു്. "പരസുഖം നൾകാൻ പ്രസാദിക്കണം" എന്നു പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു തൻെറ ചരമത്തെപ്പററി അതിൽ സൂചിപ്പിക്കുകപോലും ചെയ്തിട്ടുണ്ടെന്നു ധരിക്കുന്നതിൽ, അബദ്ധമില്ലല്ലൊ. ഇതുപോലെ ഇനിയും എത്ര പദ്യങ്ങൾ വേണമെങ്കിലും ഉദ്ധരിക്കുവാനുണ്ടെങ്കിലും വിസ്തരഭയത്താൽ അതിനു തുനിയുന്നില്ല. പ്രസാദത്തോടുകൂടിയ ശൃംഗാരരസം തമ്പുരാൻെറ മംഗളപദങ്ങളിൽ ഫലിതത്തിനൊപ്പം നടമാടുന്നുണ്ടെന്നു ഹൃദയമുള്ളവക്കു അറിവാൻ കഴിയുന്നതാണു്.

# ലോകം ശൈത്യത്തിന്റെ നെല്ലിപ്പലകയിൽ.

## ഹീലിയത്തിന്റെ ആശ്ചര്യകഥകൾ.

[കേശവ് ഡി. പത്തിയൂർ ബി. എ.]

മോഹംമുതിരയുംപോലെ വിഭിന്നരായ ശാസ്ത്രജ്ഞന്മാർ, വ്യവസായികൾ, യുദ്ധകാര്യമന്ത്രിമാർ, ഇവരുടെ സവിശേഷശ്രദ്ധയ്ക്കു വിഷയീഭവിക്കുന്ന ഒരു ശ്രേഷ്ഠവാതകമാണ് ഹീലിയം. ശൈത്യത്തിന്റെ അടിത്തട്ടിൽ വസ്തുക്കളുടെ ആശ്ചര്യജനകമായ സ്വഭാവമാററങ്ങൾ പഠിക്കുന്നതിനു ശാസ്ത്രജ്ഞരെ ഇതു് അതികുതുകികളാക്കുന്നു. ഗഗനസഞ്ചാരത്തിൽ ഹീലിയത്തിനുള്ള നിസ്തുല്യമായനില വ്യാപാരികളുടെ കീശവീർപ്പിച്ചു അവരെ സന്തോഷസാഗരത്തിൽനിന്ത്ക്കുന്നു. ഹീലിയഖനികളുടെ സിംഹഭാഗവും ഇന്നവരെ ഐക്യനാട്ടുകാർക്കാണുള്ളതു്. മററുരാജ്യക്കാർക്കു അതു വില്ക്കുന്നതിൽ അവർ വിമുഖരാകയാൽ ആസന്നയുദ്ധത്തിൽ തീപിടിക്കാത്ത അമേരിക്കയുടെ വിമാനബലമോർത്തു ഇതരസേനാനികൾ ഉൽകണ്ഠാകുലരാകുന്നു. ഇങ്ങനെ പലപ്രകാരത്തിൽ പ്രാധാന്യം അർഹിക്കുന്ന ഈ വാതകത്തിന്റെ കണ്ടുപിടിത്തം, ചില വൈശിഷ്ട്യസ്വഭാവങ്ങൾ, ഉപയോഗംമുതലായവ അറിഞ്ഞിരിക്കുന്നതു നമുക്കും രസാവഹമാണല്ലൊ.

ഹീലിയത്തിന്റെ രംഗപ്രവേശം ഇതര വാതകങ്ങളിൽനിന്നും അത്യന്തം വ്യത്യസ്തമായ പരിതഃസ്ഥിതികളിലാണ്. സാധാരണയുള്ള കേവലവസ്തുക്കളെ എല്ലാംതന്നെ വായുമണ്ഡലത്തിലൊ അഥവാ ഖനികളിൽനിന്നോ ആണ് കണ്ടുപിടിച്ചിട്ടുള്ളതു്. എന്നാൽ ഹീലിയത്തെ ആദ്യമായികണ്ടുപിടിച്ചതു് സൂര്യഗോളത്തിന്റെ ഭാസുരമണ്ഡലത്തിനുചുററും സ്ഥിതിചെയ്യുന്നതായിട്ടാണ്. ഏ. ഡി. 1868 ൽലോകംമുഴുവനും ദൃശ്യമായ ഒരു പൂർണ്ണസൂര്യഗ്രഹണമുണ്ടായി. ജാൻസൻഎന്ന രസതന്ത്രജ്ഞൻ സൂര്യമണ്ഡലത്തെ ഇദംപ്രഥമമായി സ്പെക്ട്രോസ്കോപ്പ് (Spectroscope) മുഖാന്തരം പരിശോധിച്ചപ്പോൾ അതിദീപ്തമായ ഒരു മഞ്ഞരേഖ അദ്ദേഹത്തിനു ദൃഷ്ടിവിഷയമായി. ഈ രേഖ ഒരു നൂതനകേവലവസ്തു(element)വിന്റെആണെന്നു നിശ്ചയിച്ചു അതിനു ഹീലിയം എന്നു നാമംകൊടുത്തു. ഹീലിയം എന്നാൽ ഗ്രീക്കുഭാഷയിൽ സൂര്യൻ എന്നാണ് അർത്ഥം. പിന്നീടു ഹീലിയം ഭൂമിയിലുംഉള്ളതായി ശാസ്ത്രജ്ഞർ കണ്ടുപിടിക്കയും ചെയ്തു. ഗോളങ്ങളിൽവച്ചു ഏററവും പ്രാധാന്യമേറിയ ഒന്നിന്റെ സഹവാസമല്ലെ ഹീലിയത്തിനു നാനാമുഖമായ പ്രശസ്തി കരഗതമാക്കി കൊടുത്തതു് എന്നു സംശയിക്കുന്നു. എന്തെന്നാൽ ചന്ദനത്തിന്റെ അടുത്തുനിൽക്കുന്നവൃക്ഷം അകിലാണ്.

ഇനി, ഹീലിയത്തിന്റെ ചില വിചിത്രമായ സ്വഭാവവിശേഷങ്ങളേയും അതിന്റെ പ്രയോജനത്തേയുംപററി സ്വല്പം ആലോചിക്കാം. ഹൈഡ്രജൻ കഴിഞ്ഞാൽ അടുത്ത ഏററവും ഘനം കുറഞ്ഞ വാതകമാണു ഹീലിയം. ഹൈഡ്രജനാണു സകല വാതകങ്ങളിലും ഘനക്കുറവ്. വായുവിനേക്കാളും വളരെ ഘനക്കുറവാണു ഹീലിയത്തിനു്. അതിനാൽ, ഭാരംകുറഞ്ഞ ഒരു വലിയ പന്തിനകത്തു് ഹീലിയം നിറച്ചാൽ വെള്ളത്തിൽ തടി എന്നപോലെ അന്തരീക്ഷത്തിൽ അതു ഉയരുന്നതുകാണാം. ഈ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആകാശക്കപ്പലുകൾ നിർമ്മിച്ചിട്ടുള്ളതു്. 'ലഘുത്വ'ത്തിൽ ആകാശക്കപ്പലിനു ഹൈഡ്രജനാണു ഹീലിയത്തിനെക്കാളും മെച്ചമെങ്കിലും, ഹൈഡ്രജനില്ലാത്ത അത്യന്തം വിശിഷ്ടമായഒരുഗുണം ഹീലിയത്തിനുണ്ട്. ഹീലിയത്തിനു തീപിടിക്കയില്ലെന്നുള്ളതാണു ഈഗുണം. ആകാശസഞ്ചാരത്തിന്റെ ആദ്യഘട്ടങ്ങളിൽ തീയിൽനിന്നും ഉണ്ടായിക്കൊണ്ടിരുന്ന അനിഷ്ടമരണങ്ങൾ ഹീലിയത്തിന്റെ 'പുറപ്പാടോടു'കൂടി നാമാവശേഷമായിരിക്കുന്നു. ഇന്നു ഹീലിയംകൊണ്ടുള്ള ഭീമരൂപമായ യുദ്ധക്കപ്പലും, സഞ്ചാരക്കപ്പലും സകല രാജ്യക്കാരും ആർത്തിയോടുകൂടി പണിചെയ്തുവരുന്നു.

ഹീലിയത്തിന്റെവേറൊരുഗുണം വെള്ളത്തെ അപഹരിച്ചു എടുക്കുന്നതിനു് അതിനുള്ളശക്തിയാണ്. അതു സ്തുത്യർഹമല്ല ഈ സ്വഭാവമെന്നു പഴിച്ചേക്കാം. എങ്കിലും ശശാങ്കനിലെ കറുപ്പു ഒരു മണ്ഡനമാണെന്നു ഓർക്കണം. അതുപോലെ ഈദൂഷ്യവും അനേകംതൊഴിലാളികൾക്കു അപാരമായ ഒരുസഹായമായിട്ടാണു പരിണമിക്കുന്നതു്. ഹീലിയംനിറച്ച വിശാലമുറികളിൽ അടിച്ചു വെടിപ്പാക്കിയ വസ്ത്രങ്ങൾ വരിക്കയാണു അമേരിക്കർ ചെയ്യുന്നതു്. സ്വല്പസമയത്തിനുള്ളിൽ യാതൊരു ന്യൂനതയും കൂടാതെ അവ ഉണങ്ങിക്കിട്ടുന്നു. സൂര്യപ്രകാശമില്ലാത്ത ശൈത്യകാലങ്ങളിൽ ഹീലിയം ഇപ്രകാരം അസംഖ്യം സാധുനാരായണക്കു മഹത്തായ ഒരു സഹായമാണു ചെയ്യുന്നതു്.

പക്ഷെ, രസതന്ത്രജ്ഞരെ അവ്യാജസുന്ദരമായ ആശ്ചര്യത്തിൽ നൃത്തംചെയ്യിക്കുന്ന ഹീലിയത്തിന്റെ മഹത്സ്വഭാവം ഇവയൊന്നുമല്ല. ഈ വിശിഷ്ടവാതകത്തിന്റെ സഹായത്താൽ അവർ ശൈത്യത്തിന്റെ നെല്ലിപ്പലകകണ്ടുകിട്ടാറായിരിക്കുന്നു. ശൈത്യത്തിന്റെ പരമാവധി 273 ഡിഗ്രി ആണല്ലോ. (മഞ്ഞുകട്ടി ഉരുകുന്നതു 0 ഡിഗ്രി ഘർമ്മാവസ്ഥയിലും വെള്ളം തിളയ്ക്കുന്നതു 100 ഡിഗ്രി ഘർമ്മാവസ്ഥയിലും ആണ്) ഏതുധ്രുവത്തിലും ഈ ഡിഗ്രിയുടെ ഇരുപതിൽഒരംശം തണുപ്പിൽ കൂടുകയില്ല. നമ്മുടെ ഏററവും ശൈത്യംകൂടിയ രാത്രിയിലെ തണുപ്പു 15 ഡിഗ്രിയിൽ കൂടുതൽ വരികയില്ല. അതിനാൽ 273 ഡിഗ്രി ടെമ്പറേച്ചർ ഊഹിക്കുന്നതിനുപോലും പ്രയാസമാണ്. ഏററവും കൂടിയചൂടുനമ്മുടെദേഹത്തെ എങ്ങനെ വ്രണപ്പെടുത്തുന്നുവോ അതുപോലെ ഈ തണുപ്പും നമ്മെ വ്രണപ്പെടുത്തും. എന്നാൽ ഹീലിയം 271 ഡിഗ്രി തണുപ്പുവരെ എത്തുന്നതിനു സഹായിക്കുന്നു. ആ ടെമ്പറേച്ചറിൽ ആണ് ഹീലിയം ഘനീഭവിക്കുന്നതു്. ഹീലിയത്തിന്റെ ആവിർഭാവത്തിനുമുൻപു ശാസ്ത്രജ്ഞർ ഇത്രയുംതാണ ഒരു ടെമ്പറേച്ചർ അറിഞ്ഞിരുന്നില്ല. ഇത്തരം താണ ടെമ്പറേച്ചറിൽ വസ്തുക്കളുടെ സ്വഭാവത്തിനു ഊഹാതീതമായ വ്യത്യാസങ്ങൾ സംഭവിക്കുന്നു. പദാർത്ഥങ്ങൾ തമ്മിലുള്ള ആകർഷണശക്തി നശിക്കുന്നു. വിദ്യുച്ഛക്തിപ്രവാഹത്തിനു ലോഹങ്ങൾ തടസ്സം നൽകുന്നില്ല. ആശ്ചര്യജനകമായ ഈദൃശ പരീക്ഷണങ്ങൾ നടത്തുന്നതിനു അമേരിക്കയിൽ ഇതിനകം പല കർമ്മശാലകളും തുറന്നുകഴിഞ്ഞിരിക്കുന്നു. ശൈത്യത്തിന്റെ അടിത്തട്ടായ −273 ഡിഗ്രി ടെമ്പറേച്ചറിൽ എത്തിച്ചേരാതെ അത്യാഗ്രഹികളായ ശാസ്ത്രജ്ഞരുണ്ടോ നിർവൃതനേടുന്നു!

ഇത്ര പ്രാധാന്യം അർഹിക്കുന്ന ഈ വാതകത്തിന്റെ ഒരു ഖനി സമ്പൽസമൃദ്ധമായ നമ്മുടെ വഞ്ചിരാജ്യത്തിലുമുണ്ടെന്നു അറിയുന്നതു ഏററവും സന്തോഷപ്രദമാണല്ലോ. അതിസമൃദ്ധമായി ദൈവം തന്നിട്ടുള്ള മോണസയററല്ലാതെ മറെറാന്നുമല്ല അതു്. മോണസയിററിൽനിന്നും ചുരുങ്ങിയ ചിലവിൽ ഹീലിയം വീണ്ടു എടുക്കുന്നതിനു നമ്മുടെ 'വിദഗ്ദ്ധന്മാർ' ശ്രമം നടത്തിയാൽ ഈ രാജ്യത്തിന്റെ ഐശ്വര്യവും പ്രശസ്തിയും നിസ്സംശയം ഉയരുന്നതാണ്.

---


## കാമകലാസഞ്ചികകൾ

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുർവ്വഹഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു.

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# ആലങ്കാരികവിദ്യാഭ്യാസം.

(രാമപുരം പി. ആർ. ശങ്കരപ്പിള്ള)

ആലങ്കാരികവിദ്യാഭ്യാസം (Aesthetic education) എന്നുപറഞ്ഞാൽ ശിശുക്കളിൽ അന്തർല്ലീനമായിരിക്കുന്ന സൌന്ദര്യബോധത്തെ വികസിപ്പിക്കുക എന്നാണു അർത്ഥവിവക്ഷ. അനുഭവമാകുന്ന ജീവിതത്തിന്റെ ഏററവും മഹത്തരമായ വളർച്ച മനോഹരമാതൃകകളുമായി മനസ്സിനുണ്ടാകുന്ന സുഖപ്രദബന്ധത്താൽ സാദ്ധ്യമാകേണ്ടതാണ്. ഇതിനു ആദ്യമായി വേണ്ടതു അഭിരുചിയെ വൎദ്ധിപ്പിക്കുകയാകുന്നു. മനോഹരദൃശ്യങ്ങളുമായി ഇടപഴകുവാൻ കുട്ടികൾക്കുള്ള താല്പൎയ്യം ഒരുവിധത്തിലും നിരോധിക്കപ്പെടാതിരിക്കട്ടെ. തൻമൂലം അവരിൽ ലീനമായിരിക്കുന്ന ആലങ്കാരികബോധം വികസിപ്പിക്കുക, അനുഭവപ്പെടുത്തുക, നിരൂപണംമൂലം മതിപ്പുണ്ടാക്കുക, ഇവയുടെയെല്ലാം ഫലമായി ചിലപ്പോൾ കലാനിർമ്മാണംചെയ്യുക ഇത്യാദികൾസാദ്ധ്യമാകുന്നു. മഹത്തും പ്രകൃതിസിദ്ധവുമായ സംഗതികളെ ബോധേന്ദ്രിയങ്ങൾക്കനുഭവമാക്കി, അവയുടെ വിലമതിക്കാൻ പ്രാപ്തിവരുത്തി തദ്വാരാ കലാനിർമ്മാണചാതുരിയുളവാക്കുന്ന അഭ്യസനത്തിന്റെ പ്രയോജനം വൎണ്ണനാതീതമത്രെ.

നിർഭാഗ്യവശാൽ ഈ വിഷയം നമ്മുടെ വിദ്യാലയങ്ങളിൽ കേവലം അഗണ്യകോടിയിൽ തള്ളിയിരിക്കയാണു്. കരിക്കുലത്തിൽതന്നെ അതിനു സ്ഥാനം കാണുന്നില്ല. ഗ്രീക്കുകാർ പുരാതനകാലത്തു നാഗരീകത്വത്തിൽ മികച്ചുനിൽക്കാൻ കാരണം ആലങ്കാരികവിദ്യാഭ്യാസത്തിനു അവർ കല്പിച്ചിരുന്ന പ്രാധാന്യമാണെന്നു ഒരു മഹാൻ പറഞ്ഞിരിക്കുന്നു. അവരുടെ മനോഹരശില്പങ്ങളുംമററും ഭാരതീയൎക്കും മാൎഗ്ഗദർശകമായിരുന്നുവെന്നു ചരിത്രം ഘോഷിക്കുന്നുണ്ടല്ലോ. ഭയങ്കരമായ രണപടുതയാൽ തന്നെ ജയിച്ച പൌരവൻ എന്ന ഭാരതീയനൃപപുംഗവനെ അദ്ദേഹത്തിന്റെ പൌരുഷത്തെ അഭിനന്ദിച്ചു പിടിച്ചടക്കിയ രാജ്യവും തിരികെക്കൊടുത്തു സുഹൃത്തായി. വരിച്ച വിശ്വവിശ്രുതനായ അലക്സാണ്ടർ എന്ന ഗ്രീക്കുനേതാവിന്റെ സൌന്ദര്യോപാസന നോക്കുക!

സൌന്ദര്യമെന്നാലെന്തു്? അഴകു്, ലാവണ്യം മുതലായ പൎയ്യായങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന ഈ പദത്തിൽനിന്നു സാധാരണന്മാർ കാഴ്ചയ്ക്കുള്ള ഭംഗി എന്ന ആശയമേ ഗ്രഹിക്കയുള്ളു. എന്നാൽ അതു സൌന്ദര്യത്തിന്റെ ശരിയായ നിർവ്വചനമല്ല. ഒരു പണ്ഡിതൻ സൌന്ദര്യത്തെക്കുറിച്ചു പറയുന്നതു നോക്കുക: "അന്തരാത്മാവിൽനിന്നു സർവ്വതോമുഖമായി പ്രസരിക്കുന്ന ദിവ്യചൈതന്യകിരണങ്ങൾ പദാർത്ഥങ്ങളെ സംവരണംചെയ്തു പ്രതിനിവൎത്തിക്കുമ്പോൾ നമുക്കു പരിപൂൎണ്ണമായ ആനന്ദാനുഭൂതി ഉളവാകുന്നെങ്കിൽ അതിനു കാരണമായ ആ വസ്തുഗുണമാണു സൌന്ദര്യം. സൌന്ദര്യത്തിന്റെ പരിധി സാധാരണബുദ്ധിക്കതീതമാകുന്നു" അദ്ദേഹം വീണ്ടും പറയുന്നു: 'നാനാത്വത്തിലുള്ള ഏകത്വമാണു സൌന്ദര്യം. വിപരീതധർമ്മങ്ങളുടെ ആന്തരമായ പൊരുത്തം സൌന്ദര്യത്തിന്റെ ജീവനാണു്. സന്ധ്യാകാലത്തിന്റെ അഴകും ചന്ദ്രികയുടെ രമണീയകവും ഇതിനു ദൃഷ്ടാന്തമായിരിക്കും. വിപരീതധർമ്മങ്ങൾ സ്വാഭാവികവും സമുചിതവുമായി സമ്മേളിക്കുമ്പോഴാണു സൌന്ദര്യം ജനിക്കുന്നതു്. അതു സമഷ്ടിയിലാണു വ്യഷ്ടിയിലല്ല സ്ഥിതിചെയ്യുന്നതും. ഒരു പുഷ്പത്തെ അപഗ്രഥിക്കുമ്പോഴും, ഒരു കോമളാംഗിയെ പ്രത്യംഗം പരിശോധിക്കുമ്പോഴും ഈ സംഗതി വിശദമാകും."

മേൽ വിവരിച്ചവിധമുള്ള സൌന്ദര്യം ബാഹ്യവും ആഭ്യന്തരവുമായിരിക്കാം. അതറിഞ്ഞു രസിക്കുന്നതിനു അനുഗൃഹീതമായ വാസന ആവശ്യമാണു്. എങ്കിലും അഭ്യാസംകൊണ്ടും ഒട്ടധികം സാധിക്കാതെ വരികയില്ല. സകല സൌന്ദര്യത്തിന്റെയും കേളീരംഗമായ പ്രകൃതി എല്ലാവരുടെയും കൺമുൻപിൽ അനാച്ഛാദിതമായിരിക്കുന്നെങ്കിലും എത്രയോ ദുർല്ലഭംപേൎക്കുമാത്രമേ അതു പരമാനന്ദപ്രദായകമായി ഭവിക്കുന്നുള്ളു. സൌന്ദര്യബോധത്തിനാവശ്യമായ ഭാവനയെ ആലങ്കാരികവിദ്യാഭ്യാസത്താൽ വളൎത്താത്തതാണിതിനു കാരണം. സൌന്ദര്യവും കലയും വാസ്തവത്തിൽ ഭിന്നമല്ല. അതുകൊണ്ടാണല്ലോ ഉത്തമസൌന്ദര്യോപാസകർ കവികളോ, ശില്പികളോ, ചിത്രമെഴുത്തുകാരോ, ഗായകരോ ആയി ഭവിക്കുന്നതും. സൌന്ദര്യത്തിന്റെ ഉൽകൃഷ്ടനിലയെക്കുറിച്ചാണു ഇവിടെപ്രതിപാദിച്ചതു്. ഈദൃശമായ സൌന്ദര്യാവബോധത്തിനു അർഹരാകത്തക്കവിധം ശിശുക്കൾക്കു എങ്ങനെ പ്രാരംഭപരിശീലനം നൽകാം എന്നാണു് ഇതിനുപരി ചിന്തിക്കേണ്ടതു്. സുന്ദരമായ പരിതസ്ഥിതികൾ സൃഷ്ടിക്കയും അതിനുള്ളിൽ കുട്ടികൾ കാൽവഴുതാതെ വിഹരിക്കത്തക്കവിധം നാം പിന്നിൽനിന്നു സൂക്ഷിച്ചുകൊള്ളുകയുംമാത്രമെ വേണ്ടതുള്ളു. വിശ്വഭാരതിമുതലായ പ്രശസ്തസ്ഥാപനങ്ങൾ പ്രകൃതിസൌന്ദര്യത്താൽ അനുഗൃഹീതമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യം മറെറാന്നുമല്ല. അങ്ങനെയുള്ള അസുലഭസൌകൎയ്യങ്ങൾ എല്ലാ വിദ്യാപീഠങ്ങൾക്കും ലഭ്യമല്ലായിരിക്കാം. എങ്കിലും ഉള്ളതിനെ ബുദ്ധിപൂർവ്വമുപയോഗിക്കാൻ ശ്രമിച്ചാൽ ധാരാളം മതിയാകും. ആലങ്കാരികവിദ്യാഭ്യാസംഅഭിവൃദ്ധിപ്പെടുത്തണമെന്നുദ്ദേശിക്കുന്ന ഒരു പാഠശാലയ്ക്കു വൃത്തിയായകെട്ടിടം, പരിസരം, കുട്ടികൾ സൂക്ഷിക്കുന്ന തോട്ടങ്ങൾ, ചിത്രങ്ങളാലും, മഹദ്വാക്യങ്ങളാലും അലംകൃതമായ ഭിത്തികൾ, ഭംഗിയുള്ള സാമഗ്രികൾ, ചെറിയതോതിലുള്ള മ്യൂസിയം, ഗ്രന്ഥശാല ഇത്രയും അവശ്യം വേണ്ടതാണു്. എന്നാൽ നമ്മുടെപല വിദ്യാശാലകളും കണ്ടാൽ പ്രവൎത്തകർ ഈ സംഗതിയിൽ കൈക്കൊണ്ടിരിക്കുന്ന അനാസ്ഥയിൽ ആരുംപരിതപിച്ചുപോകും. വിദഗ്ദ്ധനായ മി. ദത്താത്താം വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വം സ്വീകരിച്ചതിന്റെ ശേഷം സ്ക്കൂൾകെട്ടിടങ്ങളും പരിസരങ്ങളും ചേതോഹരങ്ങളാക്കാനായി പ്രവൎത്തകർ പ്രദർശിപ്പിക്കുന്ന നവമായ ഉന്മേഷം ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ഇതു പലേടത്തും മേലധികാരികളെ തൃപ്തിപ്പെടുത്താനുള്ള ഒരു വെറും ചടങ്ങായിമാത്രമെ കലാശിക്കുന്നുള്ളു.

ആലങ്കാരികബോധചതുരരായിരിക്കണം അദ്ധ്യാപകർ. അവർ തങ്ങളുടെ സകല പ്രവൃത്തികളും സൌന്ദര്യാവബോധത്തിനനുഗുണമായി നിയന്ത്രിച്ചിരിക്കയുംവേണം. അദ്ധ്യാപകരുടെ വേഷവും പുസ്തകാദിസാമഗ്രികളും എത്രയും നിർമ്മലവും ആകർഷകവുമായിരിക്കേണ്ടതാണു്. കുട്ടികളുടെമുൻപിൽവച്ചു എഴുതുകയും, ചിത്രങ്ങൾ രചിക്കയും ചെയ്യുമ്പോൾ ഓരോവരയും സുന്ദരവും സൂക്ഷ്മവുമായിരിക്കാൻ വേണ്ട കരുതലുകൾ ഉണ്ടായിരിക്കട്ടെ. ഇങ്ങനെ അദ്ധ്യാപകർതന്നെ ആദ്യം സൌന്ദര്യബോധത്തെ സന്നിഷ്കർഷം പുലൎത്തുമെങ്കിൽ അദ്ധ്യേതാക്കളിലും അതു അചിരേണ ദൃഢപ്പെട്ടുകൊള്ളും. നമ്മുടെ ഭൂരിപക്ഷം വിദ്യാർത്ഥികളുടേയും വേഷവും സാധനസാമഗ്രികളും എത്ര വികൃതം! അവരുടെ പെരുമാററങ്ങളോ അതും അപ്രകാരം തന്നെ. പ്രസ്തുതസംഗതികളിൽ അധികാരികളുടെ ശ്രദ്ധ ഇതുവരെ പൎയ്യാപ്തമായി പതിഞ്ഞിട്ടില്ല. മിതമെങ്കിലും ശുചിയായും ഭംഗിയായും വസ്ത്രംധരിക്കാനും അതു കേടുകൂടാതെ സൂക്ഷിക്കാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക. മൂലകടിഞ്ഞതും, കീറിയതും, മഷിപുരണ്ടതും, കൈവിരലുകളുടെ പാടുകൾ പതിഞ്ഞതുമായ പുസ്തകങ്ങളും, നോട്ടുബുക്കുകളും ചീത്തക്കുട്ടികളുടെ ലക്ഷണമെന്നു അദ്ധ്യാപകൻ ക്ലാസിലെ പെരുമാററങ്ങൾകൊണ്ടുവ്യക്തപ്പെടുത്തട്ടെ. അപ്പോൾ കുട്ടികൾക്കു മലിനവസ്ത്രങ്ങളോടും വികൃതസാധനങ്ങളോടും സ്വയമേ ഒരു വെറുപ്പുണ്ടാകും. ഉപയോഗാനന്തരം സാധനങ്ങൾ ഭംഗിയായി അടുക്കി സൂക്ഷിക്കുന്ന സ്വഭാവവും സൌന്ദര്യബോധത്തെ കുറിക്കുന്നതാണു്. പല സ്ക്കൂളുകളിലേയും മേശകളും, അലമാരകളുംകണ്ടാൽ അദ്ധ്യാപകൎക്കുതന്നെ ഈ ബോധം തുലോം വിരളമാണെന്നു വ്യക്തപ്പെടും. പിന്നെ ക്ലാസ്സിൽ കുട്ടികൾ ചപ്പുചവറുകൾ കൂട്ടിയിട്ടുള്ളപോലെഅവരുടെ സാമഗ്രികൾ നിരത്തുന്നതിൽഅത്ഭുതപ്പെടുവാനുണ്ടോ?

സ്ക്കൂൾഭിത്തികൾ മനോഹരമാക്കേണ്ടതിനുപകരം അവയെ പെൻസിൽ, കരിക്കട്ടമുതലായവകൊണ്ടു വരച്ചു വികൃതമാക്കുന്നതിനെ തടയുന്നതിനു പോലും നാം വേണ്ടവിധം ശ്രദ്ധിക്കുന്നില്ല. ഭംഗിയുംവൃത്തിയുമുള്ള ഭവനങ്ങളിൽ വളരുന്ന കുട്ടികൾ ഭിത്തികൾ വൃത്തികേടാക്കുന്ന സ്വഭാവത്തിൽ

നിന്നു വിമുക്തരാണെന്നു കാണുന്നതിനാൽ, അദ്ധ്യാപകരുടെ ആലങ്കാരികബോധം വിദ്യാലയങ്ങളേയും ഈ ദോഷത്തിൽനിന്നു രക്ഷിക്കുമെന്നു ന്യായമായി അനുമിക്കാം. കേട്ടുവന്നസാധനങ്ങൾ, കീറിപ്പറിഞ്ഞപടങ്ങൾ, പുസ്തകങ്ങൾമുതലായവയെ ഉടനുടൻ ശരിയാക്കി സൂക്ഷിക്കുന്നകാൎയ്യത്തിൽ അദ്ധ്യാപകർ ഗൗരവമായ ശ്രദ്ധപതിക്കുമെങ്കിൽ, ക്രമക്കേടായിരിക്കുന്നവയേയെല്ലാം ഇണക്കമനുസരിച്ചു ക്രമപ്പെടുത്തുന്ന സ്വഭാവം വിദ്യാൎത്ഥികളിലും അഭിവൃദ്ധിയെ പ്രാപിക്കും. ആധുനികപരിഷ്കാരം ആലങ്കാരികബോധത്തെ അഭിവൃദ്ധിപ്പെടുത്തീട്ടുണ്ടെങ്കിലും ചിലവശങ്ങളെ അതു ഹനിക്കുകയും ചെയ്തിട്ടുണ്ടു്. പാത്രത്തിൽ അധരസ്പൎശത്തോടുകൂടി ജലപാനംചെയ്യാനും, പുസ്തകങ്ങൾ കാൽകൊണ്ടു തൊടുവാനും പൂൎവ്വന്മാർ വിമുഖരായിരുന്നു തുപ്പൽ ഒരു നിഷിദ്ധവസ്തുവായിത്തന്നെ അവർ ഗണിച്ചിരുന്നു. ഇതെല്ലാം അവരുടെ ആലങ്കാരികബോധത്തിന്റെ ലക്ഷണങ്ങളാണു ഇന്നത്തെ പരിഷ്കാരികളാകട്ടെ ഇതൊന്നും അത്ര കാൎയ്യമാക്കുന്നില്ല. അങ്കണങ്ങൾ തുപ്പിനിറയ്ക്കുവാനും, തുപ്പൽ തൊട്ടുപുരട്ടി പുസ്തകങ്ങളിലെ കടലാസുകൾ എളുപ്പത്തിൽ മറിക്കുവാനും അവൎക്കു യാതൊരു മടിയുമില്ല.

വിദ്യാലയോദ്യാനങ്ങൾ ആലങ്കാരികവിദ്യാഭ്യാസത്തിൽ ഗണ്യമായ ഒരു പങ്കുവഹിക്കുന്നുണ്ടു്. ഇതു അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ വിദ്യാൎത്ഥികൾതന്നെ സൃഷ്ടിച്ചു പരിരക്ഷിക്കണം. ഒരു ശരിയായ വിദ്യാലയോദ്യാനം സൗന്ദൎയ്യബോധം, വിജ്ഞാനവിതരണം, ആരോഗ്യസംരക്ഷണം, മാനസോല്ലാസം, ധനശേഖരം ഇവയ്ക്കുള്ള മാൎഗ്ഗങ്ങളെ സുഗമമാക്കുന്നതായിരിക്കും. കിട്ടുന്നചെടികൾ ഒരു തത്വമനുസരിക്കാതെ വരിയായി നടുന്നതുകൊണ്ടുമാത്രം ഒരു നല്ല ഉദ്യാനസൃഷ്ടി സാദ്ധ്യമായില്ല. ചെടികൾ ദലങ്ങളുടേയും, സുമങ്ങളുടേയും വൎണ്ണം, എണ്ണം, ഗന്ധം, വലിപ്പം, ആയുർദൈൎഘ്യം ഇത്യാദ്യുപാധികളെ അടിസ്ഥാനമാക്കി നടുക. അവയുടെ പ്രകൃതിവ്യത്യാസങ്ങളെ താരതമ്യംചെയ്തു സൗന്ദൎയ്യബോധത്തെ വളൎത്താവുന്നതാണു്. മാത്രവുമല്ല, പ്രകൃതിപാഠം, കണക്കു്, ഡ്രായിംഗു്, കിൻറർഗാർഡൻപാഠങ്ങൾ മുതലായവയ്ക്കു ഈമാതിരി തോട്ടങ്ങൾ അത്യധികം പ്രയോജകീഭവിക്കയുംചെയ്യും. ഈവിഷയം കൂടുതൽ വിപുലമാകയാൽ "വിദ്യാലയോദ്യാനങ്ങൾ"എന്നൊരു പ്രത്യേകലേഖനത്തിൽ ഇതിനെ സമഷ്ടിയായി പ്രതിപാദിക്കാമെന്നു വിചാരിക്കുന്നു. എല്ലാവിദ്യാലയങ്ങളോടുംചേൎന്നു ഓരോഗ്രന്ഥശാലയും ആവശ്യമാണു. ബാഹ്യവും ആഭ്യന്തരവുമായ സൗന്ദൎയ്യത്തെ സമുച്ചയിച്ചിരിക്കുന്ന ഗ്രന്ഥങ്ങളാകുന്നു ഇതിൽ ശേഖരിക്കേണ്ടതു്. ഒരുമനുഷ്യന്റെ ആഭ്യന്തരസൗന്ദൎയ്യം അവന്റെ സ്വഭാവനന്മയാണെന്നുപറഞ്ഞാൽ ഗ്രന്ഥത്തിന്റെ ആന്തരസൗന്ദൎയ്യത്തെക്കുറിച്ചു പിന്നെ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഗ്രന്ഥശേഖരമെന്നപോലെ സൂക്ഷിപ്പും, വിനിയോഗവും ആലങ്കാരികബോധത്തിനു അനുരൂപമായിരിക്കട്ടെ.

സൗന്ദൎയ്യത്തിന്റെ കലവറയായ പ്രകൃതിയിൽ അടങ്ങിയിരിക്കുന്ന ചേതോഹരവസ്തുക്കൾ സംഖ്യാതീതങ്ങളാണല്ലോ അവയെ അറിഞ്ഞു വിലമതിക്കാനും, ശേഖരിക്കാനും കുട്ടികളെ പരിചയിപ്പിക്കണം. ഇതിലേക്കാണു് സ്കൂൾമ്യൂസിയം പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്. ഉദ്യാനം, മ്യൂസിയം ഇതെല്ലാം സ്കൂളുകളോടുചേൎത്തുണ്ടാക്കുമ്പോൾ ചെറിയതോതിൽതുടങ്ങി ക്രമേണ വലിപ്പത്തിലേക്കു പോയാൽമതി. അപ്പോൾ എല്ലാം എത്രയും സുസാധമായിത്തീരുകയും ചെയ്യും.

ഏതാദൃശസംരംഭങ്ങൾക്കു നമ്മുടെ അധികംവിദ്യാലയങ്ങൾക്കുമുള്ള അസൌകൎയ്യം ഗണനീയംതന്നെ. എങ്കിലും വിദ്യാലയാധികാരികളുടെ ആനുകൂല്യത്തെ ആവാഹിച്ചുകൊണ്ടു മേല്പറഞ്ഞവിധമുള്ള മഹത്തോദ്യമത്തിനു അദ്ധ്യാപകർ തയാറാകുമെങ്കിൽ ഫലം നിസ്സാരമായിരിക്കയില്ല. സൎവ്വാംഗീണ സൗന്ദൎയ്യധാമമായ പ്രകൃതിമാതാവിന്റെ അങ്കതലത്തിൽ അനുസ്യൂതം വിഹരിക്കുന്നപൈതങ്ങൾ ആ അമ്മയുടെ ലാവണ്യസുധാസ്വാദനത്താൽ കലാലോകകലാപങ്ങളായി വികസിച്ചു കാമ്യമായ നിർവ്വൃതി അനുഭവിക്കുന്നതിനു കഴിവതു ചെയ്യേണ്ടതു എല്ലാവരുടേയും കൎത്തവ്യവുമത്രേ.

---


## പ്രകാശം സ്വൎണ്ണാഭരണങ്ങൾ.




സ്വൎണ്ണത്തിനു പകരമുള്ള

ഒരു യഥാൎത്ഥ സാധനം

സ്വൎണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.

വളകൾ ജോടി ഒന്നിനു രൂപാ 3.

കാററ്ലാഗ് ഇനാം.

ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,

മെററൽജ്വലറിവർക്സ്, 187 ചൈനബസ്സാർറോഡ്,

ജി. ടി. മദ്രാസ്.

---

## കുസുമോത്സവം.

ഗ്രന്ഥകൎത്താ, എസ്സ്. രാമവാൎയ്യർ

ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാൎത്ഥമൂൎത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപ്രവാഹതയും എന്നു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വൎണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രു. 8 ണ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

---

പണ്ഡിററ് ഡി. ഗോപാലാചാൎല്യവിന്റെ

# ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകറേറണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാൎഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വൎദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീൎന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുണ്ടായിരുന്നതുപോലെ ആരൂഢശരീരനും ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീൎക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിൎമ്മാതാക്കൾ

ആയുൎവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

# എസ്കിമോവർഗ്ഗക്കാരുടെ വിനോദജീവിതം.

## അവരുടെ സർവവും വിരുന്നുകാരന്!

വി. എസ്സ്. എസ്സ് കണിയാർ.

കാനഡാദേശത്തിന്റെ വടക്കുഭാഗത്തായി "ഹഡ്സൻകടാ" എന്ന കടൽ നീണ്ടുകിടക്കുന്നു. ഈ കടൽക്കരയിലാണു "ചർച്ചിൽകോട്ട" സ്ഥിതിചെയ്യുന്നതു്. വെള്ളക്കാരുടെ അധിവാസസ്ഥാനത്തിന്റെ വടക്കേഅററവും ഈ സ്ഥലമാണെന്നു പറയാം. എസ്കിമോവർഗ്ഗമെന്ന പേരിൽ അറിയപ്പെടുന്ന അപരിഷ്കൃതരുടെ താമസം ഇവിടെനിന്നും വളരെ വടക്കുഭാഗത്തായിട്ടാണത്രെ. എസ്കിമോവർഗ്ഗം നിവസിക്കുന്നതു്, മഞ്ഞു നിറഞ്ഞ നാട്ടിൽ, മഞ്ഞിൻകട്ടകൾകൊണ്ടുണ്ടാക്കപ്പെടുന്ന കെട്ടിടങ്ങൾക്കുള്ളിലാണെന്നു പറയേണ്ടിയിരിക്കുന്നു. 'വേട്ടയാടുക' എന്നൊരു തൊഴിലല്ലാതെ മറെറാന്നും എസ്കിമോക്കാക്കു് വശമില്ലെന്നു പറയുമ്പോൾ അവരെത്രമാത്രം അപരിഷ്കൃതരാണെന്നു് ഊഹിക്കുവാൻ വിഷമമില്ലതന്നെ. എങ്ങിനേയോ ജനിച്ചു, ജീവിച്ചു, മരിക്കുന്ന ഒരു വർഗ്ഗം പ്രകൃതിസന്താനങ്ങളായി എസ്കിമോക്കാരെ കണക്കാക്കുന്നതിൽ തെററു പററാനിടയില്ല. ഇവരുടെ ആയുധങ്ങൾ വെറും ശിലായുധങ്ങളാണു്. എസ്കിമോവർഗ്ഗക്കാരുടെ ചര്യാമര്യാദകൾ തികച്ചും വിനോദപ്രദങ്ങളാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ക്യാനഡാഗവർമ്മെൻറു് ധാരാളം പനിമാൻതോൽ വാങ്ങുന്നതുമൂലം ഇവർ പനിമാനുകളെ കണക്കററു വളർത്തിവരുന്നു. ഗ്രീൻലാണ്ടുദേശത്തിന്റെ ഉത്തരഭാഗങ്ങളിൽ തോലിനുവേണ്ടി ഈ മാനുകളെ വളർത്തിവരുന്നതായി പറയപ്പെടുന്നു. മഞ്ഞുകട്ടകളുടെ മുകളിൽക്കൂടി ഓടുന്ന വണ്ടികളെ ഈ മാനുകളെക്കൊണ്ടാണത്രെ വലിപ്പിച്ചുവരുന്നതു്.

എസ്കിമോകളിൽ വർഗ്ഗങ്ങൾ പലതുണ്ടു്. ഓരോ വർഗ്ഗക്കാരും ഓരോ പകുതികളിൽ വേട്ടയാടേണ്ടതാണെന്നാണു അവരുടെ സാമുദായികനിയമം അനുശാസിക്കുന്നതു്. നായാട്ടിൽ മൃഗങ്ങളെ ലഭിക്കാതെ വരുന്നപക്ഷം ഒരു പകുതിക്കാക്കു മറെറാരു പകുതിയിൽ കടന്നു വേട്ടയാടുവാനവകാശമുണ്ടു്. ഇവർ ഏററവും തണുപ്പുള്ള പ്രദേശങ്ങളിൽ താമസിക്കുന്നതുമൂലം ജീവിതകാലത്തു ഒരിക്കൽപോലും കുളിക്കുന്നതല്ല.

ജൂലൈ, ആഗസ്റ്റ് എന്നി മാസങ്ങളിൽ സൂര്യരശ്മി അധികമായി ഈ പ്രദേശത്തു വ്യാപിക്കുന്നു. തന്മൂലം ഇവർ തങ്ങളുടെ തോൽവസ്ത്രങ്ങൾ ദൂരെക്കളഞ്ഞു് വെറും നഗ്നരായി ജീവിക്കുന്നു. ഒരു പകുതിക്കാർ താമസിക്കുന്ന സ്ഥലത്തുനിന്നു മറെറാരു പകുതിക്കാരുടെ അധിവാസസ്ഥാനദേശത്തേക്കു ബഹുദൂരം യാത്രചെയ്യേണ്ടിവരും. ഈ യാത്രയിൽ ഇവർ മിക്കവാറും "സിൽമീൻ" മാംസമാണു് ഭക്ഷണത്തിനുപയോഗിക്കുക.

എസ്കിമോകുടുംബങ്ങളിൽ പിതാവാണു സർവ്വാധികാരി. പിതാവിന്റെ ആജ്ഞ സുഗ്രീവാജ്ഞയാണെങ്കിലും, അയാൾ ഭാര്യമാരോടും പ്രായപൂർത്തിവന്ന മക്കളോടും ആലോചിച്ചേ ഏതു കാര്യവും പ്രവർത്തിക്കുകയുള്ളൂ. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വിവാഹനിശ്ചയം ചെയ്യുവാനുള്ള അധികാരം തള്ളമാരിലാണു സ്ഥിതിചെയ്യുന്നതു്. കുട്ടികൾ ജനിച്ചാൽ, സ്വന്തം കുടുംബത്തിൽ ഉൾപ്പെടാത്ത ആർക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കുവാൻ ഉടനെ മാതാവു നിശ്ചയംചെയ്തുകഴിയും. പെണ്ണിനു 16-17 വയസ്സായാൽ പ്രതിശ്രുതൻ—വരനായി നിശ്ചയിക്കപ്പെട്ടവൻ—തോലുകൊണ്ടുണ്ടാക്കിയ ഒരുടുപ്പു് വധുവിനു അയച്ചുകൊടുക്കണം. ഈ ഉടുപ്പിൽ ഒരു ചാക്കുസഞ്ചിയും ഉണ്ടായിരിക്കും. ഭാവിയിൽ ജനിക്കുന്ന കുട്ടികളെ ഇട്ടുകൊണ്ടു നടക്കുവാനുപകരിക്കണമെന്നുള്ള അർത്ഥത്തിലാണു ഈ സഞ്ചി ഉടുപ്പിൽ ഘടിപ്പിച്ചിരിക്കുന്നതെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവിക്കേണ്ടതാണു് "ആമവുട്ടു്" എന്നാണത്രെ ഈ സഞ്ചിയുടെ പേരു്. സഞ്ചി പുറത്തു തൂക്കിയിട്ടുകൊണ്ടു നടക്കുന്ന യുവതിയെ കണ്ടാൽ അവൾ ഭർത്തൃമതയാണെന്നു ധരിക്കുന്നതിൽ തെററല്ല. ഒരു തരുണി, ഈ സഞ്ചി ധരിച്ചതിനുശേഷവും വളരെനാൾ ഭർത്താവിനെ കാത്തിരിക്കേണ്ടിവന്നാലും, മറേറതെങ്കിലും കാരണത്താൽ തൽക്കാലം വിവാഹം നടക്കാതെവന്നാലും, ഒരു പുരുഷനെ "സ്പെഷ്യൽഭർത്താ"വായി അവൾക്കു സ്വീകരിക്കാവുന്നതാണു. സുമാർ ഒരുവർഷം മാത്രമേ ഈ താൽക്കാലിക ദാമ്പത്യം നിലനില്ക്കുകയുള്ളൂ. ഇതിനിടയ്ക്കു അവൾക്കൊരു സന്താനം ജനിക്കുന്നപക്ഷം, ആ കുട്ടിയോടുകൂടി ആദ്യഭർത്താവിന്റെ വസതിയിൽചെന്നു താമസിക്കുവാൻ സാമുദായിക നിയമം പ്രതിബന്ധമല്ല.

എസ്കിമോപുരുഷന്മാർ, സ്ത്രീകളിൽ ഭ്രമമുള്ളവരാണെന്നു പുറമേ നടിക്കുവാൻ പാടില്ലെന്നാണു നിശ്ചയംചെയ്തിരിക്കുന്നതു്. അവരുടെ വിവാഹത്തിൽ യാതൊരു ചടങ്ങും നിർവ്വഹിക്കേണ്ടതായിട്ടില്ല. പരസ്പരാനുരാഗബദ്ധരല്ലെങ്കിൽ വിവാഹമോചനം ഉടനടി നടന്നതായി കണക്കാക്കുവാനും വിഷമമില്ല. വിവാഹമോചനകൃത്യം സുകരമാണെങ്കിലും, ദാമ്പത്യബന്ധം ശിഥിലമാവുകയെന്നുള്ളതു്, എസ്കിമോക്കാരെസംബന്ധിച്ചിടത്തോളം അസാധാരണമാണെന്നുകൂടി പറയേണ്ടതായിട്ടുണ്ടു്.

തൊഴിൽസംബന്ധമായി സ്ത്രീകൾ പുരുഷന്മാരെ തികച്ചും അതിശയിക്കുന്നവരാണു്. തോൽ ഊറയ്ക്കിട്ടു ഉടുപ്പുകൾ ഉണ്ടാക്കുന്നതിലും, ചെരുപ്പു തുന്നുന്നതിലും സ്ത്രീകൾക്കുള്ള സ്ഥാനം അപ്രതിദ്വന്ദ്വമത്രെ. കാൽശരായി തുന്നുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ശരായിക്കു യാതൊരുചുളുക്കവും ഉണ്ടായിരിക്കുവാൻ പാടില്ല. ചുളുക്കുള്ള ശരായി ധരിക്കുന്നവന്റെ ആയുസ്സ് അപകടത്തിലാണെന്നാണു അവർ വിശ്വസിക്കുന്നതു്.

ഒരുത്തൻ, തനിക്കു നിശ്ചയിക്കപ്പെട്ട ഭാര്യ തന്നോടൊരുമിച്ചു വന്നു താമസിക്കണമെന്നു ആവശ്യപ്പെട്ടാൽ അവൾ വിസമ്മതിക്കുന്നപക്ഷം, ഒരു വർഷക്കാലത്തേക്കു ഒരു "സ്പെഷ്യൽഭാര്യ"യെ സ്വീകരിച്ചു സുഖമായി താമസിക്കുവാനവനവകാശമുണ്ടു്. ഒരാണ്ടിനുശേഷം സമ്മതമുള്ളപക്ഷം ആദ്യഭാര്യയെത്തന്നെ അവൻ ഏറെറടുത്തുകൊള്ളേണ്ടതാണു്. രണ്ടു ഭാര്യമാരെസ്വീകരിച്ചു സംരക്ഷിക്കുവാൻ സാധിക്കുന്നപക്ഷം, രണ്ടോ അതിലധികമോ വിവാഹം ചെയ്യുവാനും പാരമ്പര്യനിയമം അവർക്കനുവാദംകൊടുക്കുന്നുണ്ടു്. ആണുങ്ങൾ അധികമായിട്ടുള്ള പകുതികളിൽ രണ്ടു പുരുഷന്മാർചേർന്നു—കൂട്ടായി ഒരു സ്ത്രീയെ വിവാഹംചെയ്യുന്ന ഏർപ്പാടു് അവിടെ അസാധാരണസംഭവമല്ല. സ്ത്രീയുടെ ജോലി ഇതുമൂലം ഇരട്ടിയായിത്തീരുന്നു. കൂടാരം നിർമ്മിക്കുക, പുരുഷന്മാക്കു ഉടുപ്പുകളും ചെരുപ്പുകളും തുന്നുക ആദിയായവ സ്ത്രീകളാണു് നിർവ്വഹിക്കേണ്ടതു്. എത്ര സ്ത്രീകളുണ്ടെങ്കിലും അവർ പുരുഷന്മാരൊരുമിച്ചു ഒരേ ഒരു കൂടാരത്തിൽ താമസിച്ചുകൊള്ളണമെന്നു നിർബന്ധമുണ്ടു്. 'കലഹിക്കുക' എന്ന ഏർപ്പാടേ എസ്കിമോജാതിക്കാക്കില്ലെന്നു പറയുന്നതു പച്ചപ്പരമാർത്ഥം മാത്രമാണു്.

വല്ല കാരണത്താലും ഒരു ദീർഘയാത്ര ചെയ്യേണ്ട ആവശ്യം പുരുഷനു നേരിടുന്നുവെങ്കിൽ ഭാര്യ അയാളെ അനുഗമിച്ചുകൊള്ളണം. ഭർത്താവൊരുമിച്ചു യാത്രചെയ്യുവാൻ അവൾ വിസമ്മതിക്കുന്നപക്ഷം — മററു വല്ല ഹേതുക്കളാലും നിവൃത്തിയില്ലാതെവന്നാലും - അവളെ ഒരുസ്നേഹിതന്റെ സംരക്ഷണയിൽ ഏല്പിച്ചിട്ടു മറെറാരു സ്ത്രീയെ വായ്പ - ഇരവൽ - വാങ്ങി തന്നോടൊരുമിച്ചു കൊണ്ടുപോകാവുന്നതാണു്. എന്നാൽ ഇരവൽ വാങ്ങിയ പെണ്ണിനെ യാതൊരു ന്യൂനതയും കൂടാതെ തിരികെകൊണ്ടുചെന്നേല്പിക്കാൻ അയാൾ തികച്ചും ബാദ്ധ്യസ്ഥനാണു്.

മാംസം ധാരാളം കൈവശമുള്ളസന്ദർഭത്തിൽപോലും, മൃഗങ്ങളെ നേരിട്ടുകണ്ടാൽ വേട്ടയാടുകതന്നെവേണം. അവയെ കൊല്ലാതെവിട്ടാൽ അതൊരു പാപകൃത്യമാണെന്നും, ദൈവകോപമുണ്ടാകുമെന്നും ഈ സാധുക്കൾ വിശ്വസിക്കുന്നു. തങ്ങളുടെ ആഹാരത്തിനുവേണ്ടി ദൈവം അയച്ചിരിക്കുന്ന മൃഗങ്ങളെ തിരസ്കരിക്കുന്നതിനോടു തുല്യമായ പാപകൃത്യം മറെറാന്നില്ലപോലും! വേട്ടയാടി മൃഗങ്ങളെ ഹിംസിക്കാത്തപക്ഷം മോക്ഷലോകത്തിലെ കൊട്ടുംകുളിരിൽ ഇവർ കഷ്ടപ്പെടേണ്ടിവരുമത്രെ. എന്നാൽ നരകലോകത്തിൽസദാസമയവും തീ

യെരിഞ്ഞുകൊണ്ടിരിക്കുമെന്നും, തണുപ്പിൽനിന്നും രക്ഷനേടുവാൻ ആ സ്ഥലമാണു് പററിയതെന്നും ഇവർ ആത്മാൎത്ഥമായി വിശ്വസിക്കുന്നു.

നായാട്ടിൽ കൊല്ലപ്പെടുന്ന മൃഗങ്ങളുടെ നാക്കും മജ്ജയും എടുത്തിട്ടു, അവയുടെ രണ്ടുകണ്ണുകളും മഞ്ഞുകട്ടകൊണ്ടു മൂടിയശേഷമേ അവർ ആ സ്ഥലംവിടുകയുള്ളു. മരണമടഞ്ഞ ജന്തുവിന്റെ ആത്മാവു് അതിന്റെ എല്ലും മാംസവും മലനായ്ക്കൾ തിന്നുന്നതു് കാണാതിരിക്കുവാനാണത്രെ ഈ കൗശലപ്രയോഗം.

ഇവരെപ്പോലെ അതിഥിസൽക്കാരകുശലന്മാർ മററു രുവൎഗ്ഗത്തിലുമില്ലെന്നു പറയുന്നതു് അതിശയോക്തിയല്ല. അവരുടെ കൂടാരത്തിൽചെല്ലുന്ന പുരുഷന്മാർ വളരെക്കുതലോടെപെരുമാറേണ്ടിയിരിക്കുന്നു. വിരുന്നുകളിൽ മീനും മാംസവും ഒരുമിച്ചു പാകം ചെയ്യുന്ന ഭക്ഷ്യപദാൎത്ഥങ്ങൾ ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം പാകംചെയ്യുന്നതു അവരുടെ മൎയ്യാദയ്ക്കു തീരെ യോജിച്ചപ്രവൃത്തിയല്ലത്രെ. കടലിലെ ജന്തുക്കളും ഭൂമിയിലെജന്തുക്കളും ജന്മനാ ശത്രുക്കളാണെന്നും മരണശേഷംപോലും അവയെ യോജിപ്പിക്കുന്നതു അന്യായമാണന്നും അവർ കരുതുന്നു. വിരുന്നുസൽക്കാരത്തിൽ എസ്കിമോക്കാർ മികച്ചവരാണന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആതിഥികൾക്കു് ആതിഥേയന്റെ ഭാൎയ്യമാരെക്കൂടി കൊടുക്കാതിരുന്നാൽ അതിഥിസൽക്കാരം പൂൎത്തിയാവുകയില്ലെന്നാണു അവരുടെ അഭിപ്രായം. ആതിഥ്യകാരനു രണ്ടുഭാൎയ്യമാരുണ്ടായിരുന്നാൽ രണ്ടുപേരേയും വിരുന്നുകാരനു കാഴ്ചവയ്ക്കുകതന്നെചെയ്യും. ഉറങ്ങാൻപോകുമ്പോഴും ഉറക്കമുണരുമ്പോഴും പാട്ടുപാടുക എന്നൊരു സമ്പ്രദായം ഇവൎക്കുണ്ടു്. ശിശുസംരക്ഷണത്തിൽ ഇവർ അത്യധികം വിദഗ്ദ്ധരാണു്. കുട്ടികളുടെ പാഠങ്ങൾ അവരുടെ വിനോദങ്ങളിൽതന്നെ കലൎന്നിരിക്കും. പ്രായമായവരുപയോഗിക്കുവാനുള്ള എല്ലാ ഉപകരണങ്ങളും ചെറിയതോതിൽ കുട്ടികൾക്കുമുണ്ടാക്കികൊടുക്കുന്നതുമൂലം അവർ ചെറുപ്പത്തിലെ അക്കാൎയ്യത്തിൽ സാമൎത്ഥ്യം നേടുന്നു. അസഭ്യപദങ്ങൾ എസ്കിമോവൎഗ്ഗക്കാരുടെഭാഷയിലെ ഇല്ല. ജാതിമൎയ്യാദയനുസരിച്ചു ജീവിക്കാത്തവരെ ദൈവം ശിക്ഷിക്കുന്നതാണെന്നുള്ളബോധം ജന്മനാതന്നെ ഇവരുടെ രക്തത്തിൽ കലൎന്നിരിക്കും. അപരിഷ്കൃതരായ എസ്കിമോക്കാരെ പരിഷ്കാരികളാക്കുവാൻ പാശ്ചാത്യൎക്കു സാധിക്കുമോഎന്നുള്ളകാൎയ്യം ഇന്നും വാദവിഷയമായിരിക്കുന്നേയുള്ളു.

---


പൊസ്റ്റോയലോകം.

സർ. ആർതർ കോണൻഡോയിലിന്റെ

**THE LOST WORLD**

എന്ന നോവലിന്റെ അദ്ഭുതമായ പരിഭാഷ പുസ്തകരൂപത്തിൽ തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൨.

ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം.

സൈൻറിഫിക്കു് സ്വൎണ്ണാഭരണങ്ങൾ

—*—

(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവൎമ്മെന്റിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,
Psot Box No. 203. MADRAS

വെൺകുഷ്ഠവും പാണ്ടും.

ഈ ഔഷധം ഏതാനുംദിവസം ഉപയോഗിക്കുന്നതായാൽ വെൺകുഷ്ഠവും പാണ്ടും നിശ്ശേഷം ശമിക്കുന്നു. നൂറുനൂറു ഹാക്കിംമാരും ഡാക്ടർമാരും കവിരാജന്മാരും പരസ്യങ്ങളും വിചാരിച്ചിട്ടും ഭേദമാക്കാൻ സാധിക്കാത്ത ഈ ഭയങ്കരരോഗത്തെ ഈ ഔഷധത്താൽ പൂൎണ്ണമായി മാററുക നിഷ്ഫലമെന്നു തെളിയിച്ചാൽ 500-ക. ഇനാം.

അപേക്ഷ ഇംഗ്ലീഷിൽ

Vidyaraj Akhil Kishore Ram,
No. 222. P. O. Katrisarai
(Gaya).

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

Subscribed Capital :- 15,60,400.
Capital Paid up :- 7,93,589 3 11.
Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M.A.**
**MANAGER ALLEPPEY.**

or to the
**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS**

# ശ്രീരാമവിലാസം ബുക്ക് ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിനു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻ്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരഗ്ലിണി മുഴകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർ പപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |


ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

**ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ**

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ളാക്കനിർമ്മാണശാല ഇതുമാത്രം.**


അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ—കൊല്ലം.

THE MALAYALA RAJYAM
28th JAN. 1935. CHITRAVARIKA. Vol. VII No 21


# ബോംബെ മെഡിക്കൽ ഹാൾ, കൊല്ലം.

### ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

## അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച ആരോഗ്യസുധ എന്ന കാമബാണരസായനം



**രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും** ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മററെല്ലാ രോഗങ്ങളെയും **ശമിപ്പിക്കുന്നതിന്നു്** അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്കു് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടീൽ, അസ്ഥിയുരുക്കം, മേഹപ്പോക്കു്, പഴുപ്പുപോക്കു്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്നു് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്നു് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

**സ്നേഹിതന്മാരേ!**

**മേൽ പറഞ്ഞ** രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളുമൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോടു് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽക്കൂലി പുറമെ.)

## പിത്തകുലാന്തകൻ.

### പിത്തരോഗികൾക്കു് ഒരു വലിയ അനുഗ്രഹം.



**അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പു്, ദേഹം എല്ലായ്പ്പോഴും വിയർക്കുക,** ശരീരത്തിന്നു ചൂടുണ്ടാകുക, **ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക** മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണു്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ **തോന്നുക, എപ്പോഴും** കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളച്ചു് **ബാധിക്കുക, എപ്പോഴും** മയക്കം ഉണ്ടാവുക, ഉറക്കത്തിൽ **ദുഃസ്വപ്നം** കാണുക, **മൂത്രം** മഞ്ഞളിച്ചു പോവുക, **കൈകാൽകഴപ്പു്,** നടക്കാൻ **വൈ**ഷമ്യം **തോന്നുക,** ഭക്ഷണത്തിൽ **അരുചി** തോന്നിക്കുക മുതലായ പിത്തസംബന്ധമായ **മററു** സുഖക്കേടുകൾക്കും **ഈ** ഔഷധം കൈകണ്ട ഫലത്തെ **ചെയ്യുന്നതാണു്.**

30 നേരം **സേവിക്കാനുള്ള** മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ **ആശ്രയി**ച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാളീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിന്നു മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സു്, ശ്വാസംമുട്ടു്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ബോംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.


Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.